സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ

Vol. LXXVI No. 3 March 2026 നോമ്പുകാലം

CALL TO HOLINESS

SEASON - 4

2026 April - May

RETREAT FOR SUNDAY SCHOOL STUDENTS

SPECIALTIES

- Classes on Faith
- Prayer Sessions
- Action Songs
- Personality Development
- Multi Media Presentations

General Coordinator

Very Rev. Fr. Joseph Kaniyodickal

Rev. Fr. George Varghese Njarakunnel 9447395942

Contact Us

Fr. Vincent Moongamakal	9447661326
Fr. Thomas Kalachirayil	9846768212
Fr. Joseph Kadhaliyil	9446580521
Bro. Ozhuthottiyil George	9495261233
Bro. Joseph Mannarath	7510849754

PLEASE NOTE:

Kindly schedule your slots During, Before and After VISWASOLSAVAM.

ആശംസകൾ

മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും
മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും
സ്നേഹനിർഭരമായ പ്രാർഥനാശംസകൾ

31.01.2026

01.02.2026

ഇടയനടുത്ത സന്ദർശനം
ചെമ്പിളാവ് ഇടവക

02.02.2026

വടവാതൂർ
പൊന്തിഫിക്കൽ ഓറിയന്റൽ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ്
സ്റ്റഡീസിൽ പ്ശീത്ത ചെയർ ഉദ്ഘാടന
ച്ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് ആധ്യക്ഷ്യം
വഹിച്ചു പ്രഭാഷണം
നടത്തി

03.02.2026

കാഞ്ഞിരപ്പള്ളി
കത്തീഡ്രലിൽ അഭിവന്ദ്യ
മാർ മാത്യു അറയ്ക്കൽ
പിതാവിന്റെ മെത്രാഭിഷേക
രജതജൂബിലിയാഘോഷത്തിൽ
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് പങ്കെടുത്ത്
അനുഗ്രഹപ്രഭാഷണം
നടത്തി

Feb 04-10 2026

സി. ബി. സി. ഐ
37 –ാം ജനറൽ ബോഡി മീറ്റിംഗ്, ബാംഗ്ലൂർ

സി. ബി. സി. ഐ യുടെ Dialogue and Desk for Ecumenism ചെയർമാൻ ആയി തിരഞ്ഞെടുക്കപ്പെട്ട മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് രൂപതാ കുടുംബത്തിന്റെ

ആശംസകൾ

17.02.2026

പാലാ കോർപ്പറേറ്റ് എജ്യുക്കേഷണൽ എജൻസി അധ്യാപകർക്കും അനധ്യാപകർക്കും സെന്റ് തോമസ് ഹൈസ്കൂളിൽ വച്ചു നൽകിയ യാത്രയയപ്പുസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആശംസകൾ നേർന്നു സംസാരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

14.02.2026

15.02.2026

ഇടയനടുത്ത സന്ദർശനം
കയ്യൂർ ഇടവക

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

'സാന്ത്വനപ്രകാശമേ, നയിച്ചാലും'

സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ

MARCH 2026
Vol. LXXVI No. 3

CONTENTS

ഇടയലേഖനം - 88 147

സർക്കുലർ- 340 153

സർക്കുലർ 158

സർക്കുലർ 164

അറിയിപ്പ് 172

വാർത്തകൾ 184

അഭിവന്ദ്യപിതാവിന്റെ ഡയറി 226

ഇടയലേഖനം - 88

പീഡാനുഭവവാരം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്: നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ഉപവാസത്തിന്റെയും നോമ്പിന്റെയും വ്രതശുദ്ധിയിൽ മിശിഹായുടെ പെസഹാരഹസ്യങ്ങളിലൂടെ നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന ഹശ്ശാ ആഴ്ചയിലേക്ക് (പീഡാനുഭവവാരം) നാം പ്രവേശിക്കുകയാണല്ലോ. ഓശാനഞായറിന്റെ രാജകീയ പ്രദക്ഷിണവും പെസഹാത്തിരുനാളിന്റെ അപ്പം മുറിക്കൽ സ് മരണകളും പീഡാനുഭവ വെള്ളിയുടെ കയ്പുരസവും വലിയ ശനി സമ്മാനിക്കുന്ന പുത്തൻപ്രതീക്ഷകളും ക്യംതാ (ഉയിർപ്പ്) തിരുനാളിന്റെ സമാധാനത്തിലേക്കു നമ്മെ ആനയിക്കുന്നു. രക്ഷ കാരസംഭവങ്ങൾ, അതു പൂർത്തിയായ അതേ സമയത്തുതന്നെ കൊണ്ടാടുക എന്നതായിരുന്നു ആദിമസഭയുടെ പാരമ്പര്യം. ഈ അവസരത്തിൽ സുറിയാനി ആരാധനക്രമം പിന്തുടരുന്ന നമ്മുടെ സഭയുടെ പീഡാനുഭവവാരാചരണത്തിന്റെ സമയക്ര മത്തെ സംബന്ധിച്ച് വേദപുസ്തകത്തിലും സഭയുടെ പൗരാ ണികപാരമ്പര്യത്തിലുമുള്ള ദൈവശാസ്ത്രചിന്തകൾ മനനം ചെയ്യുന്നത് ഉത്തമമാണ്.

1) വേദഗ്രന്ഥാടിസ്ഥാനം

യഹൂദസമയക്രമമനുസരിച്ച് ഒരു ദിവസം ആരംഭിക്കു ന്നത് സന്ധ്യയോടെയാണ്. പുറപ്പാട്, സംഖ്യ എന്നീ പഴയ

നിയമപുസ്തകങ്ങളിൽ പെസഹാ ആചരണം നീസാൻമാസം 14-ാം സന്ധ്യയിൽ നടത്തുവാൻ ദൈവം ആവശ്യപ്പെടുന്ന തായി നാം കാണുന്നുണ്ട് (പുറ 12,6.8.18; സംഖ്യ 9,2.3). ഈ ശോയുടെ കാലത്തും യഹൂദർ പെസഹാ ആചരിച്ചിരുന്നത് വൈകുന്നേരങ്ങളിലായിരുന്നു. യഹൂദ പെസഹായുടെ ഭാഗ മായി നീസാൻമാസം 14-ാം സന്ധ്യയിൽത്തന്നെയാണ് ഈശോ പെസഹാ ആചരിച്ചതും പരിശുദ്ധ കുർബാന സ്ഥാപിച്ചതും, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതും (മത്താ 26,20; മർക്കോ 14,17; യോഹ13,2). അറുക്കപ്പെട്ട കുഞ്ഞാടായി ഈശോ കുരി ശിൽ സ്വയം സമർപ്പിച്ചതും ഒമ്പതാം മണിക്കൂറിൽ അഥവാ ഉച്ചകഴിഞ്ഞു മൂന്നു മണിക്കായിരുന്നു എന്ന് നാലു സുവി ശേഷങ്ങളും സാക്ഷ്യപ്പെടുത്തുന്നു (മത്താ 27,45-50; മർക്കോ 15,33-37; ലൂക്കാ 23,44-46; യോഹ 19,14-18). ഈശോയുടെ ഉയിർ പ്പിന്റെ ആദ്യസാക്ഷിയായ മഗ്ദലനമറിയം ശൂന്യമായ കല്ലറ കണ്ടത് അതിരാവിലെ ഇരുട്ടായിരിക്കുമ്പോഴാണ് (മത്താ 28,1; ലൂക്കാ 24,1; യോഹ 20,1).

ഉയിർപ്പുതിരുക്കർമങ്ങൾ അതിരാവിലെ 3 മണിക്കു നടത്തുന്നത് വിശുദ്ധ ഗ്രന്ഥത്തിലെ ഉയിർപ്പിന്റെ സമയത്തോട് അടുത്തുനിൽക്കാൻവേണ്ടിയാണല്ലോ. ഇതിനോടു ചേർത്തു വായി ക്കേണ്ടതാണ് പാതിരാത്രിയിൽ നമ്മൾ നടത്തുന്ന പിറവിത്തിരു നാൾകർമ്മങ്ങളും. ഈശോയുടെ ജനനവാർത്ത ഇടയൻമാരെ മാലാഖ രാത്രിയിൽ അറിയിക്കുന്ന സംഭവം ഈശോയുടെ ജനനം രാത്രിയിൽ ആയിരുന്നു എന്നതിന്റെ സൂചനയാണ് (ലൂക്കാ 2:8). പീഡാനുഭവവാര തിരുക്കർമ്മങ്ങൾ ചരിത്രത്തിൽ നിറവേറിയ യാഥാർത്ഥ്യങ്ങളുടെ പുനരവതരണം നടത്തി ക്കൊണ്ട് ഏറ്റവും അടുത്ത് മിശിഹായെ അനുകരിക്കാനുള്ള വേളയായതിനാൽ രക്ഷാകരസംഭവങ്ങൾ ചരിത്രത്തിൽനടന്ന അതേസമയത്തുതന്നെ അനുഷ്ഠിക്കാൻ തിരുസഭ എക്കാല വും ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

2) സഭയുടെ വിശുദ്ധ പാരമ്പര്യം

മിശിഹായുടെ പീഡാനുഭവ കുരിശുമരണ ഉത്ഥാന രഹസ്യങ്ങൾ ചരിത്രസംഭവമായി നിറവേറിയ ജറുസലേമിലെ സഭയിൽത്തന്നെയാണ് പീഡാനുഭവവാരാചരണങ്ങളുടെ ആരംഭം കുറിക്കുന്നത്. എല്ലാ സഭകളുടെയും മാതൃസഭയായ ജറുസലേമിൽ ആചരിച്ചിരുന്ന പീഡാനുഭവവാര ആചരണങ്ങളുടെ മാതൃകയിലായിരുന്നു മറ്റ് ആരാധനക്രമപാരമ്പര്യങ്ങളിലേക്കും പീഡാനുഭവവാരാചരണങ്ങൾ കടന്നുവന്നത്. പാശ്ചാത്യവും പൗരസ്ത്യവുമായ എല്ലാ ആരാധനക്രമപാരമ്പര്യങ്ങളും പീഡാനുഭവവാരകർമങ്ങൾ സായാഹ്നപ്രാർഥനകളോടു ചേർത്താണ് നടത്തിയിരുന്നത്. വിശുദ്ധനാട്ടിലേക്ക് നാലാം നൂറ്റാണ്ടിൽ സ്പെയിനിൽനിന്നും തീർഥാടനം നടത്തിയ എജേറിയ എന്ന തീർഥാടക ജറുസലേമിലെ പീഡാനുഭവവാരാചരണങ്ങളെക്കുറിച്ച് വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. പെസഹാവ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും വൈകുന്നേരങ്ങളിൽ വലിയപ്രദക്ഷിണം നടത്തിയിരുന്നതായും കുട്ടികൾ ഉൾപ്പെടെ ധാരാളം ആളുകൾ വന്നിരുന്നതായും പെസഹാവ്യാഴാഴ്ച ജാഗരണപ്രാർഥന നടത്തിയിരുന്നതായും പീഡാനുഭവവെള്ളിയാഴ്ച മുഴുവൻ പള്ളിയിൽ കർമങ്ങൾ ഉണ്ടായിരുന്നതായും എജേറിയ രേഖപ്പെടുത്തിയിട്ടുണ്ട്. ലത്തീൻ, ഗ്രീക്ക്, സുറിയാനി പാരമ്പര്യങ്ങളിലുള്ള എല്ലാ സഭകളും കഷ്ടാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ സായാഹ്നങ്ങളിലാണു നടത്തുന്നത്. പാശ്ചാത്യസഭയിൽ ചിലയിടങ്ങളിൽ ഇടക്കാലത്ത് ഈ പതിവിനു മാറ്റം വന്നിരുന്നുവെങ്കിലും രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം സഭയുടെ പൗരാണികമായ പാരമ്പര്യത്തിലേക്ക് ആ സഭ തിരിച്ചുപോയി. ലത്തീൻസഭ ഇപ്പോൾ വൈകുന്നേരങ്ങളിലാണ് പീഡാനുഭവവാര തിരുക്കർമങ്ങൾ നടത്തുന്നത്. പാശ്ചാത്യസഭയുടെ സ്വാധീനത്താൽ സീറോ മലബാർ സഭയിലും പീഡാനുഭവവാരകർമങ്ങൾ പ്രഭാതത്തിൽ അനുഷ്ഠിക്കുന്ന രീതി അനുവർത്തിച്ചുപോന്നിരുന്നു.

സഭാപിതാക്കന്മാരുടെ ഹോമിലികളിലും വ്യാഖ്യാനങ്ങളിലും വൈകുന്നേരങ്ങളിലെ പീഡാനുഭവവാരപ്രാർത്ഥനകളെക്കുറിച്ചു പറയുന്നുണ്ട്. മിശിഹാക്കാലം 215 ൽ റോമിലെ ഹിപ്പോളിറ്റസ് എഴുതിയ അപ്പസ്തോലികപാരമ്പര്യം (Apostolic Tradition) എന്ന രേഖയിൽ പീഡാനുഭവവെള്ളിയുടെ തിരുക്കർമങ്ങൾ ഒമ്പതാം മണിക്കൂറിൽ നടത്തുന്നതിനെക്കുറിച്ചു പറയുന്നുണ്ട്. സഭാപിതാക്കന്മാരായ ജറുസലേമിലെ സിറിൽ, കേസറിയായിലെ എവുസേബിയൂസ്, അലക്സാൻഡ്രിയായിലെ സിറിൽ, നെസിയാൻസിലെ ഗ്രിഗറി, വി. ജോൺ ക്രിസോസ്തോം, വി. അഗസ്റ്റിൻ തുടങ്ങിയവർ മിശിഹാസംഭവങ്ങൾ ചരിത്രത്തിൽ നിറവേറിയ അതേസമയത്തുതന്നെ - ഒമ്പതാം മണിക്കൂറിൽ - പീഡാനുഭവവാരകർമങ്ങൾ നടത്തുന്നതിനെക്കുറിച്ചു പറയുന്നുണ്ട്. സുറിയാനിസഭാപിതാക്കന്മാരായ മാർ അപ്രേം, സെറൂഗിലെ മാർ യാക്കോബ് എന്നിവർ രചിച്ച ഗീതങ്ങളിലും സന്ധ്യായാമങ്ങളിൽ നടന്നിരുന്ന പീഡാനുഭവവാര തിരുക്കർമങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. പീഡാനുഭവവെള്ളിയാഴ്ച വൈകുന്നേരത്തെ കബറടക്കശുശ്രൂഷയെക്കുറിച്ച് നെസ്സിയാൻസിലെ വി. ഗ്രിഗറി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: ''ദൈവം ശരീരത്തിൽ ഉറങ്ങിക്കിടക്കുകയാണ്. ഇതൊരു പരാജയമല്ല. ഉറങ്ങിക്കിടക്കുന്നത് സിംഹമാണ്.'' അലക്സാൻഡ്രിയിലെ വി. സിറിൽ ഇങ്ങനെ പറയുന്നു: ''യഥാർത്ഥ സാബത്തിന്റെ ആരംഭം കുറിക്കുന്നത് പീഡാനുഭവവെള്ളിയുടെ സായാഹ്നത്തിലാണ്. ആ സായാഹ്നത്തിലെ തിരുക്കർമ്മങ്ങളുടെ ഭാഗമായ വിലാപയാത്ര ഉയിർപ്പുദിനത്തിന്റെ പ്രത്യാശ നിറയ്ക്കുന്നതാണ്''. പെസഹാവ്യാഴാഴ്ചയിലെ ജാഗരണത്തെക്കുറിച്ച് മാർ അപ്രേം ഇപ്രകാരം പറയുന്നു: ''ശ്ലീഹന്മാർക്ക് ഒരു മണിക്കൂർ ഉണർന്നിരിക്കാൻ സാധിച്ചില്ല. എന്നാൽ സഭ രാത്രി മുഴുവൻ ഉണർന്നിരിക്കുന്നു.'' വ്യാഴാഴ്ച വൈകുന്നേരമുള്ള പാദംകഴുകലിനെക്കുറിച്ച് വി. ക്രിസോസ്തോം ഇങ്ങനെ പറയുന്നു: ''വെള്ളം ആത്മാവിനെ കഴുകുന്നില്ല. എന്നാൽ, എളിമ ഹൃദയത്തെ ശുദ്ധമാക്കുന്നു.''

സുറിയാനിസഭയുടെ കഷ്ടാനുഭവ ആഴ്ചയിലെ കർമങ്ങളെല്ലാം സായാഹ്നപ്രാർഥനയുടെ ഭാഗമായി നടത്തുന്നതായാണ് മൂലഗ്രന്ഥങ്ങളിൽ കാണുന്നത്. പീഡാനുഭവവാരകർമങ്ങളിൽ മിശിഹാരഹസ്യങ്ങളുടെ സ്മരണ (Anamnesis) മാത്രമല്ല, ചരിത്രപരമായ പുനരവതരണം (Re-enactment) കൂടി നടക്കുന്നുണ്ട്. അത് ചരിത്രത്തിൽ നടന്ന കാര്യങ്ങളുടെ അനുകരണമാണ്; മിശിഹാനുകരണമാണ്. അത് അതിന്റെ പൂർണതയിൽ കൊണ്ടാടണമെങ്കിൽ ചരിത്രത്തിൽ അവ നിറവേറിയ സമയത്തോടു സാധിക്കുന്നത്ര വിശ്വസ്തത പുലർത്തണം. വളരെ വ്യക്തമായ വിധത്തിൽ വേദഗ്രന്ഥാടിസ്ഥാനമുള്ളതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിൽ എല്ലാ ആരാധനക്രമപാരമ്പര്യങ്ങളിലും നിലനിന്നിരുന്നതുമായ ഒരു കാര്യമാണ് കഷ്ടാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ സായാഹ്നപ്രാർഥനയോട് ചേർത്തു നടത്തുക എന്നത്. അത് പുനരുദ്ധരിക്കുക എന്നത് സഭയുടെ കടമയാണ്. അന്ധകാരത്തെ നീക്കുന്ന പ്രകാശമായ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ സായാഹ്നത്തിൽ അനുഷ്ഠിക്കുന്നത് ദൈവശാസ്ത്രപരമായും അർത്ഥപൂർണമാണ്.

സുറിയാനി ആരാധനാപാരമ്പര്യത്തിലുള്ള ഒരു ശ്ലൈഹികസഭ എന്ന നിലയ്ക്ക് സീറോ മലബാർ സഭയിലും സായാഹ്നനമസ്കാരങ്ങളോടു ചേർന്നുതന്നെയാണ് കഷ്ടാനുഭവ ആഴ്ചയിലെ കർമ്മങ്ങൾ നടത്തേണ്ടത്. എക്കാലത്തും നസ്രാണി സംസ്കാരത്തോടും സുറിയാനി പാരമ്പര്യങ്ങളോടും സഭാനിയമങ്ങളോടും വിശ്വസ്തത പുലർത്തുന്ന രൂപത എന്ന നിലയിൽ നമുക്ക് ഇക്കാര്യത്തിൽ സഭയുടെ പൗരാണികപാരമ്പര്യം പുനഃസ്ഥാപിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വലിയ കടമയുണ്ട്. അതിനാൽ ഈ വർഷം മുതൽ നമ്മുടെ രൂപതയിൽ പീഡാനുഭവവാര തിരുക്കർമ്മങ്ങൾ സായാഹ്നങ്ങളിൽ ആയിരിക്കും – പ്രത്യേകിച്ച് പെസഹാവ്യാഴം, പീഡാനുഭവ വെള്ളി എന്നിവയുടെ തിരുക്കർമ്മങ്ങൾ, ഉച്ചകഴിഞ്ഞു മൂന്നു മണിയോടുകൂടി ആരംഭിക്കാം.

ഓശാനയുടെ കുരുത്തോല സൂക്ഷിച്ചുവയ്ക്കുന്നതും അത് പെസഹാ അപ്പത്തിൽ കുരിശായി പതിപ്പിക്കുന്നതും പോലെയുള്ള ഗാർഹികാചാരങ്ങൾ നഷ്ടപ്പെട്ടു പോകാതെ പുതു തലമുറയ്ക്കു പകർന്നുകൊടുക്കാൻ മുതിർന്നവർ ശ്രദ്ധിക്കുക. നമ്മൾ വീടുകളിൽ ഉണ്ടാക്കുന്ന പെസഹായുടെ അപ്പം പുളിപ്പില്ലാത്ത അപ്പമാണല്ലോ. പെസഹായുടെ അപ്പം മുറിക്കൽ വീടുകളിലാണ് ചെയ്യേണ്ടതെന്നും അപ്പം ഉണ്ടാക്കാൻ പറ്റാത്തവർക്ക് അയൽപക്കക്കാരാണ് ഉണ്ടാക്കി നൽകേണ്ടതെന്നുമുള്ള കാര്യം നമുക്കു മറക്കാതിരിക്കാം. പീഡാനുഭവ വെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവധ്യാനമായി പുത്തൻ പാന വായിക്കുന്ന പതിവു നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. സീറോ മലബാർ സഭ പിന്തുടരുന്ന പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ പീഡാനുഭവവെള്ളിയാഴ്ച കബറടക്കുന്ന സ്ലീവാ, ക്യംതാതിരുനാൾ ദിനത്തിൽ (ഈസ്റ്റർ) ഉയിർപ്പിക്കുന്ന പതിവാണുള്ളത്. അത്തരം പതിവുകൾ നമുക്കു കാത്തുസൂക്ഷിക്കാം.

ഈശോയുടെ തിരുവിലാവിൽ തൊട്ട് അവിടുത്തെ മുറിവുകളുടെ ആഴം അളന്ന മാർത്തോമാശ്ലീഹായുടെ വിരൽത്തുമ്പിൽ പിടിച്ചുകൊണ്ട് നമുക്കും കഷ്ടാനുഭവ ആഴ്ചയിലേക്കു പ്രവേശിക്കാം. നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്ത ക്രൂശിതനായ ഈശോമിശിഹായുടെ തിരുമുറിവുകൾ നമ്മുടെ ഹൃദയത്തിലും പതിപ്പിച്ചുറപ്പിക്കണമേ എന്ന് പരിശുദ്ധഅമ്മയുടെ മാധ്യസ്ഥ്യം തേടി നമുക്കു പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28.02.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

NB: ഈ ഇടയലേഖനം മാർച്ച് 22-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനയർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധകുർബാനമധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ - 340

പാലാ രൂപത
സമുദായശക്തീകരണസമ്മേളനങ്ങൾ

മാർച്ച് 8 മുതൽ 28 വരെ തീയതികളിൽ

ഈശോമിശിഹായിൽ പ്രിയ മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

അത്യധികമായ പ്രതീക്ഷകളോടെ സീറോ മലബാർ സഭ 2026 സമുദായശക്തീകരണവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭ, തനതായ ജീവിതശൈലിയിലൂടെ മതപരമായ (വിശ്വാസപരമായ) തലങ്ങളിലും രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മേഖലകളിലും ശക്തമായ ഒരു സമുദായമായി നിലകൊണ്ടിട്ടുണ്ട്. സഭ എന്ന പദം ക്രൈസ്തവസമൂഹത്തിന്റെ ആത്മീയവും മതപരവും ദൈവശാസ്ത്രപരവുമായ വശങ്ങൾക്ക് ഊന്നൽ നൽകുമ്പോൾ, സമുദായം എന്ന പദം സഭാസമൂഹത്തിന്റെ ഭൗതികതലങ്ങളെ; പ്രത്യേകിച്ച്, നമ്മുടെ അവകാശങ്ങൾ, പ്രാതിനിധ്യം, ജനസംഖ്യാപ്രശ്നങ്ങൾ, രാഷ്ട്രീയ സാമൂഹിക സാമ്പത്തികമേഖലകളിലെ ഇടപെടലുകൾ, ചരിത്രം, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയ കാര്യങ്ങളിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്. സഭയുടെ സാമൂഹിക രാഷ്ട്രീയ സംവേദനമുഖമാണ് സമുദായം. നമ്മൾ നമ്മളെത്തന്നെ ഒരു സമുദായമായി കരുതുമ്പോഴാണ് നമ്മുടെ സമൂഹത്തിന്റെ ആഭ്യന്തരകെട്ടുറപ്പും ഐക്യവും പൊതുസമൂഹത്തിൽ പുലർത്താൻ സാധിക്കുന്നത്. നാം നമ്മെ ഒരു സമുദായമായി സ്വയം കരുതുമ്പോഴാണ് ഈ നാട്ടിലെ ഇതരസമുദായങ്ങളെ ശ്രദ്ധിക്കുന്നതും നമ്മളുമായി താരതമ്യം ചെയ്യുന്നതും നമ്മുടെതന്നെ പോരായ്മകൾ കണ്ടുപിടിച്ച് പരിഹരിക്കാൻ ശ്രമിക്കുന്നതും.

ഒരു ആരാധനാസമൂഹമെന്ന നിലയിൽ നമ്മുടെ സമുദായത്തിന്റെ ഐക്യത്തിനു നിദാനം ദൈവാരാധനയിൽ, പ്രത്യേകമായി വിശുദ്ധ കുർബാനയിലുള്ള ഐക്യമാണ്.

ഈശോമിശിഹായും അപ്പസ്തോലന്മാരും ജീവിച്ച യഹൂദ ആധ്യാത്മികതയുടെ അടിസ്ഥാനങ്ങളിൽ നങ്കൂരമിട്ട് രൂപപ്പെട്ടുവന്ന ക്രൈസ്തവലോകത്തെ ഏറ്റവും പൗരാണികതയും തനിമയും ഉള്ള കൂദാശക്രമം ഉപയോഗിക്കുന്ന പ്രബലമായ ആരാധനാ സമൂഹമാണ് സീറോ മലബാർസഭ. നമ്മുടെ സഭയുടെ ആരാധനക്രമം, ആത്മീയചര്യകൾ, ചരിത്രം, പൂർവികരിലൂടെ കൈമാറിക്കിട്ടിയ പാരമ്പര്യം എന്നിവയെക്കുറിച്ചുള്ള ആഴമേറിയ അറിവും ബോധ്യവും സമുദായശക്തീകരണത്തിന്റെ അടിസ്ഥാനശിലകളാണ്. സീറോ മലബാർസഭ ഒരു തികഞ്ഞ പൗരസ്ത്യസഭയാണെന്നും പുരാതനമായ അതിന്റെ പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് സാർവത്രികസഭയിൽ അതിന്റെ ദൗത്യം നിറവേറ്റേണ്ടതെന്നുമുള്ള ബോധ്യത്തിൽ നാം വളരേണ്ടതുണ്ട് (സിനഡാനന്തര സർക്കുലർ Prot.No.0652/2025). പൗരസ്ത്യസഭകളിലെ അംഗങ്ങൾക്ക് തങ്ങളുടെ സഭാപൈതൃകം എന്തെന്ന് അറിയാനും അതു സംരക്ഷിക്കാനും ജീവിക്കാനും അവകാശവും ചുമതലയുമുണ്ട്. സഭാംഗങ്ങൾ തങ്ങളുടെ ആരാധനക്രമം സംരക്ഷിക്കണമെന്നും അവയിൽനിന്നു വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ, പൗരാണികപാരമ്പര്യത്തിലേക്കു തിരികെവരാൻ പ്രയത്നിക്കണമെന്നും രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (OE6). സമുദായശക്തീകരണവർഷത്തിലും തുടർന്നും ശക്തീകരണത്തിന്റെ എല്ലാ വശങ്ങളും വിലയിരുത്തപ്പെടുകയും പുനരുജ്ജീവിപ്പിക്കപ്പെടുകയും വേണം. ആരാധനക്രമജീവിതവും സഭാപൈതൃകസംരക്ഷണവും ആരാധനയിലുള്ള ഐക്യവും അതിൽ പരമപ്രധാനമാണ് എന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു.

മാതൃരാജ്യത്തിന്റെയും വിശിഷ്യാ, കേരളസംസ്ഥാനത്തിന്റെയും നവോത്ഥാനത്തിലും വിദ്യാഭ്യാസസാംസ്കാരികപുരോഗതിയിലും ആതുരശുശ്രൂഷാരംഗത്തും സാമൂഹികസേവനമേഖലകളിലും ഈടുറ്റ സംഭാവനകൾ നല്കിയ സമുദായമാണ് നമ്മുടേത്. സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹനിർമ്മിതിയിൽ നസ്രാണിസമുദായം നല്കിയിരിക്കുന്ന

സംഭാവനകൾ വിലപ്പെട്ടതാണ്. എന്നാൽ, നമ്മുടെ സമുദായം മുന്നേറിയ പല മേഖലകളിലും ഇന്നു പിന്നാക്കം പോയിരിക്കുന്നു എന്ന സത്യം നാം തിരിച്ചറിയുന്നു. നമ്മുടെ ജനസംഖ്യ കുറയുകയും പൊതുരംഗങ്ങളിൽനിന്ന് നമ്മൾ പിന്തള്ളപ്പെടുകയും വോട്ടുബാങ്ക് രാഷ്ട്രീയത്തിനിരയാവുകയും നമ്മുടെ അവകാശങ്ങൾ പലതും നിഷേധിക്കപ്പെടുകയും ചെയ്യുന്നു. നാട്ടിൽനിന്ന് അന്യരാജ്യങ്ങളിലേക്ക് അഭൂതപൂർവമാംവിധം പറിച്ചുനടപ്പെട്ട് അതിജീവനം കണ്ടെത്തേണ്ട സ്ഥിതിയിൽ നാം എത്തിച്ചേർന്നിരിക്കുന്നു. അതോടൊപ്പം സമുദായബോധം കുറയുകയും സമുദായസ്വത്വം ലഘൂകരിക്കപ്പെടുകയും ചെയ്യുന്നു. ക്രൈസ്തവസമുദായം നേരിടുന്ന നിരവധിയായ വെല്ലുവിളികൾ നിരന്തരം ചർച്ചയാകണം.

ഇന്ത്യയുടെ, വിശിഷ്യാ കേരളത്തിന്റെ അനുദിനം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെ അതിജീവിച്ചു നിലനിൽക്കാൻ സാധിക്കുന്ന ശക്തമായ ഒരു സമുദായമായി നാം മാറേണ്ടതുണ്ട്. സമുദായം വെല്ലുവിളികൾ നേരിടുന്ന പ്രധാനമേഖലകളായ ജനസംഖ്യ, സമ്പത്ത്, കൃഷി, തൊഴിൽ, വിദ്യാഭ്യാസം, ന്യൂനപക്ഷാവകാശങ്ങൾ, രാഷ്ട്രീയം, ഭരണപങ്കാളിത്തം, മാധ്യമപ്രതികരണമേഖല, സാമൂഹികനീതി, സാമൂഹികക്ഷേമം, കുടിയേറ്റം, കുടുംബബന്ധങ്ങൾ, ആരോഗ്യം എന്നിവയിലെ പ്രതിസന്ധികളെക്കുറിച്ച് ബോധവത്കരണം നടത്തി, പ്രായോഗികമായ പരിഹാരമാർഗങ്ങൾ കണ്ടെത്താനുള്ള ആത്മാർത്ഥമായ പരിശ്രമം എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണം. അംഗങ്ങൾക്കിടയിൽ സമുദായ ബോധം വളർത്തുകയും സീറോ മലബാർ സമുദായം എന്ന നിലയിൽ നാം നേരിടുന്ന പ്രതിസന്ധികളെയും വെല്ലുവിളികളെയും കുറിച്ച് അംഗങ്ങളെ ബോധവത്കരിക്കുകയും ഹ്രസ്വകാല – ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് സാധ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയുമാണ് സമുദായശക്തീകരണവർഷം – 2026 ന്റെ ആത്യന്തികലക്ഷ്യം.

സമുദായശക്തീകരണവർഷാചരണത്തിന്റെ വിജയത്തിന് നമ്മുടെ രൂപതയിലെ എല്ലാ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. കത്തോലിക്കാ കോൺഗ്രസ്, മാതൃ-പിതൃവേദികൾ, വിൻസെന്റ് ഡി പോൾ, ഡി.സി.എം.എസ്, എസ്.എം.വൈ.എം., മിഷൻലീഗ്, കെ.സി.എസ്.എൽ., സി.എസ്.എം, ജീസസ്സ് യൂത്ത്, പി.എസ്.ഡബ്ല്യു.എസ്., കെ.എൽ.എം., ഡി.എഫ്.സി, ഇൻഫാം, ലീജിയൻ ഓഫ് മേരി, മദ്യവിരുദ്ധ സമിതി, ഫ്രാൻസിസ്കൻ മൂന്നാംസഭ എന്നീ സംഘടനകളുടെയും കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, സൺഡേസ്കൂൾ അധ്യാപകർ, സ്കൂൾ-കോളജ് അധ്യാപകർ, സർക്കാർ ഉദ്യോഗസ്ഥർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരിവ്യവസായികൾ, പ്രവാസികൾ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന എല്ലാവരുടെയും സജീവപങ്കാളിത്തം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടവകകളും സ്ഥാപനങ്ങളും വിവിധ ഡിപ്പാർട്ടുമെന്റുകളും സംഘടനകളും സമുദായശക്തീകരണത്തിന്റെ കൈപ്പുസ്തകത്തിൽ തന്നിരിക്കുന്ന നിർദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കാൻ പറ്റുന്ന കർമ്മപദ്ധതികളെക്കുറിച്ച് ഗൗരവമായി ചിന്തിച്ച് അവ പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കുമല്ലോ.

2026 മാർച്ചുമാസത്തിൽ നമ്മുടെ രൂപതയിൽ പാലാ കത്തീഡ്രൽ, അരുവിത്തുറ, കടുത്തുരുത്തി, കുറവിലങ്ങാട്, രാമപുരം, തുടങ്ങനാട് എന്നീ 6 കേന്ദ്രങ്ങളിലായി സമുദായശക്തീകരണസമ്മേളനങ്ങൾ നടത്തപ്പെടുകയാണ്. താഴെ നല്കിയിരിക്കുന്ന ക്രമത്തിലാണ് ഓരോ സ്ഥലത്തും വിവിധ ഫൊറോനകളിൽനിന്നും അവയുടെ കീഴിലുള്ള ഇടവകകളിൽ നിന്നും ആളുകൾ എത്തിച്ചേരേണ്ടത്.

മാർച്ച് 8 ഞായർ - അരുവിത്തുറ : അരുവിത്തുറ, പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി

മാർച്ച് 15 ഞായർ - കടുത്തുരുത്തി : കടുത്തുരുത്തി, മുട്ടുചിറ, കോതനല്ലൂർ

മാർച്ച് 20 വെള്ളി – രാമപുരം : രാമപുരം, ഇലഞ്ഞി, കൂത്താട്ടുകുളം

മാർച്ച് 21 ശനി – കുറവിലങ്ങാട് : കുറവിലങ്ങാട്

മാർച്ച് 22 ഞായർ – തുടങ്ങനാട് : കടനാട്, മൂലമറ്റം, തുടങ്ങനാട്

മാർച്ച് 28 ശനി – പാലാ – കത്തീഡ്രൽ : കത്തീഡ്രൽ, ഭരണങ്ങാനം, ചേർപ്പുങ്കൽ, കടപ്ലാമറ്റം, കൊഴുവനാൽ, പ്രവിത്താനം

ആറു കേന്ദ്രങ്ങളിലും ഉച്ചകഴിഞ്ഞ് മൂന്നുമണിക്കു നടക്കുന്ന വി. കുർബാനയെത്തുടർന്ന്, 4 മണിക്ക് പൊതുസമ്മേളനം ആരംഭിച്ച് 5.30 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ നടത്തേണ്ടത്. ഇടവകകളിൽനിന്നും കൈക്കാരന്മാർ, യോഗപ്രതിനിധികൾ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, സംഘടനാഭാരവാഹികൾ, കുടുംബക്കൂട്ടായ്മഭാരവാഹികൾ, സൺഡേസ്കൂൾ അധ്യാപകർ, സ്കൂൾ-കോളജ് അധ്യാപകർ എന്നിവരുടെ സാന്നിധ്യം സമ്മേളനങ്ങളിൽ ഉറപ്പുവരുത്തുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. അതിനാവശ്യമായ യാത്രാസൗകര്യങ്ങൾ പള്ളിയിൽനിന്നു ക്രമീകരിക്കേണ്ടതാണ്. ഓരോ പള്ളിയിൽനിന്നും പങ്കെടുക്കുന്ന ആളുകളുടെ എണ്ണം ഫോറോനാവികാരിയച്ചൻ ശേഖരിച്ച്, സമ്മേളനം നടക്കുന്ന സ്ഥലത്തെ വികാരിയച്ചനെ അറിയിക്കേണ്ടതാണ്.

സമുദായശക്തീകരണസമ്മേളനങ്ങളുടെ വിജയത്തിന് ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. നമ്മുടെ പരിശ്രമങ്ങൾ സമുദായത്തിന്റെ പുതിയൊരു മുന്നേറ്റത്തിനു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 27.02.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ മാർച്ച് 1-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനയർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധകുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടത്.

No.: 4178/K-5/KCBC/OL/DS 16.02.2026

പരിശുദ്ധ പിതാവ് ലിയോ പതിന്നാലാമൻ പാപ്പായുടെ 2026-ലെ നോമ്പുകാലസന്ദേശം

ശ്രവണത്തിന്റെയും ഉപവാസത്തിന്റെയും മാനസാന്തരത്തിന്റെയും സമയമായ നോമ്പുകാലം

പ്രിയ സഹോദരീസഹോദരന്മാരേ,

മാതൃസഹജമായ കരുതലാൽ പ്രചോദിതയായി ദൈവത്തിന്റെ രഹസ്യം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കിത്തീർക്കാനുള്ള ക്ഷണവുമായി സഭ നില്ക്കുന്ന സമയമാണ് നോമ്പുകാലം. അതിന്റെ ലക്ഷ്യം നമ്മുടെ വിശ്വാസത്തിന്റെ നവീകരണവും, നമ്മുടെ ഹൃദയങ്ങൾ ദൈനംദിനജീവിതത്തിന്റെ ഉത്കണ്ഠകളാലും ശ്രദ്ധ വ്യതിചലിക്കലുകളാലും ഗ്രസിക്കപ്പെടാതിരിക്കുകയും ചെയ്യുക എന്നതത്രേ.

മാനസാന്തരത്തിന്റെ ഓരോ വഴിയും ആരംഭിക്കുന്നത് നമ്മുടെ ഹൃദയങ്ങൾ ദൈവവചനത്താൽ സ്പർശിക്കപ്പെടാൻ അനുവദിക്കുകയും ആ വചനത്തെ അനുഭാവമുള്ള ചൈതന്യത്താൽ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണ്. വചനവും അതിന്റെ സ്വീകരണവും അതു വരുത്തിവയ്ക്കുന്ന പരിവർത്തനവും തമ്മിൽ യഥാർഥബന്ധമുണ്ട്. ഇക്കാരണത്താൽ, തപസ്സുകാലതീർത്ഥാടനം കർത്താവിന്റെ സ്വരം ശ്രവിക്കാനും ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത പരിഷ്കരിക്കാനുമുള്ള സ്വീകാര്യമായ അവസരമാണ്; അത് ജറുസലേമിലേക്കുള്ള വഴിയിൽ അവിടുത്തെ അനുഗമനം ചെയ്യുക എന്നതാണ്; അവിടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം പൂർത്തീകരിക്കപ്പെടും.

ശ്രവണം

ശ്രവിക്കുന്നതു വഴിയാണ് നാം വചനത്തിന് ഇടംനല്കുന്നത് എന്നതാണ് ഈ വർഷം ഒന്നാമത്തെ ചിന്തയായി ഞാൻ പങ്കുവയ്ക്കുന്നത്. ഒരാളെ ശ്രവിക്കാനുള്ള സന്നദ്ധത

യാണ് നാം ആരെങ്കിലുമായി ബന്ധത്തിൽ ആയിരിക്കാൻ താത്പര്യപ്പെടുന്നു എന്നതിന്റെ ആദ്യലക്ഷണം.

എരിഞ്ഞടങ്ങാത്ത മുൾപ്പടർപ്പിൽ നിന്നു മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട്, തന്നെ നിർവചിക്കുന്ന ലക്ഷണങ്ങളിൽ ഒന്ന് ശ്രവണമാണെന്നു ദൈവം നമ്മെ പഠിപ്പിക്കുന്നു: ''ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ദുരിതം ഞാൻ കാണുകതന്നെ ചെയ്തിരിക്കുന്നു. അവരുടെ രോദനം ഞാൻ കേട്ടിരിക്കുന്നു'' (പുറ 3:7). അടിച്ചമർത്തപ്പെട്ടവരുടെ രോദനം കേൾക്കുന്നത് വിമോചനത്തിന്റെ കഥയുടെ ആരംഭമാണ്; അങ്ങനെയാണ് കർത്താവ് മോശയെ വിളിക്കുകയും അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ട തന്റെ മക്കൾക്കു രക്ഷയുടെ വഴി തുറന്നുകൊടുക്കാൻ മോശയെ അയയ്ക്കുകയും ചെയ്യുന്നത്.

നമ്മുടെ ദൈവം നമ്മെയും കൂടെനിർത്താൻ താത്പര്യപ്പെടുന്നവനാണ്. ഇന്നും തന്റെ ഹൃദയത്തിലുള്ളത് അവിടുന്ന് നമ്മോടു പങ്കുവയ്ക്കുന്നു. ഇക്കാരണത്താൽ, ആരാധനക്രമത്തിൽ വചനം ശ്രവിക്കുന്നതു വഴിയായി യാഥാർഥ്യത്തിന്റെ സത്യം എന്താണെന്നു ശ്രവിക്കാൻ അതു നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വ്യക്തിജീവിതങ്ങളിലും സമൂഹത്തിലുമുള്ള നിരവധി സ്വരങ്ങളുടെ മധ്യേ വേദന നിറഞ്ഞവരും സഹിക്കുന്നവരുമായുള്ളവരുടെ രോദനം തിരിച്ചറിയാനും അതിനോടു പ്രതികരിക്കാനും വിശുദ്ധലിഖിതം നമ്മെ സഹായിക്കുന്നു. ശ്രവിക്കാനുള്ള ആന്തരികതുറവി പരിപോഷിപ്പിക്കാനായി എപ്രകാരമാണ് ശ്രവിക്കേണ്ടതെന്നു നമ്മെ പഠിപ്പിക്കാൻ ദൈവത്തെ അനുവദിക്കണം, അവിടുന്ന് തന്നെ ശ്രവിക്കുന്നതുപോലെ. ''മാനവചരിത്രത്തിൽ ദരിദ്രരുടെ അവസ്ഥ ഒരു വിലാപം ആണ്. അത് നിരന്തരം നമ്മുടെ ജീവിതങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രീയ, സാമ്പത്തിക സംവിധാനങ്ങളെയും, അങ്ങേയറ്റം സഭയെയും വെല്ലുവിളിക്കുന്നു''(1).

ഉപവാസം

തപസ്സുകാലം ശ്രവണത്തിന്റെ സമയമാണെങ്കിൽ, ദൈവവചനം സ്വീകരിക്കാനായി നമ്മെ ഒരുക്കുന്ന ഒരു മൂർത്തമായ

മാർഗമാണ് ഉപവാസം. ഭക്ഷണം ഉപേക്ഷിക്കുക എന്ന പുരാതന സന്യാസപ്രവർത്തനശൈലി (ancient ascetic practice) മാനസാന്തരത്തിന്റെ പാതയിൽ അവശ്യം വേണ്ട ഒന്നാണ്. ഉപവാസം ശരീരത്തെ സംബന്ധിച്ചുള്ളതാണ്; അതിനാൽ എന്തിനുവേണ്ടിയാണ് നമുക്ക് വിശപ്പും ദാഹവും ഉള്ളതെന്നും, എന്താണ് നമ്മുടെ ജീവൻ നിലനിന്നുപോകാൻ നമുക്ക് ആവശ്യമുള്ളതായി തോന്നുന്നതെന്നും മനസ്സിലാക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു. മാത്രമല്ല, നമ്മുടെ 'ഭക്ഷണേച്ഛകൾ' (appetites) തിരിച്ചറിയാനും അവ ക്രമപ്പെടുത്താനും നമ്മെ സഹായിക്കുന്നു. അതുപോലെ നീതിക്കായുള്ള നമ്മുടെ വിശപ്പും ദാഹവും സജീവമാക്കി നിർത്തുന്നതിനും നമ്മെ അമിതമായ ആത്മവിശ്വാസത്തിൽനിന്ന് (from complacency) മോചിപ്പിക്കുന്നതിനും സഹായകമാകുന്നു. അതു നമ്മെ പ്രാർഥിക്കാനും നമ്മുടെ അയൽക്കാരനോട് ഉത്തരവാദിത്വപൂർവം പെരുമാറാനും പഠിപ്പിക്കുന്നു.

തന്റെ ആത്മീയകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, വിശുദ്ധ ആഗസ്തിനോസ്, ഈ കാലഘട്ടത്തിലെ ഇപ്പോഴത്തെ നിമിഷവും ഭാവിയിലെ സാക്ഷാത്കാരവും തമ്മിലുള്ള സംഘർഷം എന്താണെന്നു മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു; അത് നമ്മുടെ ഹൃദയത്തിന്റെ സൂക്ഷിപ്പിന്റെ ഭാഗമാണ്. അദ്ദേഹം പറയുന്നു: "ഈ ഭൂമിയിലെ ജീവിതത്തിന്റെ കാലഘട്ടത്തിൽ സ്ത്രീപുരുഷന്മാരുടെ ഉത്തരവാദിത്വമാണ് നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുക എന്നത്; എന്നാൽ, അതു ശമിപ്പിക്കപ്പെടുന്നത് അടുത്ത ലോകത്തിലാണ്. മാലാഖമാർ ഈ അപ്പംകൊണ്ട്, ഈ ഭക്ഷണം കൊണ്ട്, സംതൃപ്തരാക്കപ്പെടുന്നു. മറുവശത്ത്, മനുഷ്യരാശിയാകട്ടെ അതിനായി വിശപ്പ് അനുഭവിക്കുന്നു; നാമെല്ലാവരും ആഗ്രഹത്താൽ അതിലേക്കു നയിക്കപ്പെടുന്നു. ആഗ്രഹത്താലുള്ള ഈ എത്തിനില്ക്കൽ ആത്മാവിനെ വിസ്തൃതമാക്കുന്നു (expands); അതിന്റെ പ്രാപ്തി (capacity) വർധമാനമാക്കുകയും ചെയ്യുന്നു"(2). ഈ രീതിയിൽ മനസ്സിലാക്കപ്പെടുമ്പോൾ, ഉപവാസം നമ്മുടെ ആഗ്രഹത്തെ

ശുദ്ധിവരുത്തി അതിനെ കൂടുതൽ സ്വതന്ത്രമാക്കി നിയന്ത്രിക്കാൻ അനുവദിക്കുന്നതോടൊപ്പം അതിനെ വിപുലമാക്കാനും അങ്ങനെ ദൈവത്തിലേക്കു തിരിക്കാനും നന്മചെയ്യാനും പ്രാപ്തമാക്കുന്നു.

എന്നാൽ, സുവിശേഷാത്മകചൈതന്യമനുസരിച്ച് ഉപവാസം അനുഷ്ഠിക്കാനും അത് അഹംഭാവം എന്ന പ്രലോഭനത്തിലേക്കു നയിക്കാതിരിക്കാനും ഇടവരണമെങ്കിൽ അതു വിശ്വാസത്തിലും വിനയത്തിലുമാണു നടത്തേണ്ടത്. കർത്താവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് അടിസ്ഥാനപ്പെടുത്തേണ്ടത്; എന്തെന്നാൽ, ''ദൈവവചനത്താൽ സ്വയം പരിപോഷിതരാകാൻ സാധിക്കാത്തവർക്ക് ശരിയായ രീതിയിൽ ഉപവസിക്കാനാവില്ല'' (3). പ്രസാദവരത്തിന്റെ സഹായത്താൽ പാപത്തിലും തിന്മയിലും നിന്ന് ഒഴിഞ്ഞിരിക്കാനുള്ള നമ്മുടെ ആന്തരികപ്രതിജ്ഞാബദ്ധതയുടെ പ്രത്യക്ഷമായ അടയാളമായി ആചരിക്കുന്ന ഉപവാസം കൂടുതൽ സമചിത്തമായ ഒരു ജീവിതശൈലി നേടിയെടുക്കാനുള്ള ലക്ഷ്യത്തിനു സഹായകമായ സ്വയനിഗ്രഹത്തിന്റെ ഇതരരൂപങ്ങളും ഉൾക്കൊള്ളുന്നതാകണം; കാരണം 'തീവ്രവിരക്തി (austerity) മാത്രമാണ് ക്രൈസ്തവജീവിതം ബലമുള്ളതും ആധികാരികവും ആക്കിത്തീർക്കുന്നത്' (4).

ഈ അർഥത്തിൽ, വളരെ പ്രായോഗികവും സാധാരണരീതിയിൽ കാര്യമായി വില കല്പിക്കപെടാത്തതുമായ ഒരു വർജനമാർഗത്തിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു: നമ്മുടെ അയൽക്കാരനെ അവഹേളിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്ന വാക്കുകളിൽ നിന്ന് ഒഴിഞ്ഞിരിക്കുക. നമുക്ക് നമ്മുടെ ഭാഷ നിരായുധീകരിച്ചുകൊണ്ട് ആരംഭിക്കാം; അതായത്, പരുഷമായ വാക്കുകളും വിവേകരഹിതമായ വിധിപറച്ചിലും പരദൂഷണവും ഒഴിവാക്കാം; സന്നിഹിതരല്ലാത്തവർക്കും സ്വയം പ്രതിരോധിക്കാൻ കഴിയാത്തവർക്കും എതിരായി സംസാരിക്കാതിരിക്കാം. അതിനുപകരം നമ്മുടെ കുടുംബങ്ങളിലും സുഹൃത്തുക്കളുടെ ഇടയിലും ജോലിസ്ഥ

ലത്തും സമൂഹമാധ്യമങ്ങളിലും രാഷ്ട്രീയസംവാദങ്ങളിലും മാധ്യമങ്ങളിലും ക്രൈസ്തവസമൂഹങ്ങളിലും നമുക്കു നമ്മുടെ വാക്കുകൾ അളന്നു നിശ്ചയിച്ച് ഉപയോഗിക്കുകയും ദയയും ബഹുമാനവും പരിശീലിക്കുകയും ചെയ്യാം. ഈ രീതിയിൽ വെറുപ്പിന്റെ വാക്കുകൾക്കു പകരം പ്രത്യാശയുടെയും സമാധാനത്തിന്റെയും വാക്കുകൾ പുലരും.

ഒരുമിച്ച്

അവസാനമായി, നോമ്പുകാലം വചനശ്രവണത്തിന്റെയും ഉപവാസത്തിന്റെയും സാമൂഹികതലത്തിന് ഊന്നൽ നല്കുന്നു. വിവിധങ്ങളായ മാർഗങ്ങളിലൂടെ ബൈബിൾ തന്നെയും ഈ തലത്തിന് അടിവരയിടുന്നു. ഉദാഹരണത്തിന്, നിയമപുസ്തകത്തിന്റെ പൊതുവായ വായനയ്ക്ക് ജനം ഒരുമിച്ചുകൂടിയതിന്റെ വിവരണം നെഹെമിയായുടെ പുസ്തകം നല്കുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ നവീകരണത്തിനായി അവരുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടും ഉപവസിച്ച് ആരാധന നടത്തിക്കൊണ്ടും അവർ തയ്യാറെടുക്കുകയായിരുന്നു (9:1–3 കാണുക).

അതുപോലെ, നമ്മുടെ ഇടവകകൾ, കുടുംബങ്ങൾ, സഭാത്മകഗ്രൂപ്പുകൾ, സന്യസ്തസമൂഹങ്ങൾ എന്നിവ ഒരുമിച്ചുള്ള യാത്രയ്ക്കായി തപസ്സുകാലത്തു ക്ഷണിക്കപ്പെടുന്നു; ഈ കാലയളവിൽ, ദൈവവചനശ്രവണവും, ദരിദ്രരുടെ രോദനവും, ഭൂമിയുടെപോലും രോദനവും, നമ്മുടെ സാമൂഹികജീവിതത്തിന്റെ ഭാഗമായി മാറുന്നു; ഉപവാസം ആത്മാർഥമായ മനസ്താപത്തിന്റെ അടിസ്ഥാനമായും തീരുന്നു. ഈ പശ്ചാത്തലത്തിൽ, മാനസാന്തരം എന്നു പറയുന്നത്, വ്യക്തിയുടെ മനഃസാക്ഷിയെ മാത്രം ബാധിക്കുന്നതല്ല; മറിച്ച്, അത് നമ്മുടെ ബന്ധങ്ങളുടെയും സംഭാഷണത്തിന്റെയും ഗുണമേന്മ നിർണയിക്കുന്നതുമായി ഭവിക്കുന്നു. അതിന്റെ അർഥം യാഥാർഥ്യത്താൽ നാം വെല്ലുവിളിക്കപ്പെടാൻ അനുവദിക്കുകയും, എന്താണ് യഥാർഥമായും നമ്മുടെ ആഗ്രഹങ്ങളെ നയിക്കുന്നതെന്നു തിരിച്ചറിയുകയും ചെയ്യുക എന്നതാണ്; അതു നമ്മുടെ സഭാത്മകസമൂഹങ്ങളെ

യും അതോടൊപ്പം മനുഷ്യരാശിയുടെ നീതിക്കും അനുരഞ്ജനത്തിനുമുള്ള അഭിവാഞ്ഛയെയും ബാധിക്കുന്നതാണ്.

പ്രിയ സുഹൃത്തുക്കളേ, ദൈവത്തോടും നമ്മുടെ ഇടയിലുള്ള ഏറ്റവും എളിയവരോടും കൂടുതൽ ശ്രദ്ധ പുലർത്താൻ നമ്മെ നയിക്കുന്ന നോമ്പുകാലത്തിന്റെ കൃപയ്ക്കായി നമുക്കു പ്രാർഥിക്കാം. നമ്മുടെ ഭാഷയുടെ ഉപയോഗത്തിൽപോലും വ്യത്യാസം വരുത്തുന്ന തലത്തിലുള്ള ഒരു ഉപവാസാനുഷ്ഠാന രീതിക്കായുള്ള ശക്തിക്കായി നമുക്ക് അപേക്ഷിക്കാം; അങ്ങനെ മുറിപ്പെടുത്തുന്ന വാക്കുകൾ കുറഞ്ഞ് മറ്റുള്ളവരുടെ ശബ്ദത്തിന് കൂടുതൽ ഇടംനൽകുന്ന ഭാവം ഉണ്ടാകട്ടെ. സഹനത്തിൽ ആയിരിക്കുന്നവരുടെ രോദനം സ്വാഗതം ചെയ്യുന്ന ഇടങ്ങളാക്കി നമ്മുടെ സമൂഹങ്ങളെ മാറ്റാൻ നമുക്കു ശ്രമിക്കാം; നമ്മുടെ ശ്രവണം മോചനത്തിന്റെ പാതകൾ തുറക്കട്ടെ; അങ്ങനെ സ്നേഹത്തിന്റെ ഒരു നാഗരികത പടുത്തുയർത്തുന്നതിന് സംഭാവന നല്കാൻ നാം സന്നദ്ധരായിരിക്കുകയും ഉത്സുകരാവുകയും ചെയ്യട്ടെ.

നിങ്ങളുടെ നോമ്പുകാലതീർഥാടനത്തെയും നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

2026 ഫെബ്രുവരി അഞ്ചാം തീയതി കന്യകയും രക്തസാക്ഷിയും ആയ വിശുദ്ധ ആഗത്തയുടെ സ്മരണാദിനത്തിൽ വത്തിക്കാനിൽനിന്നു നല്കിയത്.

ലിയോ പതിന്നാലാമൻ പാപ്പാ

[1] Apostolic Exhortation Dilexi Te (4 October 2025), 9.

[2] Augustine The Usefulness of Fasting, 1, 1.

[3] Benedict XVI, Catechesis (9 March 2011).

[4] Paul VI, Catechesis (8 February1978).

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യലയം
പി.ഒ.സി., കൊച്ചി – 682 025

No.: 4177/K-5/KCBC/OL/DS 13.02.2026

മദ്യ-ലഹരിവിരുദ്ധ ഞായർ
2026 മാർച്ച് 8

മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി.

മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, സന്യസ്തരേ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസ ലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധസഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധസമിതി പ്രവർത്തിച്ചുവരുന്നു.

മനുഷ്യജീവിതം ദൈവം നൽകിയ അമൂല്യമായ ദാനമാണ്. ജീവിതത്തെ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. കത്തോലിക്കാ സഭ മനുഷ്യശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായാണ് ദൈവവചനവെളിച്ചത്തിൽ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് മദ്യത്തിന്റെ അമിതമായ ഉപയോഗം ഗുരുതരമായ പാപമാണ് എന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ നാം വായിക്കുന്നത് (CCC 2290). നിങ്ങൾ വീഞ്ഞു കുടിച്ചു ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്; മറിച്ച്, ആത്മാവിൽ പൂരിതരാകുവിൻ (എഫേസോസ് 5:18) എന്ന വി. പൗലോസ് അപ്പസ്തോലന്റെ പ്രബോധനം ഇത്തരുണത്തിൽ ഏറെ അർത്ഥപൂർണ്ണമാണ്.

ഒരു നിർണായകകാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. മദ്യവും ഇതര ലഹരിവസ്തുക്കളും നമ്മുടെ വീടുകളിലേക്കും കുടുംബങ്ങളിലേക്കും യുവജനങ്ങളിലേക്കും കടന്നുകഴിഞ്ഞിരിക്കുന്നു. ലഹരിയെ 'സന്തോഷമായി' ചിത്രീകരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം നശിപ്പിക്കുന്ന പ്രവണതകളെ വിനോദമെന്ന പേരിൽ മഹത്വപ്പെടുത്തുന്ന സംസ്കാരം യുവതലമുറയെ ഇന്നു വഴിതെറ്റിക്കുന്നുണ്ട്. വേദനയിൽനിന്നു രക്ഷപ്പെടാൻ ദൈവത്തിലാശ്രയിക്കുന്നതിനുപകരം മദ്യത്തിലും ഇതര ലഹരിവസ്തുക്കളിലും അഭയം പ്രാപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്.

മദ്യപാനത്തിന്റെയും ഇതര ലഹരിവസ്തുക്കളുടെയും ഉപയോഗത്തിന്റെ തിക്തഫലങ്ങൾ സമൂഹത്തെ വല്ലാതെ ബാധിച്ചുകഴിഞ്ഞു. കുടുംബബന്ധങ്ങൾ മൗനമായി രക്തം വാർക്കുന്നു. അടച്ച വാതിലുകൾക്കുള്ളിൽ അമ്മമാർ തേങ്ങുന്നു. കുട്ടികൾ ഭയന്നുവിറയ്ക്കുന്നു. സ്നേഹക്കൂടായി നിർമ്മിച്ച വീടുകൾ കലഹത്തിന്റെയും പീഡനത്തിന്റെയും കൊലയുടെയും കേന്ദ്രങ്ങളായി മാറുന്നു. സമൂഹം ഇങ്ങനെ കണ്ണടച്ച് മുന്നോട്ടു പോകുമ്പോൾ ലഹരി സമാധാനവും ആരോഗ്യവും ജീവനും കവർന്നുകൊണ്ടിരിക്കുന്നു.

ലഹരി എന്ന മാരകതിന്മ

ലഹരി വെറും സാമൂഹികപ്രശ്നമല്ല; ഒരു ആത്മീയ പ്രതിസന്ധിയാണ്. മദ്യം മനഃസാക്ഷിയെ മയക്കുന്നു. ആത്മബലം തകർക്കുന്നു. മനുഷ്യനെ ദൈവത്തിൽനിന്ന് പതുക്കെ അകറ്റുന്നു. ശത്രു ഒരുനാൾ കൊണ്ട് മനുഷ്യനെ നശിപ്പിക്കുന്നില്ല. 'അല്പം മാത്രം' 'ഒരു തവണ മാത്രം' എന്ന വഞ്ചനയിലൂടെയാണ് നാശം തുടങ്ങുന്നത്. ലഹരിയെന്നത് ശരീരത്തെ മാത്രമല്ല ആത്മാവിനെയും ബാധിക്കുന്ന തിന്മയാണ്. ലഹരി ഇന്ന്, കേവലം ഒരു ശീലമോ, രോഗമോ മാത്രമല്ല; മറിച്ച്,

വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന ഒരു പൈശാചികശക്തിയായി മാറിയിരിക്കുന്നു. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നതുപോലെ, ഇത്തരം ദുഷ്ടശക്തികളെ കീഴ്പ്പെടുത്താനും തുരത്താനും ആത്മീയമായ ആയുധങ്ങളിൽത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോവുകയില്ല' (മർക്കോസ് 9:29) എന്നാണ് സുവിശേഷസാക്ഷ്യം. പ്രവാചകന്മാരെപ്പോലെ സഭാമക്കൾ ഈ തിന്മയ്ക്കെതിരേ ഉണർന്നെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. ഈ തിന്മയ്ക്കു മുമ്പിലെ സഭാമക്കളുടെ മൗനം പാപമാണെന്ന കാര്യം വിസ്മരിക്കരുത്. കുട്ടികളെയും, യുവജനങ്ങളെയും ഈ തിന്മയിൽനിന്നു സംരക്ഷിക്കുവാനും, അവരുടെ നല്ല ഭാവി ഉറപ്പാക്കുവാനും സഭാകൂട്ടായ്മ അവളുടെ സർവസന്നാഹങ്ങളോടെയും പോരാടേണ്ടിയിരിക്കുന്നു. യഥാർത്ഥ സന്തോഷം ലഹരിയിൽ അല്ലെന്നും നീതിയിലും, സമാധാനത്തിലും ആത്മാവിലുള്ള സന്തോഷത്തിലാണെന്ന (റോമാ 14:17) ദൈവവചനബോധ്യം പുതുതലമുറയ്ക്ക് ഫലപ്രദമായി പകർന്നുകൊടുക്കുവാൻ നാം തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

യുവജനങ്ങളോട്

യുവജനങ്ങൾക്ക് ഇതു മടങ്ങിവരവിന്റെ നിമിഷമാകട്ടെ. ലഹരിയോട് 'ഇല്ല' എന്നു പറയുകയും ജീവിതത്തോട് 'അതേ' എന്നു പറയുകയും ചെയ്യുന്ന തലമുറയായി പുതുതലമുറ മാറണം.

പ്രിയ യുവജനങ്ങളേ, അതിനായി നിങ്ങൾ സ്വയം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും വേണം. കുപ്പിക്കുള്ളിലൊതുങ്ങുന്നതല്ല സന്തോഷം. ദൈവം നിങ്ങളെ സൃഷ്ടിച്ചത് ലഹരിക്കായല്ല; മറിച്ച്, ലക്ഷ്യത്തിനും ദൗത്യത്തിനുംവേണ്ടിയാണ്. ലഹരിയുടെ മായാവലയത്തിൽപെടാതെ വിശ്വാസവും

മൂല്യങ്ങളും ബോധ്യങ്ങളും അനുസരിച്ച് മാതൃകാജീവിതം നയിച്ച് മുന്നേറുക. ലഹരിയുടെ ഉപയോഗം ശീലമാകാതെയും, ശീലം അടിമത്തമാകാതെയും സ്വയം സുരക്ഷിതകവചം തീർക്കാനാകണം. ലഹരിയുടെ അടിമത്തം ജീവിതംതന്നെ തകർക്കും. നിങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാവിന്റെ ആലയത്തെ ലഹരിവഴി സാത്താന്റെ ആലയമാക്കി മാറ്റരുത്. നിങ്ങൾ ശക്തരാണ് നിങ്ങൾക്കു ലഹരിയോട് 'ഇല്ല' എന്നു പറയാനുള്ള അധികാരം ദൈവം നല്കിയിട്ടുണ്ട്.

നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്നു നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി 6:19,20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നിങ്ങൾക്കു വഴിവിളക്കാകണം. 'വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്; അവയ്ക്കടിമപ്പെടുന്നവനു വിവേകമില്ല' എന്നാണ് സുഭാഷിതമൊഴി (സുഭാഷിതങ്ങൾ 20:1).

നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് നിങ്ങളുടെ വിശ്വാസമാണോ അല്ലെങ്കിൽ കൂട്ടുകാരുടെ സമ്മർദമാണോ എന്നു നിങ്ങൾതന്നെ ചിന്തിക്കണം. ഇത് ഒരു തലമുറയുടെ തിന്മയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഇന്നു നിങ്ങൾ നിലപാട് എടുക്കുന്നില്ലെങ്കിൽ നാളെ നിങ്ങളുടെ മൗനം നിങ്ങളെയും മറ്റുള്ളവരെയും വീഴ്ത്തും.

ലഹരിയുടെ അടിമകളാകാനല്ല ജീവിതത്തിന്റെ നേതാക്കളാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും (ജോഷ്വാ 24:15) എന്ന് ഇന്നുതന്നെ തീരുമാനിക്കൂ. ജീവിതത്തെ നശിപ്പിക്കുന്ന ഏതു ലഹരിയെയും ഞാൻ തള്ളിക്കളയും എന്നു ധൈര്യപൂർവം നമുക്കു ലോകത്തോടു വിളിച്ചുപറയാൻ കഴിയട്ടെ.

സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കേരളസഭയുടെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സീറോ മലബാർ-ലത്തീൻ-മലങ്കര റീത്തുകളിലെ 32 അതിരൂപതാ-രൂപതകളിലായി നടന്നുവരുന്നുണ്ട്. സഭയും, സംവിധാനങ്ങളും മദ്യം ഉൾപ്പെടെയുള്ള മാരകരാസലഹരികൾക്കെതിരേ ഉണർന്നു പ്രവർത്തിക്കുമ്പോൾ ഇതിനെ നിരോധിക്കാനോ നിയന്ത്രിക്കാനോ തടയാനോ മുതിരാതെ അധികാരപ്പെട്ടവർ നിസ്സംഗത പാലിക്കുകയോ യഥേഷ്ടം വ്യാപിപ്പിക്കുവാൻ ഉത്സുകരാകുകയോ ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്.

ബാറുകളുടെ എണ്ണം 29 മാത്രമായിരിക്കേ 2016 കാലയളവിൽ അധികാരത്തിലെത്തിയ മുന്നണി ആദ്യം പറഞ്ഞിരുന്നത് അധികാരത്തിൽ വന്നാൽ നിലവിലുള്ളതിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നായിരുന്നു. അധികാരത്തിലെത്തിയപ്പോൾ അവരുടെ നയം മദ്യവർജനമായി മാറി. വർജനം ഒരു വ്യക്തി സ്വയം സ്വീകരിക്കേണ്ട തീരുമാനമാണെന്നും നിരോധനമാണ് തിരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ചെയ്യേണ്ടതെന്നുമുള്ള യാഥാർത്ഥ്യം കാറ്റിൽപറത്തിയാണ് മദ്യശാലകൾക്ക് യഥേഷ്ടം അവർ ലൈസൻസ് അനുവദിച്ചത്.

രണ്ടാം ഇടതുസർക്കാർ അധികാരത്തിലെത്തി ഇപ്പോൾ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കേ തിരിഞ്ഞുനോക്കുമ്പോൾ സംസ്ഥാനത്താകെ ആയിരത്തിലധികം ബാറുകൾ, ആയിരത്തിലധികം ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ലെറ്റുകൾ, നാലായിരത്തിലധികം കള്ളുഷാപ്പുകൾ തുടങ്ങി മദ്യശാലകളുടെ പെരുംപ്രളയത്തിലാണ് സംസ്ഥാനം.

മദ്യത്തിന്റെ ലഭ്യതക്കുറവാണ് മാരക രാസലഹരികളുടെ കുത്തൊഴുക്കിനു കാരണമായതെന്നായിരുന്നു ഭരണകർ

ത്താക്കളുടെ പ്രചരണം. ഇതിന്റെ മറപിടിച്ച് മദ്യശാലകൾക്ക് യഥേഷ്ടം ലൈസൻസ് നല്കി ഈ സർക്കാർ ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. എന്നാൽ, മദ്യപിച്ചുകൊണ്ടിരുന്ന വരല്ല മാരക രാസലഹരികളുടെ ഉപയോഗത്തിലേക്കു കടന്നതെന്നതാണ് പച്ചയായ യാഥാർത്ഥ്യം. നമ്മുടെ കുട്ടികളും യുവതലമുറയുമാണ് മാരകരാസലഹരിയെന്ന വിപത്തിന്റെ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

എം.ഡി.എം.എ., ഹൈബ്രിഡ് കഞ്ചാവ് പോലുള്ള മയക്കുമരുന്നുകൾ ഇന്നു സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വ്യാപകമായിരിക്കുകയാണ്. കടുത്ത നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വപ്പെട്ടവരാകട്ടെ, പുതിയ പുതിയ വിഷയങ്ങൾ സൃഷ്ടിച്ച് അപകടകരമായ രീതിയിൽ വളർന്നിരിക്കുന്ന മയക്കുമരുന്നു വ്യാപനത്തിൽനിന്ന് സമൂഹത്തിന്റെ ശ്രദ്ധതിരിക്കുകയാണ്. അനധികൃത മദ്യനിർമ്മാണവും, ലഹരിക്കടത്തും തടയാൻ ഉത്തരവാദിത്വപ്പെട്ട എക്സൈസ്-പൊലീസ്-ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ഫലം പുറപ്പെടുവിക്കുന്നില്ല.

സംസ്ഥാനത്തെ 1400 സ്കൂളുകൾ മയക്കുമരുന്നിന്റെ ഹോട്ട് സ്പോട്ടായി സർക്കാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. കൊച്ചുപെൺകുട്ടികളെപ്പോലും മയക്കുമരുന്നു മാഫിയ വലയിൽ വീഴ്ത്തി, ലഹരിവാഹകരും ഉപയോക്താക്കളും പിന്നീട് വില്പനക്കാരുമാക്കി മാറ്റുകയാണ്. രക്ഷിതാക്കൾ അതീവജാഗ്രത പുലർത്തിയില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാവും. നമ്മുടെ നാട് മാനസികരോഗികളുടെ ഹബ്ബാകാൻ നാം അനുവദിച്ചുകൂടാ. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ വൈകുന്നേരങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ചുകൾക്കായി കുട്ടികളും, ചെറുപ്പക്കാരും എത്തുന്നുണ്ടെന്ന മെഡിക്കൽഷോപ്പുടമകളുടെ ഏറ്റുപറച്ചിൽ വീണ്ടും ഭീതി വർദ്ധിപ്പിക്കുന്നതാണ്.

സഹോദരൻ സഹോദരനെ തല്ലിക്കൊല്ലുന്നതും, മകൻ അമ്മയെ വെട്ടിക്കൊല്ലുന്നതും, അപ്പനെ മകൻ ഓടിച്ചിട്ടു വെട്ടുന്നതും, ആറു മാസം പ്രായമുള്ള കുഞ്ഞിനെ കടലിലെറിയുന്നതും, കാലിൽ പിടിച്ച് നിലത്തടിക്കുന്നതുമൊക്കെ സമീപദിവസങ്ങളിലും മാസങ്ങളിലും നടന്ന, മദ്യത്തിന്റെയും മാരകരാസലഹരികളുടെയും ഭീകരത തുറന്നുകാട്ടുന്ന സംഭവങ്ങളാണ്. മദ്യത്തിനും മയക്കുമരുന്നിനുമെതിരേ ശക്തമായ നിലപാടുകളും നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാരാണിവിടെ ഉണ്ടാകേണ്ടത്. വിഷയങ്ങൾ മൂർദ്ധന്യത്തിൽ എത്തുമ്പോൾ സംസ്ഥാനം കേന്ദ്രത്തെയും, കേന്ദ്രം സംസ്ഥാനത്തെയും പഴിചാരി തലയൂരുന്ന സ്ഥിതി ഇനി ഉണ്ടാവരുത്. ലഹരിക്കെതിരേ ശക്തമായ നിലപാടെടുക്കാൻ ആർജവമുള്ള ഭരണസംവിധാനം സംസ്ഥാനത്തുണ്ടാകണം.

ഉപസംഹാരം

മദ്യ-ലഹരി വിരുദ്ധ ഞായറാചരണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ രൂപതകളിലും വിപുലമായ പരിപാടികളാണ് നടന്നുവരുന്നത്. ഈ ദിനാചരണം മനുഷ്യസമൂഹം ലഹരിക്കെതിരേ ശക്തമായ നിലപാടെടുക്കാനും പോരാടാനും സമൂഹത്തിനു പ്രചോദനമാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുവാനും നമ്മുടെ എല്ലാ സമുദായ-ഭക്തസംഘടനകളും സംയുക്തമായി ഈ വിപത്തിനെതിരേ ഊർജിതമായി രംഗത്തിറങ്ങുവാനും എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു.

കാലം ഇതുവരെ കണ്ടിട്ടില്ലാത്തവിധം ലഹരി എന്ന പൈശാചികതിന്മ നമ്മുടെ സമൂഹത്തിൽ നിരന്തരം ആഴത്തിലുള്ള പ്രഹരം ഏല്പിക്കുമ്പോൾ നമുക്ക് പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം. കാരണം, നമുക്ക് ഒരു രക്ഷകൻ ഉണ്ട് - കർത്താവായ യേശുക്രിസ്തു. അവൻ ഇപ്രകാരം അരുൾ ചെയ്തു. പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ

സ്വതന്ത്രരാണ് (യോഹന്നാൻ 8:36). അതുകൊണ്ട് നമ്മുടെ രക്ഷകനായ യേശുവിന്റെ നാമത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് ഈ തിന്മയുടെ മേലുള്ള വിജയപോരാട്ടം നമുക്കു ശക്തമായി മുന്നോട്ടു കൊണ്ടുപോകാം. എല്ലാവർക്കും മദ്യ-ലഹരി വിരുദ്ധ ഞായർദിനാശംസകൾ.

യേശുവിൽ സ്നേഹപൂർവം,

ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ

(ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

ബിഷപ് മാർ അലക്സ് താരമംഗലം

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ))

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി. കൊച്ചി-682 025

N:B: ഈ സർക്കുലർ 2026 മാർച്ച് 8-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സെമിനാരിവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന

നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവനയായി 2026 ഏപ്രിൽ 2 പെസഹാവ്യാഴാഴ്ച വിശുദ്ധകുർബാനമധ്യേ പിരിവു നടത്തി ലഭിക്കുന്ന തുക 2026 ഏപ്രിൽ 30 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസിൽ ചെക്കായി നൽകേണ്ടതാണ്. GOOD SHEPHERD MINOR SEMINARY എന്ന പേരിലാണ് ചെക്ക് നൽകേണ്ടത്. ചെക്കായി മാത്രമേ പണം സ്വീകരിക്കുകയുള്ളൂ.

വിശുദ്ധ നാടിനുള്ള സംഭാവന

വിശുദ്ധ നാടിന്റെ സംരക്ഷണാർത്ഥം 2026 ഏപ്രിൽ 3 പീഡാനുഭവവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക 2026 ഏപ്രിൽ 30 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

മദ്യവിരുദ്ധഞായർ - സംഭാവന

മദ്യവിരുദ്ധഞായർ ദിനത്തിൽ ലഭിക്കുന്ന സംഭാവന 2026 ഏപ്രിൽ 30 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

ദൈവവിളി ക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ, സന്യാസിനീസന്യാസിമാരേ, വിശ്വാസപരിശീലകരേ,

S.S.L.C. ,+2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ, ഉപരിവിദ്യാഭ്യാസയോഗ്യതയുള്ളവരോ ആയ യുവാക്കന്മാർക്കായി നമ്മുടെ രൂപത മൈനർ സെമിനാരിയിൽ ദൈവവിളിക്യാമ്പ് നടത്തപ്പെടുന്ന വിവരം സ്നേഹപൂർവം അറിയിക്കട്ടെ. 2026 മാർച്ച് 31 ചൊവ്വാഴ്ച രാവിലെ 09.30 ന് ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.

പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികരാകുവാൻ ആഗ്രഹിക്കുന്ന എല്ലാ യുവാക്കന്മാരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.

പൗരോഹിത്യജീവിതത്തിലേക്കു വിളിയുണ്ടെന്നു കരുതുന്നവരെയെല്ലാം ഈ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും, അസ്തേന്തിയച്ചന്മാരും, മാതാപിതാക്കളും, വിശ്വാസപരിശീലകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 22.02.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

അൾത്താരബാലന്മാരുടെ ക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാരുടെ ക്യാമ്പ് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽവച്ചു നടത്തുന്നു. സൗകര്യാർത്ഥം രണ്ടു ബാച്ചുകളായിട്ടാണു ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഇടവകയിൽനിന്നും 7,8,9 ക്ലാസുകളിൽ പഠിക്കുന്ന സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ.

ഒന്നാം ബാച്ച്

2026 ഏപ്രിൽ 13 തിങ്കൾ

രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

ഫൊറോനാകൾ:

അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, മൂലമറ്റം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, കൂട്ടിക്കൽ, കൊഴുവനാൽ, കൂത്താട്ടുകുളം

രണ്ടാം ബാച്ച്

2026 ഏപ്രിൽ 14 ചൊവ്വാഴ്ച

രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

ഫൊറോനാകൾ:

പാലാ കത്തീഡ്രൽ, രാമപുരം, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി, പ്രവിത്താനം, കടനാട്, കടപ്ലാമറ്റം

സ്നേഹപൂർവം,

ഫാ. ജേക്കബ് വടക്കേൽ

റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി

കരൂർ, 28-02-2026

NB: ഒരു ഇടവകയിൽനിന്നു പരമാവധി 5 കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. ക്രമീകരണം സുഗമമാക്കുവാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ. ക്യാമ്പ് ഫീ ഒരു കുട്ടിക്ക് 100 രൂപ കൊടുത്തയയ്ക്കുമല്ലോ.

Mob: 9447661326 (Fr. Vincent Moongamakal)

Mob: 9846768212 (Fr. Thomas Kalachira)

Mob: 9446580521 (Fr. Joseph Kadhaliyil)

അറിയിപ്പ്

പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ എജൻസിയുടെ കീഴിൽ ഉണ്ടാകാവുന്ന ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് താഴെക്കാണുന്ന വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. എൽ.പി.എസ്.റ്റി
2. ഹിന്ദി ടീച്ചർ
3. സ്പെഷ്യൽ ടീച്ചർ (ഡ്രോയിങ്, മ്യൂസിക്)

അപേക്ഷകർ 01-01-2026 ന് 35 വയസ്സിൽ കവിയാൻ പാടില്ല. കെ-ടെറ്റ് ഉൾപ്പെടെ പൂർണയോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷ സർട്ടിഫിക്കറ്റുകളുടെ പകർപ്പുസഹിതം 23-03-2026 തിങ്കളാഴ്ച വൈകിട്ട് 4.00 നു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. അപേക്ഷാഫോമുകൾ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ വെബ്സൈറ്റിൽ (www.ceap.co.in) ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ഫാ. ജോർജ് പുല്ലുകാലായിൽ
കോർപ്പറേറ്റ് മാനേജർ
ബൈ പവർ ഓഫ് അറ്റോർണി

പാലാ
21-02-2026

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

ആണ്ടുതിരട്ട്

1. ആണ്ടുതിരട്ട് രൂപതക്കച്ചേരിയിൽനിന്നു നിർദേശിക്കുന്ന തീയതിക്കുമുമ്പായി പ്രതിനിധി/പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗികപേര് (ഐഡി/ആധാർ)** ആണ് നല്കേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.
3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ് (Statutory).**
4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്ക് Edayan Software വഴി അയച്ചുതരേണ്ടതാണ്. ആണ്ടുതിരട്ടുപരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു.** ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷം തന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. **12 A രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്** ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ **കോപ്പികൾ** രൂപതാകേന്ദ്രത്തിൽ നല്കേണ്ടതാണ്.

5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ ശേഖരിക്കുകയും നിർദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ ത്തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെ വന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനും ബുദ്ധിമുട്ടുണ്ടാകും.
6. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരിഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
7. ആണ്ടുതിരട്ടിനുമുമ്പായി മുന്നാണ്ടത്തെ നിത്യക്കുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.
8. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതുകണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാ റിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.
9. ആണ്ടുതിരട്ടു സംബന്ധിച്ച് **പാലാ രൂപത നിയമാവലിയിൽ (P 359 ff)** നല്കിയിട്ടുള്ള ഇതരനിർദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
10. **ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തു തന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ചു ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.**
11. ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

12. യോഗപ്പുസ്തകത്തിൽ ആണ്ടുതിരട്ട് പൊതുയോഗ/പള്ളി യോഗതീരുമാനം എഴുതണം.
13. Printed Copy എടുക്കുന്നവർ യോഗതീരുമാനംകൂടി ചേർത്ത് Bind ചെയ്യണം.
14. പകർത്തി എഴുതണം. Printed Copy എടുക്കുന്നവർ Decree പകർത്തി എഴുതുവാൻ കൂടുതൽ പേപ്പറുകൾ ചേർത്ത് Bind ചെയ്യണം.
15. ആണ്ടുതിരട്ടുയോഗത്തിൽ മറ്റു പൊതുവായ കാര്യങ്ങൾ യോഗനിശ്ചയം ചെയ്തിട്ടുണ്ടെങ്കിൽ അത് രൂപതാമുദ്രപ്പത്രത്തിൽ എഴുതി കച്ചേരിയിൽ നേരിട്ട് ഏല്പിക്കണം.
16. ആണ്ടുതിരട്ടുയോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം പൂർണമായും എഴുതണം.

ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്

വിവിധയിനത്തിലുള്ള നേർച്ചവരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം (50:50), പലവകവരുമാനം, കാർഷികവരുമാനങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ) എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്ന് നിത്യക്കുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7 ശതമാനം സിംഹാസനഫീസ് *(Cathedraticum)* ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും,

ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ചവരുമാനത്തിൽനിന്നു 20,000 രൂപ കുറച്ച് (ഇരുപതിനായിരം രൂപയെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10 ശതമാനവും ഇതരവരുമാനത്തിൽനിന്ന് 40,000 രൂപ കുറച്ചു ബാക്കി തുകയുടെ 3 ശതമാനവും ചേർന്നുവരുന്ന തുക *Needy Church Fund (NCF)* ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം) (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം AD-CPഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43 ശതമാനം പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund ലേക്കു പൂർണമായും നല്കുന്നു. വിളിച്ചുചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാരഫണ്ടിലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ രൂപതാ ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം, Edayan Software Annual Subscriptionഎന്നിവയുടെ തുകയും ചേർത്താണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

DATE	PARISH & TIMING			
04-05-2026 Monday	Arunapuram (09.00 am)	Kudakkachira (09.15 am)	Lalam Old (09.30 am)	Moonnani (9.45 am)
	Kizhathadiyoor (10.00 am)	Palakad (10.30 am)	Valavoor (10.45 am)	Lalam New (11.00 am)
	Poovarany (11.15 am)	Meenachil (11.30 am)	Nelliyani (11.45 am)	Paingulam (12.00 pm)
05-05-2026 Tuesday	Pala Cathedral (09.00 am)	Vilakkumadom (09.30 am)	Kizhaparayar (09.45 am)	Mallikassery (10.00 am)
	Bharananganam (10.15 am)	Amparanirappel (10.40 am)	Choondacherry (10.55 am)	Edappady (11.10 am)
	Idamattom (11.20 am)	Plassanal (11.30 am)	Poovathodu (11.45 am)	Kuruvinal (12.00 pm)
06-05-2026 Wednesday	Cherpunkal (09.00 am)	Mutholy (09.30 am)	Paduva (09.45 am)	Chempilavu (10.00 am)
	Mevada (10.15 am)	Kuruvinal (10.30 am)	Thodanal (10.45 am)	Mangalaram (11.00 am)
	Elanji (11.15 am)	Josegiri (11.30 am)	Piravom (11.45 am)	Mulakulam (12.00 pm)
07-05-2026 Thursday	Mutholapuram (09.00 am)	Santhipuram (09.15 am)	Marangoly (09.30 am)	Xavierpuram (9.45 am)
	Kadanad (10.00 am)	Anthinad (10.15 am)	Kavumkandam (10.30 am)	Manathoor (11.00 am)
	Pizhaku (Urumpukavu) (11.15 am)	Aimcomb (11.30 am)	Kurumannu (11.45 am)	Geovally (12.00 pm)
08-05-2026 Friday	Kaduthuruthy (09.00 am)	Arunoottimangalam (09.30 am)	Keezhoor (09.45 am)	Mannar (10.00 am)
	Poozhikol (10.15 am)	Thuruthipally (10.30 am)	Eravimangalam (10.45 am)	Alphonsagiri (11.00 am)
	Koottickal (11.15 am)	Cholathadam (11.30 am)	Kavaly (11.45 am)	Malayinchipara (12.00 pm)

11-05-2026 Monday	Parathanam (09.00 am)	Velanilam (09.15 am)	Yenthayar (09.30 am)	Manjamattom (9.45 am)
	Kothanalloor (10.00 am)	Kalathoor (10.30 am)	Mannarappara (10.45 am)	Manvettam (11.00 am)
	Nambiakulam (11.15 am)	Perumthuruthu (11.30 am)	Sleevapuram (11.45 am)	Vedagiri (12.00 pm)
12-05-2026 Tuesday	Kuravilangad (09.00 am)	Kattampak (09.30 am)	Kurichithanam (09.45 am)	Mannackanad (10.00 am)
	Monippally (10.15 am)	Retnagiri (10.30 am)	Vakkad (10.45 am)	Kalikavu (11.00 am)
	Kadaplamattom (11.15 am)	Koodalloor (11.30 am)	Vayala (11.45 am)	Palayam (12.00 pm)
13-05-2026 Wednesday	Muttuchira (09.00 am)	Valachira (09.30 am)	Alphonsapuram (09.45 am)	Marangattupally (10.00 am)
	Malapuram (10.15 am)	Fathimapuram (10.30 am)	Jaigiri (10.45 am)	Kanjirathanam (11.00 am)
	Palakkattumala (11.15 am)	Kudayathoor (11.30 am)	Kulamavu (11.45 am)	Lourdes Mount (12.00 pm)
14-05-2026 Thursday	Poonjar (09.00 am)	Adivaram (09.15 am)	Kaipally (09.30 am)	Kunnonni (9.45 am)
	Maniamkunnu (10.00 am)	Peringulam (10.15 am)	Thakady (10.30 am)	Payyanithottam (11.00 am)
	Pravithanam (11.15 am)	Elamthottam (11.30 am)	Kaveekunnu (11.45 am)	Mundankal (12.00 pm)
15-05-2026 Friday	Kayyor (09.00 am)	Narianganam (09.15 am)	Ullanad (09.30 am)	Vezhanganam (9.45 am)
	Ramapuram (10.00 am)	Anthialam (10.30 am)	Chakkampuzha (10.45 am)	Chittar (11.00 am)
	Ezhacherry (11.15 am)	Karoor (11.30 am)	Kondadu (11.45 am)	Kurinji (12.00 pm)

16-05-2026 Saturday	Teekoy (09.00 am)	Ayampara (09.15 am)	Adukkam (09.30 am)	Mangalagiri (9.45 am)
	Mavady (10.00 am)	Santhigiri (10.15 am)	Vagamon (10.30 am)	Vellikulam (11.00 am)
	Thudanganad (11.15 am)	Gagultha (Mattathippara) (11.30 am)	Jose Mount (Illiary) (11.45 am)	Kakombu (12.00 pm)
18-05-2026 Monday	Nellappara (09.00 am)	Aruvithura (09.15 am)	Piusmount (09.45 am)	Moonnilavu (10.00 am)
	Varianikad (10.15 am)	Chemmalamattam (10.30 am)	Chettuthod (10.45 am)	Chennad (11.00 am)
	Thidanad (11.15 am)	Vakakkad (11.30 am)	Maniamkulam (11.45 am)	Edamaruku (12.00 pm)
19-05-2026 Tuesday	Moolamattom (09.00 am)	Vimalagiri (Chakkikavu) (09.15 am)	Arakulam New (09.30 am)	Neeranthanam (09.45 am)
	Manalumkal (10.00 am)	Kalathookadavu (10.15 am)	Arakulam Old (10.30 am)	Udayagiri (11.00 am)
	Paika (11.15 am)	Kanjiramattom (11.30 am)	Kozhuvanal (11.45 am)	Karimpani (12.00 pm)
20-05-2026 Wednesday	Urulikunnam (09.00 am)	Muttom (Sibigiri) (09.15 am)	Mattakkara (09.30 am)	Moozhoor (9.45 am)
	Poovakulam (10.00 am)	Koothattukulam (10.15 am)	Neeloor (10.30 am)	Periappuram (11.00 am)
	Maryland (11.15 am)	Vadakara (11.30 am)	Pala Town Chapel (11.45 am)	Thirumarady (12.00 pm)
21-05-2026 Thursday	Kochukottaram (09.00 am)	Melukavumattom (09.15 am)	Edadu (09.30 am)	Kakkoor (9.45 am)
	Velliamattom (10.00 am)	Alphonsa Shrine (10.15 am)		

NB: 1. ആണ്ടുതിരട്ട് പാസ്സാക്കിയവർക്ക് നിശ്ചയിച്ചുതന്നിരിക്കുന്ന സമയത്തിനുമുമ്പ് കണക്കുകൾ സമർപ്പിക്കണമെങ്കിൽ 2026 ഏപ്രിൽ 27 മുതൽ മേയ് 2 വരെ സമർപ്പിക്കാവുന്നതാണ്.

2. ചെക്ക് വഴിയോ ബാങ്ക് ട്രാൻസ്ഫർ വഴിയോ മാത്രമേ പണം അടയ്ക്കാൻ സാധിക്കൂ. ചെക്കു വഴി പണം അടയ്ക്കുന്നവർ കുറഞ്ഞത് 5 ചെക്കുകളെങ്കിലും ആണ്ടുതിരട്ടുമായി വരുമ്പോൾ കൈയിൽ കരുതേണ്ടതാണ്.

3. ആണ്ടുതിരട്ട് സമർപ്പിക്കുമ്പോൾ കഴിഞ്ഞ വർഷത്തെ (2024-25) ഇൻകം ടാക്സ് റിട്ടേൺ സമർപ്പിച്ചതിന്റെ കോപ്പിയും ഓഡിറ്റ് ചെയ്ത കണക്കിന്റെ കോപ്പിയും നിർബന്ധമായും നല്കേണ്ടതാണ്.

മാർ സ്ലീവാ മെഡിസിറ്റി, പാലാ

മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടറായി റവ. ഫാ. മാത്യു തെക്കേൽ ചുമതലയേറ്റു

മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ ആയി റവ. ഫാ. മാത്യു തെക്കേൽ ചുമതലയേറ്റു. ബ്രാൻഡിങ് ആൻഡ് ഹെൽത്ത് കെയർ പ്രമോഷൻ ആൻഡ് ഐ.ടി വിഭാഗം അസോസിയേറ്റ് ഡയറക്ടറായി റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, ചാപ്ലയിൻ ആയി റവ. ഫാ. തോമസ് വെട്ടുകാട്ടിൽ എന്നിവരും ചുമതലയേറ്റു.

പത്തു വയസ്സുകാരന്റെ ശ്വാസകോശത്തിൽ കുടുങ്ങിയ പല്ല് മാർ സ്ലീവാ മെഡിസിറ്റിയിൽ പുറത്തെടുത്തു

പല്ല് തേക്കുന്നതിനിടെ പത്തു വയസ്സുകാരൻ, ഇളകിയിരുന്ന പല്ല് അബദ്ധത്തിൽ വിഴുങ്ങി. ശ്വാസകോശത്തിൽ കുടുങ്ങിയിരുന്ന പല്ല് മാർ സ്ലീവാ മെഡിസിറ്റിയിൽ ബ്രോങ്കോസ്കോപ്പി വിദഗ്ധചികിത്സയിലൂടെ പുറത്തെടുത്തു. മുണ്ടക്കയം സ്വദേശിയായ സ്കൂൾവിദ്യാർത്ഥിയുടെ പല്ലാണ് ബ്രഷ് ചെയ്യുമ്പോൾ അടർന്നു പോയത്. പല്ല് വിഴുങ്ങിയിരുന്ന കാര്യം കുട്ടി വീട്ടുകാരോടു പറഞ്ഞിരുന്നു. തുടർന്ന് മറ്റൊരു ആശുപത്രിയിൽ വീട്ടുകാർ കുട്ടിയെ കാണിച്ചിരുന്നു. പ്രാഥമികപരിശോധനയിൽ പല്ല് വയറിനുള്ളിലേക്കു വിഴുങ്ങിപ്പോയെന്നാണ് കരുതിയിരുന്നത്. രണ്ടു ദിവസം കഴിഞ്ഞ് കുട്ടിക്കു ചുമയും പനിയും അനുഭവപ്പെട്ടതിനെത്തുടർന്നു വീണ്ടും പരിശോധന നടത്തി. എക്സ്റേ എടുത്തു നടത്തിയ

പരിശോധനയിൽ പല്ല് ശ്വാസകോശത്തിൽ കുടുങ്ങിയിരിക്കുന്നതായി കണ്ടെത്തുകയായിരുന്നു. തുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ വിദഗ്ധചികിത്സയ്ക്കായി എത്തിച്ചത്. പൾമനറിവിഭാഗം മേധാവി ഡോ. ജെയ്സി തോമസ്, കൺസൾട്ടന്റ് ഡോ. രാജ്കൃഷ്ണൻ എസ്, അസോ. കൺസൾട്ടന്റ് ഡോ. മിഥുൻ ജെ. എന്നിവരുടെ നേതൃത്വത്തിൽ എൻഡോസ്കോപ്പി പരിശോധനയിൽ വലതുശ്വാസകോശക്കുഴലിന്റെ ഉള്ളിലായി പല്ല് ഇരിക്കുന്നതു കണ്ടെത്തി. തുടർന്നാണ് ഫൈബ്രോപ്റ്റിക് ബ്രോങ്കോസ്കോപ്പി നടത്തി പല്ല് പുറത്തെടുത്തത്. അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ജെയിംസ് സിറിയക്കും ചികിത്സയുടെ ഭാഗമായി.അന്യവസ്തുക്കൾ ശ്വാസകോശത്തിൽ ഉൾപ്പെടെ കുടുങ്ങിയാൽ പുറത്തെടുക്കാൻ പൾമണറി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിദഗ്ധ സംഘവും അത്യാധുനികസജ്ജീകരണങ്ങളും മാർ സ്ലീവാ മെഡിസിറ്റിയിൽ 24 മണിക്കൂറും സേവനമുണ്ട്.

ഗുരുതര മസ്തിഷ്ക രക്തസ്രാവം മരണത്തിലേക്കു നയിച്ച 50 കാരന് മാർ സ്ലീവാ മെഡിസിറ്റിയിൽ പുനർജന്മം

മരണത്തെ മുഖാമുഖം കണ്ട പോരാട്ടത്തിനൊടുവിൽ സങ്കീർണ്ണമായ മസ്തിഷ്ക ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയ 50-കാരന് മാർ സ്ലീവാ മെഡിസിറ്റിയിൽ പുനർജന്മം. ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗത്തിന്റെ വിദഗ്ധചികിത്സയാണ് ഇദ്ദേഹത്തിനു പുനർജന്മം നൽകിയത്. രണ്ടു മാസം വീട്ടിൽ വച്ചുണ്ടായ വീഴ്ചയെത്തുടർന്നാണ് പാലാ സ്വദേശിയായ 50കാരന്റെ നില വഷളായത്. കഠിനമായ തലവേദനയും ഛർദ്ദിയും അനുഭവപ്പെട്ടതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ തലച്ചോറിലെ രക്തധമനി പൊട്ടി കഠിനമായ രക്തസ്രാവം (സബ് അരക്നോയിഡ് ഹെമറേജ്) ഉണ്ടായതായി കണ്ടെത്തി. അബോധാവസ്ഥയിൽ അതീവഗുരുതരാവസ്ഥയിലായ നിലയിലാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവേശിപ്പിച്ചത്. ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം മേധാവി ഡോ. സരീഷ് കുമാർ എം.കെ. യുടെ നേതൃത്വത്തിൽ നടത്തിയ സങ്കീർണ്ണമായ ശസ്ത്രക്രിയകളിലൂടെയാണ് അദ്ദേഹത്തെ ജീവിതത്തിലേക്കു തിരിച്ചെത്തിക്കാൻ സാധിച്ചത്. ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ആർ.രാജീവ്, ക്രിട്ടിക്കൽ കെയർ വിഭാഗം മേധാവി ഡോ. ജോസുകുട്ടി മാത്യു, സീനിയർ കൺസൾട്ടന്റ് ഡോ. അഞ്ജു മേരി ദേവസ്യാ, അസോ. കൺസൾട്ടന്റ് ഡോ. ജാസൺ സഖറിയ, അനേസ്തേഷ്യവിഭാഗം കൺസൾട്ടന്റുമാരായ ഡോ. ശിവാനി ബക്ഷി, ഡോ ബേസിൽ പോൾ മനയിൽ എന്നിവരും ചികിത്സയുടെ ഭാഗമായി. തലച്ചോറിലെ അമിതമായ ദ്രാവകസമ്മർദം

കുറയ്ക്കുന്നതിനായി വി.പി.ഷണ്ട് ശസ്ത്രക്രിയയാണ് ആദ്യം നടത്തിയത്. ഏതാനും ദിവസത്തിനുശേഷം അതീവസങ്കീർണ്ണമായ ക്രനിയോറ്റമി ശസ്ത്രക്രിയയിലൂടെ രക്തധമനിയിലെ വീക്കം അന്യൂറിസം ക്ലിപ്പിങ്ങിലൂടെ സുരക്ഷിതമാക്കി. ശസ്ത്രക്രിയയ്ക്കുശേഷമുള്ള ചികിത്സാ കാലയളവ് വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഐ.സി.യുവിൽ കഴിയവേ കഠിനമായ ന്യൂമോണിയ, ഹൃദയമിടിപ്പ് കുറയുന്ന അവസ്ഥ എന്നിവയും അദ്ദേഹത്തെ ബാധിച്ചു. ഒരു ഘട്ടത്തിൽ ശ്വസനതടസ്സം നേരിട്ടപ്പോൾ ശ്വാസനാളത്തിൽ ദ്വാരമിട്ട് (ട്രക്കിയോസ്റ്റമി) വെന്റിലേറ്റർ സഹായത്തോടെയാണ് ജീവൻ നിലനിർത്തിയത്. ഡോക്ടർമാരുടെയും നഴ്സിങ് ജീവനക്കാരുടെയും കൃത്യമായ പരിചരണത്തിലൂടെ വെന്റിലേറ്റർ സഹായം ഒഴിവാക്കാനും ആരോഗ്യനില സാധാരണനിലയിലാക്കാനും സാധിച്ചു. ഒരു മാസത്തിനുശേഷം ആശുപത്രി വിടുമ്പോൾ പൂർണ്ണസൗഖ്യത്തിന്റെ പാതയിലായിരുന്നു 50കാരൻ. കൈകാലുകൾ ചലിപ്പിക്കാനും സംസാരിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. അതീവഗുരുതരമായ മസ്തിഷ്ക ആഘാതത്തിൽ നിന്നുള്ള തിരിച്ചുവരവ് ചികിത്സയിലെ വലിയ വിജയമായി മാറുകയായിരുന്നു.

പങ്കാളിത്തത്തിൽ ശ്രദ്ധേയമായി വാക്കത്തോൺ – 2026

ലോക കാൻസർദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററും രാമപുരം മാർ ആഗസ്തിനോസ് കോളജും ചേർന്ന് ബോധവൽക്കരണ സന്ദേശവുമായി നടത്തിയ വാക്കത്തോൺ – 2026 വർണാഭമായി മാറി.

പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിനുമുന്നിൽനിന്ന് ആരംഭിച്ച വാക്കത്തോൺ 8 കി.മി ദൂരം പിന്നിട്ട് മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചേർന്നു. എം.ജി.സർവകലാശാല വൈസ് ചാൻസലർ ഡോ.സി.ടി.അരവിന്ദകുമാർ മുഖ്യസന്ദേശം നൽകി വാക്കത്തോൺ – 2026 ഫ്ളാഗ് ഓഫ് ചെയ്തു. ആശുപത്രി മുൻ മാനേജിങ് ഡയറക്ടർ മോൺ. ഡോ.ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. പൊതുജനങ്ങൾക്കായുള്ള കാൻസർ അവബോധ ഹാൻഡ്ബുക്കിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന ചർച്ച് വികാരി റവ.ഫാ.ബർക്കുമാൻസ് കുന്നുംപുറം അനുഗ്രഹസന്ദേശം നൽകി. മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ ഓങ്കോളജി ആൻഡ് ഹെമറ്റോളജി വിഭാഗം മേധാവി ഡോ.റോണി ബെൻസൺ കാൻസർദിനസന്ദേശം നൽകി. രാമപുരം മാർ ആഗസ്തിനോസ് കോളജ് പ്രിൻസിപ്പൽ ഡോ.റെജി വർഗീസ് മേക്കാടൻ, എമർജൻസി വിഭാഗം മേധാവി ഡോ. ശ്രീജിത്ത് ആർ. നായർ എന്നിവർ പ്രസംഗിച്ചു. ആശുപത്രിയിൽ വാക്കത്തോണിന് വരവേല്പു നൽകി.

തുടർന്ന് സമ്മേളനത്തിൽ ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പോളിൻ ബാബു സന്ദേശം നൽകി. സ്ത്രീകൾക്കായുള്ള സൗജന്യ എ.ഐ.മാമ്മോഗ്രാം പ്രോഗ്രാമിന്റെ പ്രഖ്യാപനം മാർ സ്ലീവാ മെഡിസിറ്റി ഓപ്പറേഷൻസ്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് ഡയറക്ടർ റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ നിർവഹിച്ചു. റേഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ.സോൺസ് പോൾ പ്രതിജ്ഞ ചൊല്ലി നൽകി. കോളജ് വൈസ് പ്രിൻസിപ്പൽ റവ.ഫാ.ജോസഫ് ആലഞ്ചേരി നന്ദി അർപ്പിച്ചു.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - പാലാ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾക്കായി സൗജന്യ ബി.എൽ.എസ്. പരിശീലനം നടത്തി. എമർജൻസി ടെക്നീഷ്യൻ അഖിൽ നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - അരുവിത്തുറ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ ഡയറ്റ് സംബന്ധിച്ച് ബോധവൽക്കരണക്ലാസ്സും പരിശോധനയും നടത്തി. ഡയറ്റീഷ്യൻ നിയമോൾ നേതൃത്വം നൽകി.

സൗജന്യ വൈദ്യസഹായം

പാലാ അൽഫോൻസ കോളജിൽ നടന്ന കേരള ജൂണിയർ ബാസ്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - കാഞ്ഞിരപ്പള്ളി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് എച്ച്.എസ്.എസിലെ വിദ്യാർത്ഥികൾക്കായി സൗജന്യ ബി.എൽ.എസ്. പരിശീലനം നൽകി. എമർജൻസി ടെക്നീഷ്യൻ അഖിൽ നേതൃത്വം നൽകി.

സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് - എരുമേലി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബുമായി സഹകരിച്ച് എരുമേലി റോട്ടറി ക്ലബ്ബിൽ വച്ച് സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധന ക്യാമ്പ് നടത്തി.

സൗജന്യ രക്തദാന ക്യാമ്പ് - നീലൂർ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നീലൂർ മീഡിയ, എസ്.എം.വൈ.എ നീലൂർ യൂണിറ്റ് എന്നിവയുമായി സഹകരിച്ച് സൗജന്യ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.

സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധന ക്യാമ്പ് – നരിയങ്ങാനം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നരിയങ്ങാനം പാറയിൽ എക്സ്പോർട്ട്സ് കമ്പനിയിൽ സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധന ക്യാമ്പ് നടത്തി.

സൗജന്യ ആരോഗ്യബോധവൽക്കരണ ക്ലാസ്സ് – കോത്തല

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോത്തല എൻ.എസ്.എസ് ഹൈസ്കൂളിൽ ആഹാരശീലങ്ങളെക്കുറിച്ച് സൗജന്യ ആരോഗ്യബോധവൽക്കരണക്ലാസ്സ് നടത്തി. ഡയറ്റീഷ്യൻ രശ്മി കെ.നായർ ക്ലാസ്സ് നയിച്ചു.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – കുറവിലങ്ങാട്

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് ദേവമാതാ കോളജിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സും ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും നടത്തി. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ്, എമർജൻസി ടെക്നീഷ്യൻ രൂപാവതി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സൗജന്യ ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഫെഡറൽ ബാങ്ക് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ ഉദ്യോഗസ്ഥർക്കായി ലോക കാൻസർദിനത്തോടനുബന്ധിച്ചു സൗജന്യബോധവൽക്കരണക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ജോഫിൻ.കെ.ജോണി ക്ലാസ്സ് നയിച്ചു.

സൗജന്യ ബോധവൽക്കരണക്ലാസ്സ് – വലവൂർ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വലവൂർ ഐ.ഐ.ഐ.ടി.കെയിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ലോക കാൻസർ ദിനത്തോടനുബന്ധിച്ചു സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. റേഡിയേഷൻ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.സോൺസ് പോൾ ക്ലാസ്സ് നയിച്ചു.

സൗജന്യ ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിലെ ഉദ്യോഗസ്ഥർക്കായി ലോക കാൻസർദിനത്തോടനുബന്ധിച്ചു സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ജോഫിൻ.കെ.ജോണി ക്ലാസ്സ് നയിച്ചു.

സൗജന്യ ബോധവൽക്കരണക്ലാസ്സ് - കോട്ടയം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് ഹെഡ് ഓഫീസിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സ് നയിച്ചു.

സൗജന്യ യൂറോളജി മെഡിക്കൽ ക്യാമ്പ് അരുവിത്തുറയിൽ

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ യൂറോളജി മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റി പാലാ യൂറോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ.വിജയ് രാധാകൃഷ്ണൻ നേതൃത്വം നൽകി.

ഡോക്ടേഴ്സ് മീറ്റ് - പാലാ

പാലാ ഐ.എം.എ ഹൗസിൽ നടന്ന സി.എം.ഇയിൽ മാർ സ്ലീവാ മെഡിസിറ്റി ന്യൂക്ലിയർ മെഡിസിൻ വിഭാഗം മേധാവി ബ്രിഗേഡിയർ ഡോ. എം.ജെ.ജേക്കബ്, നെഫ്രോളജി വിഭാഗം മേധാവി ഡോ.മഞ്ജുള രാമചന്ദ്രൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

ഡോക്ടേഴ്സ് മീറ്റ് - കോട്ടയം

കോട്ടയം ഐ.എ.പിയിൽ നടന്ന ഡോക്ടേഴ്സ് മീറ്റിൽ മാർ സ്ലീവാ മെഡിസിറ്റി ന്യൂക്ലിയർ മെഡിസിൻ വിഭാഗം മേധാവി ബ്രിഗേഡിയർ ഡോ.എം.ജെ.ജേക്കബ്, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗം കൺസൾട്ടന്റ് ഡോ.സഫേലിയ നാസർ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

ഡോക്ടേഴ്സ് മീറ്റ് - തൊടുപുഴ

തൊടുപുഴ ഐ.എം.എ. ഹൗസിൽ നടന്ന ഐ.എ.പി മലനാട് ആൻഡ് ഇടുക്കി ഡോക്ടേഴ്സ് മീറ്റിൽ പീഡിയാട്രിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ബാലമുരളി ജി, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗം കൺസൾട്ടന്റ് ഡോ.സഫേലിയ നാസർ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് - കടുത്തുരുത്തി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബുമായി സഹകരിച്ച് കടുത്തുരുത്തി റോട്ടറി ക്ലബ്ബിൽ വച്ച് സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധനക്യാമ്പ് നടത്തി.

സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ക്രിസ്തുരാജ് സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സും സ്തനാർബുദ പരിശോധന മെഡിക്കൽ ക്യാമ്പും നടത്തി. അസോ. കൺസൾട്ടന്റ് ഡോ.ആൻസി മാത്യു നേതൃത്വം നൽകി.

രക്തദാനക്യാമ്പ് സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പ് - കളത്തൂർ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കളത്തൂർ സെന്റ് മേരീസ് ചർച്ചുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. വികാരി ഡോ.സൈറസ് വേലംപറമ്പിൽ അധ്യക്ഷത വഹിച്ചു. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സ് നയിച്ചു.

സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധനക്യാമ്പ് - വൈക്കം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബുമായി സഹകരിച്ച് വൈക്കം റോട്ടറി ക്ലബ്ബിൽ വച്ച് സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധനക്യാമ്പ് നടത്തി.

ഓങ്കോളജി വിഭാഗം ഒ.പി.സേവനം മന്ദിരം ആശുപത്രിയിൽ ആരംഭിച്ചു

മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജിവിഭാഗത്തിന്റെ നേതൃത്വത്തിൽ പുതുപ്പള്ളി മാങ്ങാനം മന്ദിരം ആശുപത്രിയിൽ ഓങ്കോളജി ഒ.പി.സേവനം ആരംഭിച്ചു. എല്ലാ തിങ്കളാഴ്ചയും ഉച്ചകഴിഞ്ഞ് അസോ.കൺസൾട്ടന്റ് ഡോ.ആൻസി മാത്യുവിന്റെ സേവനം ലഭ്യമാക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധനക്യാമ്പും നടത്തി.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - ഐങ്കൊമ്പ്

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഐങ്കൊമ്പ് അംബിക വിദ്യാമന്ദിരം പബ്ലിക് സ്കൂളിൽ വിദ്യാർത്ഥികൾക്കായി സൗജന്യ ബി.എൽ.എസ് പരിശീലനം നൽകി. ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് നേതൃത്വം നൽകി.

സൗജന്യ മെഡിക്കൽ ക്യാമ്പ് - കൊച്ചിടപ്പാടി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൊച്ചിടപ്പാടി സ്നേഹാരം സ്പെഷ്യൽ സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സ് നയിച്ചു.

സൗജന്യ ബോധവൽക്കരണക്ലാസ്സ് - കുറവിലങ്ങാട്

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് ദേവമാതാ കോളജിൽ 'ഭക്ഷണരീതികൾ' എന്ന വിഷയത്തിൽ സൗജന്യബോധവൽക്കരണക്ലാസ്സ് നടത്തി. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സ് നയിച്ചു.

സൗജന്യ പി.എഫ്.റ്റി മെഡിക്കൽ ക്യാമ്പ് - അരുവിത്തുറ

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിന്റെ നേതൃത്വത്തിൽ അരുവിത്തുറ ബാർ അസോസിയേഷനുമായി സഹകരിച്ച് സൗജന്യ പി.എഫ്.റ്റി മെഡിക്കൽ ക്യാമ്പ് നടത്തി. ഫാമിലി ഫിസിഷ്യൻ ഡോ. സംഗീത എസ്, പൾമനറിവിഭാഗത്തിലെ ഡോ. റിതു വക്കച്ചൻ എന്നിവർ നേതൃത്വം നൽകി.

സൗജന്യ മെഡിക്കൽ ക്യാമ്പ് - പാലാ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജ് എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, പൾമനറി വിഭാഗം ഡോക്ടർമാർ നേതൃത്വം നൽകി.

സൗജന്യ ഇ.എൻ.റ്റി പരിശോധന ക്യാമ്പ് - തീക്കോയി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ തീക്കോയി ദീപ്തി ഡി.സി.എം.ആർ സ്പെഷ്യൽ സ്കൂളിൽ വച്ച് സൗജന്യ ഇ.എൻ.റ്റി മെഡിക്കൽ ക്യാമ്പ് നടത്തി.

സൗജന്യ ഓൺലൈൻ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രവാസി അപ്പോസ്തലേറ്റുമായി സഹകരിച്ച് സൗജന്യ ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ആർ.രാജീവ് ക്ലാസ്സിനു നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - ഏറ്റുമാനൂർ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ ഫുഡ് സേഫ്റ്റി ഓഫീസുമായി സഹകരിച്ച് കുടുംബശ്രീ, ആശാ വർക്കർമാർ

ക്കായി ആഹാരശീലങ്ങളെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഡയറ്റീഷ്യൻമാരായ രശ്മി നായർ, നിയമോൾ എന്നിവർ നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - കോട്ടയം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് ജീവനക്കാർക്കായി ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സ് നയിച്ചു.

ജർമ്മനിയിൽനിന്നുള്ള സംഘം മാർ സ്ലീവാ മെഡിസിറ്റി സന്ദർശിച്ചു

ജർമ്മനിയിൽനിന്നുള്ള വിദേശസംഘം മാർ സ്ലീവാ മെഡിസിറ്റിയിൽ സന്ദർശനം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ, ആശുപത്രി ഓപ്പറേഷൻസ്, പ്രൊജക്ട്സ്, ലീഗൽ ആൻഡ് ലെയ്സൺ അസോ.ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ എന്നിവരുടെ നേതൃത്വത്തിൽ സംഘത്തെ സ്വീകരിച്ചു.

ചുമതലയേറ്റു

മാർ സ്ലീവാ മെഡിസിറ്റിയിൽ ലാബ് മെഡിസിൻ ആൻഡ് പതോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായി ഡോ.സാറാ മാത്യു ജോർജ് ചുമതലയേറ്റു.

ചുമതലയേറ്റു

മാർ സ്ലീവാ മെഡിസിറ്റിയിൽ ഡെർമറ്റോളജി വിഭാഗത്തിൽ അസോസിയേറ്റ് കൺസൾട്ടന്റായി ഡോ.എം.ജി.വർഗീസ് ചുമതലയേറ്റു.

ഫാ. മാത്യു തെക്കേൽ

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ

* മാർ അപ്രേം നരികുളം (ഛാന്ദാ ബിഷപ്)
* മാർ ജോർജ് വലിയമറ്റം (മുൻ ആർച്ചുബിഷപ്, തലശ്ശേരി അതിരൂപത)
* ശ്രീ റോഷി അഗസ്റ്റിൻ (ബഹു. ജലസേചനവകുപ്പുമന്ത്രി)

യാതയയപ്പ് നല്കി

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ കഴിഞ്ഞ 10 വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം ചേർപ്പുങ്കൽ Casa

Del Clero Priest Home ലേക്കു സ്ഥലം മാറിപ്പോകുന്ന ബഹു. കണിയാംപടിക്കലച്ചന് തീർത്ഥാടനകേന്ദ്രത്തിൽ സമുചിതമായ യാത്രയയപ്പ് നൽകി. ഫെബ്രുവരി 3-ാം തീയതി സ്പിരിച്ചാലിറ്റി സെന്ററിൽ തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാരൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. അഡ്മിനിസ്ട്രേറ്റർ റവ.ഫാ. മാത്യു കുറ്റിയാനിക്കൽ, വൈസ് റെക്ടർ ഫാ. ആൻറണി തോണക്കര, ശ്രീ മാത്യു ജെ. മുരിക്കൻ എന്നിവർ ആശംസകളർപ്പിച്ചു. ബഹുമാനപ്പെട്ട കണിയാംപടിക്കലച്ചന് ഹൃദയം നിറഞ്ഞ യാത്രാമംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

പുതിയ വൈദികർ ചാർജെടുത്തു

ഫെബ്രുവരിമാസത്തിൽ തീർത്ഥാടനകേന്ദ്രത്തിൽ സ്പിരിച്ചൽ ഡയറക്ടർമാരായി 2 വൈദികർകൂടി ചാർജ് എടുത്തു. ചേന്നാട് ഇടവകവികാരിയായിരുന്ന റവ.ഫാ. തോമസ് മൂലേച്ചാലിലച്ചനും, പാളയം പള്ളി വികാരിയായിരുന്ന റവ.ഫാ. മാത്യു അറയ്ക്കപറമ്പിലുമാണ് പുതുതായി ചാർജെടുത്തവർ. ബഹുമാനപ്പെട്ട അച്ചന്മാർക്ക് തീർത്ഥാടനകേന്ദ്രത്തിലേക്കു ഹൃദ്യമായ സ്വാഗതം.

സെമിനാർ

വിശുദ്ധ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതിന്റെ 40-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് തീർത്ഥാടനകേന്ദ്രത്തിൽ ഫെബ്രുവരി 7 ശനിയാഴ്ച മാത്തർഫിദേലിസ്, വിശ്വാസികളുടെ അമ്മ എന്ന പേരിൽ ഒരു ഏകദിനസെമിനാർ നടത്തി. ശനിയാഴ്ച രാവിലെ 9.30ന് ആരംഭിച്ച സെമിനാർ വടവാതൂർ സെമിനാരി റെക്ടർ റവ. ഫാ. ഡൊമിനിക് വെച്ചൂർ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോഷി മയ്യാറ്റിൽ, (പൊന്തിഫിക്കൽ സെമിനാരി, ആലുവ), റവ. ഡോ. പോളി മണിയാട്ട് (സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ), റവ.ഫാ. ആദർശ് വടക്കേത്ത് (അസീസി ആശ്രമം, ഭരണങ്ങാനം), പ്രൊഫ. സണ്ണി കുര്യാക്കോസ് എന്നിവർ സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മാത്തർഫിദേലിസ് പോപ്പുളി എന്ന വത്തിക്കാൻ രേഖയെ ആസ്പദമാക്കിയുള്ള പഠനപ്രബന്ധം പ്രമുഖ സാമൂഹികപ്രവർത്തകനും ഗ്രന്ഥകാരനുമായ റവ. ഡോ. ജോഷി മയ്യാറ്റിൽ അവതരിപ്പിച്ചു. പരിശുദ്ധമറിയത്തെ സംബന്ധിച്ച് റോമിൽനിന്നു സമീപകാലത്തു പ്രസിദ്ധീകരിച്ച രേഖയാണ് മാത്തർഫിദേലീസ്. ഏറെ ചർച്ച ചെയ്യപ്പെട്ട ഈ പ്രമാണരേഖയുടെ വിശകലനം ഈ സെമിനാറിന്റെ പ്രധാന വിഷയമായിരുന്നു.

റൂബി ജൂബിലി

വിശുദ്ധ ജോൺപോൾ മാർപാപ്പാ അൽഫോൻസാമ്മയെ 1986 ഫെബ്രുവരി എട്ടിന് കോട്ടയത്തുവച്ച് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതിന്റെ റൂബിജൂബിലിയാഘോഷങ്ങൾ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു. ഫെബ്രുവരി 7 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ആഘോഷമായ വി. കുർബാനയും തുടർന്ന് ജപമാലപ്രദക്ഷിണവും നടത്തി. അൽഫോൻസാമ്മ വളർന്ന മുട്ടുചിറയിലെ റൂഹാദ്ക്കുദിശാ ഫൊറോനാ വികാരി വെരി. റവ.ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിലിന്റെ നേതൃത്വത്തിൽ മുട്ടുചിറ ഇടവകാംഗങ്ങൾ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. ജൂബിലി ദിവസമായ ഫെബ്രുവരി 8 ഞായറാഴ്ച രാവിലെ 11.30 ന് പാലാ രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് വി.കുർബാനയർപ്പിച്ച് ജൂബിലിസന്ദേശം നല്കുകയും ചെയ്തു.

ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടി ഫെബ്രുവരി 8 ഞായറാഴ്ച 1 മണിക്ക് വിശുദ്ധ കുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

രാത്രിയാരാധന

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 28 ശനിയാഴ്ച രാത്രിയാരാധന നടത്തി. വൈകിട്ട് 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വി. കുർബാനയോടെ സമാപിച്ചു. റവ.ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ MCBS ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

നോമ്പ് പ്രോഗ്രാം

ഭരണങ്ങാനം വി. അൽഫോൻസതീർത്ഥാടനകേന്ദ്രത്തിൽ 2026 വലിയനോമ്പ് വിശുദ്ധ അൽഫോൻസാമ്മയോടൊപ്പം എന്ന 40 ദിവസ പ്രോഗ്രാം നടത്തുന്നു. ഫെബ്രുവരി 16 വിഭൂതിദിവസം തുടങ്ങിഏപ്രിൽ 4 വലിയശനിയാഴ്ചവരെ ക്രിസ്തുവിന്റെ മരുഭൂമിയിലെ തപസ്സിന്റെ ഓർമ്മ പുതുക്കുന്ന 40 ദിവസ ആചരണമാണ് ഷ്റൈനിൽ നടത്തുന്നത്. തിങ്കൾ മുതൽ വെള്ളിവരെ എല്ലാ ദിവസവും വൈകുന്നേരം 4.30 ന് ആരാധനയും വചനസന്ദേശവും, 5 മണിക്ക് വിശുദ്ധ കുർബാനയും നടത്തിവരുന്നു.

പ്രഗല്ഭരായ വചനപ്രഘോഷകർ ആദിമസഭയുടെ ചൈതന്യത്തിൽ വിശ്വാസപ്രബോധനങ്ങൾ നൽകുന്നതാണ്. അനുതാപിയുടെ കണ്ണു

നീർ നീതിമാന്റെ സംഗീതത്തേക്കാൾ വേഗം ദൈവം സ്വീകരിക്കും എന്ന വിശുദ്ധ അപ്രേമിന്റെ ചിന്തയിൽ ആരംഭിച്ച് സ്വയം വിശുദ്ധീകൃതരാകുവിൻ, അതുവഴി സമൂഹത്തെയും നിങ്ങൾ വിശുദ്ധീകരിക്കും എന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ ദർശനം, ഉപവാസവും കാരുണ്യപ്രവൃത്തികളും തമ്മിലുള്ള ബന്ധം, മനുഷ്യനെ ഏറെ സദൃശനാക്കുന്ന ജീവിതനിയമമാക്കേണ്ട കർത്തൃപ്രാർത്ഥന, ക്രിസ്ത്യാനി ധരിക്കേണ്ട ആയുധങ്ങൾ വിശ്വാസവും പ്രാർത്ഥനയുമാണെന്നും പ്രഘോഷിക്കേണ്ടത് സമാധാനത്തിന്റെ സദ്വാർത്തയാണെന്നും ക്രിസ്തുവിനോടുകൂടി മരിച്ച് ഉയർക്കുന്നതാണ് ജ്ഞാനസ്നാനം എന്നും നോമ്പിൽ സംഭവിക്കേണ്ടത് ആന്തരിക പന്തക്കുസ്താ അനുഭവമാണ്. മുറിച്ചു നൽകുന്ന സ്നേഹമാണ് ദിവ്യകാരുണ്യമെന്നും നാവിന്റെ ഉപവാസവും മൗനവും നോമ്പിൽ പ്രധാനമാണെന്നും നോമ്പ് സ്വന്തം ശരീരത്തെയും മറ്റുള്ളവരുടെ ശരീരത്തെയും മാനിക്കാനുള്ള പരിശീലനമാണെന്നുമുള്ള ഓർമപ്പെടുത്തൽ, പരസ്പരം പാദം കഴുകുന്ന പൗരോഹിത്യധർമ്മം അനുഷ്ഠിക്കേണ്ടവിധം, വചനപഠനത്തിനും ഈശോയോടൊന്നിച്ചു സങ്കീർത്തനാലാപത്തിനും നോമ്പ് ക്ഷണിക്കുന്നു എന്ന ദർശനം, ജീവിതത്തെ കാർമേഘങ്ങൾക്കുള്ളിലാക്കുന്ന മൂലപാപങ്ങൾ ത്യജിക്കുന്നതും അവയ്ക്കു വിപരീതമായ സുകൃതങ്ങൾ പരിശീലിക്കുന്നതും, കുടുംബവിശുദ്ധീകരണം, പരസ്പര അനുരഞ്ജനം, മറിയത്തോടൊപ്പം കുരിശിന്റെ വഴിയിൽ നീങ്ങുന്നത്, കുരിശിൻ ചുവട്ടിലെ സ്ത്രീ സമൂഹമാണ് സമർപ്പിതർ, സഹായിക്കുന്ന ശിമയോനായി സ്വയം വളരുക, ദൈവഹിതം അനുസരിക്കുന്നവരാകുക, തിരുവചനമാകുന്ന ആത്മാവിന്റെ വാൾ ധരിക്കുക, ഈശോയുടെ ഹൃദയത്തോടു ചേർന്നിരിക്കുക, മാലാഖമാർക്കൊപ്പം ജീവിക്കുക, ദാനധർമ്മം ശ്രേഷ്ഠധർമ്മം ആക്കുക, പ്രലോഭകനെയും പ്രലോഭനങ്ങളെയും തോൽപ്പിക്കുക, പ്രായശ്ചിത്തം ചെയ്ത് ജീവിതനവീകരണം നേടുക, ആത്മാവിന്റെ വരങ്ങളും ഫലങ്ങളും സ്വീകരിക്കുക, കത്തോലിക്കാവിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്ന 12 കാര്യങ്ങൾ ധ്യാനവിഷയമാക്കുക, ഉയിർപ്പിന്റെ സന്തോഷത്തിൽ നവജീവിതം തുടങ്ങുക, സ്നേഹത്തിന്റെ കല്പന അനുദിനം ജീവിക്കുക തുടങ്ങി 40 ദർശനങ്ങൾ ഈ നോമ്പിൽവിചിന്തനവിഷയമാക്കുന്നു.

മിസരികോർഡിയാ ഡേ

വിശുദ്ധ അൽഫോൻസാതീർത്ഥാടനകേന്ദ്രം ഫെബ്രുവരി 14-ാം തീയതി 'മിസരികോർഡിയ ഡേ (അനുരഞ്ജനദിനം)' ആയി ആചരിച്ചു. രാവിലെ 5.30 ന് ആരംഭിച്ച അനുരഞ്ജനശുശ്രൂഷ തുടർച്ചയായി വൈകിട്ട് 7 മണിവരെ ഉണ്ടായിരുന്നു. വലിയനോമ്പിന് ഒരുക്കമായി ക്രമീകരിച്ച ഈ ശുശ്രൂഷയ്ക്ക് തീർത്ഥാടനകേന്ദ്രത്തിലെ വൈദികർ നേതൃത്വം നൽകി.

പരീക്ഷ ഒരുക്കശുശ്രൂഷ

ഈ വർഷം പത്താം ക്ലാസ്, പ്ലസ്ടു പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 14 ശനിയാഴ്ച പരീക്ഷാ ഒരുക്കപ്രാർത്ഥനയും, ആരാധനയും നടത്തി. രാവിലെ 9.30 ന് ജപമാലപ്രാർത്ഥനയോടെ ശുശ്രൂഷകൾ ആരംഭിച്ചു.തുടർന്ന് ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു. കുട്ടികൾക്കായി കൈവയ്പ്ശുശ്രൂഷയും, പഠനസാമഗ്രികളുടെ വെഞ്ചരിപ്പും നടത്തി. റവ.ഫാ. സോനു മുകാലയിൽ VC ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

തീർത്ഥാടകപ്രവാഹം

ഫെബ്രുവരിമാസത്തിൽ ജർമ്മനി, കെനിയ, ഫ്രാൻസ്, സ്വിറ്റ്സർലൻഡ് തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും അനേകം തീർത്ഥാടകരാണ് അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചത്.

ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ (റെക്ടർ)

വിശ്വാസപരിശീലനകേന്ദ്രം

1. CTP കോഴ്സ് 2025-26

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഫെബ്രുവരിമാസത്തെ ക്ലാസ് 14-ാം തീയതി നടന്നു. റവ. ഡോ. മാത്യു കുമ്പുളുങ്കൽ ക്ലാസ് നയിച്ചു.

2026 മാർച്ച് മാസത്തെ ക്ലാസുകൾ:

മാർച്ച് 14

Church History II : Shri. Anil Manuel

മാർച്ച് 21

Session I- Church History II : Shri. Anil Manuel

Session II- Theology of Religion : Fr. Abraham Palackathadathil

2. വാർഷികപ്പരീക്ഷ

2026 ഏപ്രിൽ 6 തിങ്കളാഴ്ച സൺഡേസ്കൂൾ രണ്ടാം ടേം (വാർഷികപ്പരീക്ഷ) നടക്കും. ചോദ്യക്കടലാസുകൾ 2026 മാർച്ച് 31 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയുള്ള സമയത്ത് വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭ്യമാകുന്നതാണ്.

പരീക്ഷാ സമയം

1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് 11 am - 1 pm

8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് 2 pm - 4 pm

X, XII ക്ലാസ്സുകളിലെ എക്സാം രജിസ്ട്രേഷനുള്ള സൗകര്യം 01.03.2026 മുതൽ vpkpala.in എന്ന പോർട്ടലിൽ സജീവമാകും. 22.03.2026 ഞായറാഴ്ചവരെയാണ് രജിസ്ട്രേഷനുള്ള സമയം.

3. വിശ്വാസോത്സവം

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 7 ചൊവ്വാഴ്ച മുതൽ 12 ഞായർ വരെ നടത്തുന്നതാണ്. സമയം രാവിലെ 9.30 മുതൽ വൈകിട്ട് 3.45 വരെ.

4. പരീക്ഷാ മൂല്യനിർണ്ണയം

10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ രണ്ടാം ടേം പരീക്ഷയുടെ (വാർഷികപ്പരീക്ഷ) മൂല്യനിർണ്ണയം ഏപ്രിൽ 19 (പത്താം ക്ലാസ്സ്), 26 (പന്ത്രണ്ടാം ക്ലാസ്സ്) തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ച് രാവിലെ ഒമ്പതു മണി മുതൽ നടത്തപ്പെടും.

5.വിചിന്തനം സെമിനാർ

ഈ വർഷം (2025- 2026) IX-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി രൂപതാതലത്തിൽ വിചിന്തനം സെമിനാർ ഏപ്രിൽ - മേയ് മാസങ്ങളിൽ 14 ബാച്ചുകളിലായി ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

തീയതികൾ ഏപ്രിൽ : 15,16,17,18,20,22,23,25,27,28,29. മേയ് : 4,5,6

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)

മിഷൻലീഗ് വാർത്തകൾ

രൂപത എക്സിക്യൂട്ടീവ്

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ 2026 ഫെബ്രുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 2 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ജനറൽ സെക്രട്ടറി ഡോ. റ്റോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ. ഡോ ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി.

പ്രതിഭാസംഗമം

ഈ വർഷം (2025-2026) VII-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായുള്ള പ്രതിഭാസംഗമം 2026 ഫെബ്രുവരി 8 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ച് നടത്തപ്പെട്ടു.

രൂപത മാനേജിങ് കമ്മിറ്റിയും നവവൈദികർക്കു സ്വീകരണവും

പാലാ രൂപത മാനേജിങ് കമ്മിറ്റി മീറ്റിങ്ങും നവവൈദികരെ ആദരിക്കലും 2026 ഫെബ്രുവരി 22 ഞായറാഴ്ച്ച 3 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ജനറൽ സെക്രട്ടറി ഡോ. റ്റോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. മീറ്റിങ്ങിൽ വച്ച് നവവൈദികരെ പരിചയപ്പെടുകയും ആദരിക്കുകയും സമ്മാനങ്ങൾ നൽകുയും ചെയ്തു. രൂപതയിലെ 20 മേഖലയിൽനിന്നും മിഷൻലീഗ് ഭാരവാഹികൾ പങ്കെടുത്ത മീറ്റിങ്ങിൽ രൂപത ഡയറക്ടർ റവ. ഡോ ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി.

സംസ്ഥാന മാനേജിങ് കമ്മിറ്റി

2026 ഫെബ്രുവരി 21 ശനിയാഴ്ച താമരശ്ശേരി രൂപതയിലെ മേരിക്കുന്ന് PMOC യിൽ വച്ച് സംസ്ഥാനമാനേജിങ് കമ്മിറ്റി നടത്തപ്പെട്ടു. ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനഡയറക്ടറായി നിയമിക്കപ്പെട്ട ഷിനോജച്ചന് സ്വാഗതവും നിലവിലെ ഡയറക്ടർ ഷിജു ഐക്കരക്കാനയിലച്ചന് യാത്രയയപ്പും വാർഷിക മാനേജിങ് കമ്മിറ്റിയും നടത്തപ്പെട്ടു. മീറ്റിങ്ങിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് രൂപത ഡയറക്ടർ റവ. ഡോ ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉൾപ്പെടെ 17 രൂപത എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു.

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)

കെ.സി.എസ്.എൽ.

ആദരാഞ്ജലി അർപ്പിച്ചു

കെ.സി.എസ്.എൽ പാലാ രൂപത മുൻ ഡയറക്ടർ ഫാ. ജോർജ് പൂവക്കുളം അച്ചന് ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവംഗങ്ങൾ ആദരാഞ്ജ്ലികൾ അർപ്പിച്ചു.

കെ.സി.എസ്.എൽ ആനിവേഴ്സറി

ഈ വർഷത്തെ കെ.സി.എസ്.എൽ രൂപതാ ആനിവേഴ്സറി ഫെബ്രുവരി 2 തിങ്കളാഴ്ച ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ

സ്കൂളിൽ വച്ച് സ്കൂൾ പ്രിൻസിപ്പൽ ജീസാ മരിയ സിസ്റ്ററിന്റെ മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. അരുവിത്തുറ സെന്റ് ജോർജ് കോളേജ് വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. ജിലു ആനി ജോൺ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. സ്റ്റുഡന്റ്സ് ചെയർപേഴ്സൺ ഐവിൻ ഷെറിൻ തയ്യിൽ അധ്യക്ഷപ്രസംഗം നടത്തി. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ ആശംസ അർപ്പിച്ചു. എക്സിക്യൂട്ടീവംഗം സജിമോൻ പി. മാത്യു കൃതജ്ഞത പറഞ്ഞു.

സാഹിത്യോത്സവം, കലോത്സവം, സ്റ്റഡിസർക്കിൾ മത്സരവിജയികൾക്കുള്ള എന്നിവയുടെ ഓവറോൾ സമ്മാനങ്ങളുടെ വിതരണവും അൽഫോൻസാ കളറിംഗ് രൂപതാതല വിജയികൾക്കുള്ള ക്യാഷ്പ്രൈസും സ്റ്റേറ്റ് കലോത്സവത്തിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും പ്രൊഫ. ഡോ. ജിലു ആനി ജോൺ വിതരണം ചെയ്തു.

യാത്രയയപ്പ് നൽകി

കഴിഞ്ഞ രണ്ടുവർഷക്കാലം കെ.സി.എസ്.എൽ നുവേണ്ടി നിസ്വാർത്ഥമായി സേവനം ചെയ്ത ഫാ. ആൽബിൻ പുതുപ്പറമ്പിലച്ചന് ഫെബ്രുവരി 2 തിങ്കളാഴ്ച ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിൽ വച്ച് കെ.സി.എസ്.എൽ ടീച്ചേഴ്സ് ആൻഡ് സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് അംഗങ്ങൾ സ്നേഹപൂർവം യാത്രയയപ്പ് നൽകി. വയലാ സെന്റ് ജോർജ് ദേവാലയത്തിലേക്ക് അസി. വികാരിയായി പോകുന്ന അച്ചന് എക്സിക്യൂട്ടീവംഗങ്ങൾ പ്രാർത്ഥനാശംസകൾ നേർന്നു.

സ്വാഗതം ചെയ്തു

കെ.സി.എസ്.എൽ ന്റെ പുതിയ അസി. ഡയറക്ടറായി നിയമിതനായ പോൾ കുന്നുംപുറത്തച്ചനെ കെ.സി.എസ്.എൽ കുടുംബത്തിലേക്ക് ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ സ്വാഗതം ചെയ്തു.

കളരി വിതരണം ചെയ്തു

കളരി മാഗസിൻ മൂന്നാം ലക്കം സ്കൂളുകളിൽ വിതരണം ചെയ്തു.

ബൈബിൾ വാക്യമത്സരം

എൽ.പി വിഭാഗത്തിലെ കുട്ടികൾക്കായി നടത്തുന്ന ബൈബിൾ വാക്യ മത്സരം ഫെബ്രുവരി 28 ന് പാലാ അൽഫോൻസാ കോളേജിൽ വച്ചു നടത്തപ്പെട്ടു.

ഫാ. ജോർജ് പുല്ലുകാലായിൽ (ഡയറക്ടർ)

ഫാ. പോൾ കുന്നുപുറത്ത് (അസി. ഡയറക്ടർ)

എസ്.എം.വൈ.എം. - കെ.സി.വൈ.എം.

1. പ്രതീക്ഷയോടെ ഉണരാം ഉറവിടങ്ങളിലേക്ക്

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ യൂത്ത് എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്, യുവജന കമ്മീഷൻ ചെയർമാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവ്, സീറോ മലബാർ സഭ കൂരിയാ ചാൻസിലർ ഫാ. എബ്രഹാം കാവൽപുരയിടത്തിൽ, സീറോ മലബാർ സഭ യുവജന കമ്മീഷൻ സെക്രട്ടറി SMYM സംസ്ഥാന & ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ എന്നിവർക്ക് എസ്.എം.വൈ.എം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് മിജോ ജോയി കുന്നത്താനിയേൽ, എസ്.എം.വൈ.എം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, എസ്.എം.വൈ.എം സംസ്ഥാന ട്രഷറർ നിഖിൽ ഫ്രാൻസിസ് എന്നിവർ സമർപ്പിച്ചു.

2. ഈശോയ്ക്കുവേണ്ടി ഈശോയോടൊപ്പം ഈശോയിൽ ജീവിക്കാൻ: ആത്മീയബോധ്യത്തിൽ നിന്ന് പ്രവർത്തനത്തിലേക്ക്

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രഥമ എക്സിക്യൂട്ടീവ് യോഗം പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് വികാരി ജനറാൾ പ്രിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

ഇവാഞ്ചലൈസേഷൻ ഡയറക്ടർ ജോസഫ് അരിമറ്റത്തിലച്ചന്റെ സഹകരണത്തോടെ, ആത്മീയ ഒരുക്കത്തോടും, കുമ്പസാരത്തോടും, പരി. കുർബാനയോടും കൂടെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിങ് ആരംഭിച്ചു.

മീഡിയ ക്രൂ പ്രവർത്തനമാർഗരേഖ അവതരണം കെ.എൽ.എം ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

3. ആത്മീയ ഒരുക്കത്തോടെ എസ്.എം.വൈ.എം പാലാ രൂപത

മൂന്നുനോമ്പ് തിരുനാളിന്റെ ഭാഗമായി കുറവിലങ്ങാട് പള്ളിയിൽ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഭാരവാഹികൾ കഴുന്നെടുത്ത് പ്രാർത്ഥിച്ചു.

4. യുവജനങ്ങളെ കേൾക്കുക എന്നത് യുവജനപ്രസ്ഥാനത്തിന്റെ മുഖമാണ്.

SMYM പാലാ രൂപതയുടെ 2026 പ്രവർത്തനവർഷത്തെ പ്രഥമ രൂപത കൗൺസിൽ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. കൗൺസിലിൽ തൊണ്ണൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

5. 'മറുപടി' ഓൺലൈൻ ബുള്ളറ്റിൻ

യുവജനങ്ങൾ എന്തു ചെയ്യുന്നു എന്ന ഇന്നിന്റെ ചോദ്യങ്ങൾക്കു മറുപടിയായി, പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026-28 പ്രവർത്തനവർഷത്തിലെ ആദ്യ (മൂന്നാം വാല്യം) ഓൺലൈൻ പ്രസിദ്ധീകരണമായ 'മറുപടി' വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു.

6. അഭിമാനത്തോടെ പാലാ രൂപത

കാലഘട്ടത്തിന്റെ കർമ്മവീഥികളിൽ ക്രിസ്തുസാക്ഷ്യമേകി സീറോ മലബാർ യുവജനപ്രസ്ഥാനത്തിനു സംസ്ഥാനതലത്തിൽ വഴികാട്ടിയാകാൻ എസ്.എം.വൈ.എം സംസ്ഥാന ഡയറക്ടറായി എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ റവ.ഫാ മാണി കൊഴുപ്പൻകുറ്റി നിയുക്തനായി.

7. കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനം

ഫെബ്രുവരി 14, 15 തീയതികളിലായി തലശ്ശേരിയിൽ വച്ചു നടത്തപ്പെട്ട 48-ാമത് കെ.സി.വൈ.എം സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ പാലാ രൂപത ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

നിയുക്ത സംസ്ഥാനസെക്രട്ടറിയായി പാലാ രൂപത കെ.സി.വൈ.എം സിൻഡിക്കേറ്റംഗം സെഞ്ചു ജേക്കബ് മണപ്പാട്ട് തിരഞ്ഞെടുക്കപ്പെട്ടു.

8. എക്സിക്യൂട്ടീവ് മീറ്റിങ്

ഫെബ്രുവരി 22-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് മിജോ ജോയിയുടെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

9. ഫൊറോന ഡയറക്ടർസ് മീറ്റിങ്

2026-28 പ്രവർത്തനവർഷത്തിലെ പ്രഥമ ഫൊറോന ഡയറക്ടേഴ്സ് മീറ്റിങ് ഫെബ്രുവരി 24-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് വികാരി ജനറാൾ പ്രിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

ഫാ. മാണി കൊഴുപ്പൻകുറ്റി (ഡയറക്ടർ)

ജീസസ് യൂത്ത്

സ്വാഗതസമ്മേളനം

പാലാ രൂപത ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പുതിയ ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിലിനെ ജീസസ് യൂത്ത് കുടുംബം ഹൃദയ പൂർവം സ്വാഗതം ചെയ്തു. ഫെബ്രുവരി 14, വൈകുന്നേരം നടത്തപ്പെട്ട സമ്മേളനം പ്രാർത്ഥനയുടെയും ഹൃദയം നിറഞ്ഞ ആശംസകളുടെയും കൃപാനുഭവമായ സമയമായിരുന്നു. കോർഡിനേറ്റർ ആൽബിൻ കൊട്ടാരം, ആനിമേറ്റർ സി. മെൽവിൻ FCC, മുൻ ആനിമേറ്റർ സി. ലിസ് മരിയ CMC എന്നിവർ ഹൃദ്യമായ വാക്കുകളിൽ ആശംസകൾ പങ്കുവച്ചു

KADOSH

പാലാ സെന്റ് തോമസ് കോളേജിലെ വിദ്യാർഥികൾക്കായി ജീസസ് യൂത്ത് കോർ ടീമിന്റെ നേതൃത്വത്തിൽ 'കാദോഷ്' നൈറ്റ് ക്യാമ്പ് നടത്തപ്പെട്ടു. ജനുവരി 30–ാം തീയതി നടന്ന പ്രോഗ്രാമിൽ 105 വിദ്യാർത്ഥികൾ പങ്കെടുത്തു.

VITANOVA - SJCET

ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് ആൻഡ് മാനേജ്മെൻറ് കോളേജിലെ വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 20 മുതൽ 22 വരെ 'VITANOVA-' നവീകരണധ്യാനം നടത്തപ്പെട്ടു. കോളേജിലെ ജീസസ് യൂത്ത് കോർ ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ 110 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

ACT SIXTEEN

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെൻറ് അൽഫോൻസാ ഷ്റൈനിനോടു ചേർന്നുള്ള സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച്, പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN', ഒരു മണിക്കൂർ Praise & Worship നടത്തപ്പെടുന്നു.

ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ് നടത്തിവരുന്നു. ക്രിസ്ത്യൻ സംഗീതമേഖലയിലുള്ളവർ ക്ഷണിക്കപ്പെടുകയും അവർ പങ്കെടുക്കുന്നവരുമായി സംവദിക്കുകയും ചെയ്യുന്നു.

Sing 4 Gsus

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, ക്രിസ്തീയഗാനങ്ങളിലൂടെ പ്രാർത്ഥിക്കുവാൻ എന്ന ആശയത്തോടെ നടത്തപ്പെടുന്ന 'Sing 4 Gsus-' എന്ന വാട്സാപ്പ് ഗ്രൂപ്പ് – എല്ലാ ദിവസവും ഒരു ക്രിസ്തീയഗാനവും, അതിന്റെ വരികളും ട്രാക്കും ഒപ്പം ഒരു ചെറിയ പ്രാർത്ഥനയും പോസ്റ്റ് ചെയ്യുന്നു.

ഇംഗ്ലീഷ് കയർ

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വച്ച്, പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, സീറോ മലബാർ കുർബാനയുടെ ഇംഗ്ലീഷ് വേർഷൻ പോപ്പുലറിയിസ് ചെയ്യാനും ആളുകളിലേക്ക് എത്തിക്കുന്നതിനുമായി സീറോ മലബാർ ഇംഗ്ലീഷ് കയർ ആരംഭിച്ചു.

CLTP-'26

പാലായിലെ കോളേജ്വിദ്യാർത്ഥികൾക്കായി ജനുവരി 23 മുതൽ 26 വരെ കണ്ണാടിയുറുമ്പ് മേരി മാതാ പബ്ലിക് സ്കൂളിൽ വച്ച് CLTP-'26 (Chosen to Light The Path) ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു. ദൈവവിശ്വാസത്തിലും സ്നേഹത്തിലും കൂടുതൽ ആഴപ്പെടാനും അനേകരിലേക്ക് തങ്ങൾ അറിഞ്ഞ ഈശോയെ പങ്കുവയ്ക്കാനുംവേണ്ടി നടത്തപ്പെട്ട പ്രോഗ്രാമിൽ പാലായിലെ ഏഴ് കോളേജുകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട 16 വിദ്യാർത്ഥികൾ പങ്കെടുത്തു.

ഹൗസ്ഹോൾഡ്

ജനുവരിമാസത്തെ ആദ്യഞായറാഴ്ച പാലാ, അരുവിത്തുറ, മുട്ടം, കടുത്തുരുത്തി എന്നിവിടങ്ങളിലായി ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

എമ്മാവൂസ് കോഴ്സ്

ജീസസ് യൂത്ത് യാത്രയിൽ ഫോർമേഷൻ കോഴ്സുകൾ ഏറെ നിർണായകമാണ്. പാലാ സോണിന്റെ നേതൃത്വത്തിൽ ജനുവരി 21–ാം തീയതി ചെത്തിമറ്റം ജ്യോതിർഭവൻ കൗൺസിലിങ് സെന്ററിൽ വച്ച് എമ്മാവൂസ് കോഴ്സിലെ ഒന്നും രണ്ടും സെഷനുകൾ സംഘടിപ്പിച്ചു. മുപ്പതോളം ജീസസ് യൂത്ത് അംഗങ്ങൾ ഇതിൽ സംബന്ധിച്ചു.

AVIV

പാലാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിവരുന്ന AVIV

കൂട്ടായ്മ ഫെബ്രുവരി 14 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുകയും പാലായിലെ വിവിധ കോളേജുകളിൽനിന്നു 30 വിദ്യാർത്ഥികൾ പങ്കെടുകയും ചെയ്തു.

എക്സാം പ്രയർ റിക്വസ്റ്റ് ബോക്സ്

പരീക്ഷയ്ക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് നന്നായി പഠിക്കുവാനും പ്രാർത്ഥിച്ചൊരുങ്ങി ധൈര്യപൂർവം പരീക്ഷയെ അഭിമുഖീകരിക്കുവാനും അവരുടെ പ്രാർത്ഥനാനിയോഗങ്ങൾ ശേഖരിച്ച് അവയെല്ലാം സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിനായി പാലാ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈനായി പ്രയർ റിക്വസ്റ്റുകൾ ശേഖരിച്ചു.

മധ്യസ്ഥപ്രാർത്ഥന

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തിവരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. അതോടൊപ്പം ഈ നോമ്പുകാലം എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം 5:30 ന് കുരിശിന്റ വഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമല കയറുന്നു.

നൈറ്റ് വിജിൽ

ളാലം പുത്തൻപള്ളിയിൽ വച്ച് 2026 ഫെബ്രുവരി 6, ആദ്യവെള്ളിയാഴ്ച വൈകുന്നേരം വി. കുർബാനയ്ക്കുശേഷം നൈറ്റ് വിജിൽ നടത്തപ്പെടുകയും മാത്യു കുര്യാക്കോസ് ക്ലാസ് നയിക്കുകയും ചെയ്തു. വൈകുന്നേരം 5.30 ന് വി.കുർബാനയ്ക്കുശേഷം 8.30 വരെ വലിയ പള്ളിയിലും തുടർന്ന് 9 മുതൽ 10 മണി വരെ ചാപ്പലിലുമായി ആരാധന നടത്തപ്പെട്ടു.

ബുധനാഴ്ചക്കൂട്ടായ്മ

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടന്നുവരുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

ഫാ. തോമസ് പുതുപ്പറമ്പിൽ (ഡയറക്ടർ)

കുടുംബക്കൂട്ടായ്മ

1. 3/2/2026 ചൊവ്വാഴ്ച 2.30 pm ന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു.

2. 3.30 pm ന് വയലാ സെന്റ് ജോർജ് പള്ളിയുടെ അസിസ്റ്റന്റ് വികാരിയായും Jesus Youth ഡയറക്ടറായും സ്ഥലം മാറിപ്പോകുന്ന evangelization അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിലിനു നൽകിയ യാത്രയയപ്പു സമ്മേളനത്തിൽ റവ.ഫാ.ജോസഫ് അരിമറ്റത്ത് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബാബു പോൾ പെരിയപ്പുറം ആശംസകൾ നേർന്നു.

3. 7/2/2026 ശനിയാഴ്ച കുടുംബക്കൂട്ടായ്മയുടെ അസി. ഡയറക്ടറായി ചുമതലയേറ്റ ഫാ.പോൾ കുന്നുംപുറത്തെ സ്വാഗതം ചെയ്തു സ്വീകരിച്ചു.

4. 14/2/2026 8.30 am ന് രൂപതകുടുംബക്കൂട്ടായ്മാഭാരവാഹികളുടെ വിനോദയാത്ര എറണാകുളം വല്ലാർപാടത്തേക്കു നടത്തപ്പെട്ടു.

5. 2 pm ന് ഭാരവാഹികളുടെ സംയുക്ത സമ്മേളനം നടത്തപ്പെട്ടു. ജീവമന്ന പ്രവർത്തനപദ്ധതിയുടെ പ്രവർത്തങ്ങൾ വിശകലനം ചെയ്തു.

6. 22/2/2026, 3 pm ന് ഉരുളികുന്നം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനവും ക്ലാസും നടത്തപ്പെട്ടു. വികാരി റവ.ഫാ ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു. രൂപത ജോയിന്റ് സെക്രട്ടറി സണ്ണി വടക്കേടത്ത് ക്ലാസ് നയിച്ചു.

7. 27/2/2026 11.30 am ന് പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ 2025 – 26 പ്രവർത്തനവർഷത്തെ ആക്ഷൻ പ്ലാനിന്റെ പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത്, അസി.ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത്, രൂപതാഭാരവാഹികൾ എന്നിവരും സന്നിഹിതരായിരുന്നു.

8. 12 am ന് രൂപതാ കൗൺസിൽ, റിസോഴ്സ് ടീം അംഗങ്ങളുടെ സംയുക്തയോഗം ചേർന്നു. ഫാ. ജോസഫ് അരിമറ്റത്ത് അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് പ്രസംഗിച്ചു.

ഫാ. ജോസഫ് അരിമറ്റത്ത് (ഡയറക്ടർ)

ഫാ. പോൾ കുന്നുംപുറത്ത് (അസിസ്റ്റന്റ് ഡയറക്ടർ)

ഫാമിലി അപ്പോസ്തലേറ്റ്

A. വിവാഹ ഒരുക്ക ധ്യാനം

1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

ഫെബ്രുവരി 27- മാർച്ച് 1 തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 152 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

2. രജിസ്ട്രേഷൻ

മാർച്ച് 20-22, 30-ഏപ്രിൽ 1, ഏപ്രിൽ 10-12, 24-26 എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

3. പേരന്റ്സ് മീറ്റ്

ഫെബ്രുവരിമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. അലക്സ് കാവുകാട്ട് ക്ലാസ്സെടുത്തു. 295 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

4. സ്വാഗതം

ഫെബ്രുവരി 7-ാം തീയതി ഫാമിലി അപ്പോസ്തലേറ്റിന്റെ അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിലിനെ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും ഓഫീസ് അംഗങ്ങളും ചേർന്ന് സ്വാഗതം ചെയ്തു.

5. സമുദായശക്തീകരണവർഷ ആലോചനായോഗം

ഫെബ്രുവരി 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ബിഷപ്സ് ഹൗസിൽ വച്ച് വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സമുദായശക്തീകരണവർഷ ആലോചനയോഗത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും അസി.ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിലും പങ്കെടുത്തു.

B. പിതൃവേദി

1. എക്സിക്യൂട്ടീവ് മീറ്റിങ്

ഫെബ്രുവരി 2-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പിതൃവേദി എക്സിക്യൂട്ടീവിന്റെ യോഗം ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിലിന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാവരും പരിപാടിയിൽ പങ്കെടുത്തു.

2. രൂപത സമിതി

ഫെബ്രുവരി 9-ാം തീയതി ഉച്ചകഴിഞ്ഞ് പിതൃവേദി പ്രസിഡന്റ് ജോസ് മുത്തനാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതസമിതി കൂടുകയും ഓരോ മേഖലയിലെയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

3. മേഖല പ്രവർത്തനവർഷോദ്ഘാടനം

ഫെബ്രുവരി 1-ാം തീയതി രാമപുരം മേഖലയിലും, 7-ാം തീയതി കടനാട് മേഖലയിലും, 8-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പ്രവിത്താനം മേഖലയിലും പ്രവർത്തനവർഷോദ്ഘാടനം നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും പിതൃവേദി അംഗങ്ങളോട് പ്രവർത്തനവർഷത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

4. യൂണിറ്റ്, മേഖല പ്രവർത്തനവർഷോദ്ഘാടനം

ഫെബ്രുവരി 15-ാം തീയതി വൈകുന്നേരം 3 മണിക്ക് കടപ്ലാമറ്റം യൂണിറ്റിലും, 6 മണിക്ക് കൊഴുവനാൽ യൂണിറ്റിലും 19-ാം തീയതി വൈകുന്നേരം 6 മണിക്ക് കടുത്തുരുത്തി മേഖലയിലും 7.30 ന് മുട്ടുചിറ മേഖലയിലും പിതൃവേദി പ്രവർത്തനവർഷോദ്ഘാടനം ഫാമിലി അപ്പോസ്തലേറ്റിന്റെ അസി.ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 'സമുദായശക്തീകരണവും ക്രൈസ്തവകുടുംബവും' എന്ന വിഷയത്തെക്കുറിച്ച് പിതൃവേദി അംഗങ്ങൾക്ക് വിവരിച്ചുകൊടുത്തു. പിതൃവേദി അംഗങ്ങളെല്ലാവരും പരിപാടിയിൽ സന്നിഹിതരായിരുന്നു.

3. ആലോചനയോഗം

ഫെബ്രുവരി 18-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 ന് പാലാ രൂപത പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനത്തിന്റെ ഒരു ആലോചനയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് അസി.ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിലിന്റെ അധ്യക്ഷതയിൽ ചേർന്നു. പിതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാവരും യോഗത്തിൽ പങ്കെടുത്തു. ചർച്ചകൾക്കുശേഷം 5 മണിയോടുകൂടി യോഗം അവസാനിച്ചു.

3. പിതൃവേദി വാർഷികവും പ്രവർത്തനവർഷ ഉദ്ഘാടനവും

ഫെബ്രുവരി 22-ാം തീയതി പിതൃവേദിയുടെ 10-ാം വാർഷികവും (2016-2026), 2026-2027 പ്രവർത്തനവർഷം ഉദ്ഘാടനവും പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപത പിതൃവേദി പ്രസിഡന്റ് ജോസ് മുത്തനാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവരെയും സ്വാഗതം ചെയ്തു. രൂപത സെക്രട്ടറി ബിൻസ് തൊടുകയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞവർഷം മികച്ച പ്രകടനങ്ങൾ നടത്തിയ ഇടവകകൾക്ക് സമ്മാനങ്ങൾ നൽകി. പിതൃവേദി രൂപത വൈസ് പ്രസിഡന്റ് ശ്രീ സെബാസ്റ്റ്യൻ തോമസ് പനയ്ക്കക്കുഴി എല്ലാവർക്കും നന്ദി പറഞ്ഞു. 134 ഇടവകയിൽനിന്നുമായി 550 ഓളം പിതാക്കൻമാർ പരിപാടിയിൽ പങ്കെടുത്തു.

3. സമുദായശക്തീകരണസമ്മേളനം

ഫെബ്രുവരി 22-ാം തീയതി പിതൃവേദിവാർഷികത്തെത്തുടർന്ന് നടന്ന 'എഹാദ്' 2026 സമുദായശക്തീകരണസമ്മേളനത്തിൽ ആമുഖ പ്രസംഗത്തിലൂടെ സംഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് പാലാ രൂപത യുടെ മുഖ്യ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ സംസാരിച്ചു. ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാ വിൽ എല്ലാവരെയും സ്വാഗതം ചെയ്തു. ശ്രീ ജോസ് ജോൺ കീലത്ത്, ശ്രീ ജോസഫ് വടക്കേൽ, ശ്രീ ജോർജ് ജോസഫ് നരിക്കാട്ട് എന്നിവർ പിതൃവേദിയെക്കുറിച്ചു സംസാരിച്ചു. 'സമുദായശക്തീകരണവർഷവും പിതൃവേദിയും' എന്ന വിഷയത്തെക്കുറിച്ച് എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡന്റ് ഫാ. ജേക്കബ് ചക്കാത്തടം സംസാരിച്ചു. ചർച്ചയ്ക്കും അഭി പ്രായരൂപീകരണത്തിനും ശേഷം രൂപത പിതൃവേദി ട്രഷറർ ശ്രീ ജോർജ് ടിക്സൺ മണിമലത്തടത്തിൽ ഏവർക്കും നന്ദി പറഞ്ഞു.

C. മാതൃവേദി

1. രൂപതസമിതി

ഫെബ്രുവരി 2-ാം തീയതി രാവിലെ 10 മണിക്ക് മാതൃവേദി രൂപത സമിതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഫെബ്രുവരിമാസത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് രൂപതതല പുത്തൻപാന മത്സര ത്തെക്കുറിച്ച് ചർച്ച ചെയ്തു. പരിപാടിയിൽ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

2. വിനോദയാത്ര

ഫെബ്രുവരി 10-ാം തീയതി രാവിലെ 8 മണിക്ക് മാതൃവേദി എക് സിക്യൂട്ടീവ് അംഗങ്ങളെല്ലാവരും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ കബ റിടത്തിലേക്കും ഇന്ത്യയിലെ ഏറ്റവും വലിയ അകേറിയമായ ചാവക്കാട് മറൈൻ വേൾഡിലേക്കും വിനോദയാത്ര നടത്തി.

2. ക്ലാസ്സ്

ഫെബ്രുവരി 21-ാം തീയതി ശനിയാഴ്ച പ്രീമിയർ പ്രോഗ്രാമിലെ അരുവിത്തുറ മേഖലയിലെ കുട്ടികൾക്കായി 10 മുതൽ 1 മണി വരെ പേ ഴ്സണാലിറ്റി ഡവലപ്മെന്റിനെക്കുറിച്ച് രൂപത പ്രസിഡന്റ് ഷേർളി ചെറി യാൻ ക്ലാസ്സ് എടുത്തു.

3. എക്സിക്യൂട്ടീവ് മീറ്റിങ്

ഫെബ്രുവരി 23-ാം തീയതി തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ഒത്തുചേർന്ന് പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാന്റെ അദ്ധ്യക്ഷതയിൽ വനിതാദിന ആഘോഷത്തെക്കുറിച്ച് ആലോചന മീറ്റിങ് നടത്തി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. ഡയറക്ടർ റവ.ഫാ.ജോസഫ് നരിതൂക്കിൽ നിർദേശങ്ങൾ നൽകി.

D. പ്രോലൈഫ്

1. മീറ്റിങ്

ഫെബ്രുവരി 24-ാം തീയതി കൊല്ലത്തുവച്ചു നടന്ന പ്രോലൈഫ് സമിതിയുടെ മീറ്റിങ്ങിൽ ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ, പ്രോലൈഫ് പ്രസിഡന്റ് മാത്യു എം.കുര്യാക്കോസ് എന്നിവർ സംസാരിച്ചു.

D. സീറോ മലബാർ പാലാ മാട്രിമണി

1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

2. ഓൺലൈൻ മീറ്റിങ്ങ്

ഫെബ്രുവരി 20-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ്ങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ,

ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ -- 7306293048

ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)

ഫാ. മാത്യു കാടൻകാവിൽ (അസി. ഡയറക്ടർ)

കത്തോലിക്കാ കോൺഗ്രസ്

നവവൈദികർക്കു സ്വീകരണം

2025 ൽ പാലാ രൂപതയ്ക്കുവേണ്ടി അഭിഷിക്തരായ നവവൈദികർക്കു സ്വീകരണം നൽകി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു തുടങ്ങിയവർ ആശംസകൾ നേർന്നു. നവവൈദികർ നന്ദി പറഞ്ഞു.

108-ാം ജന്മവാർഷികം

കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മവാർഷികാഘോഷങ്ങൾ സമുദായശക്തീകരണസംഗമവും റാലിയും മഹാസമ്മേളനവുമായി തലശ്ശേരി രൂപതയുടെ ആതിഥേയത്തിൽ മാർച്ച് 13, 14 തീയതികളിൽ കണ്ണൂരുവച്ചു നടത്തുന്നു. മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിക്കും. അഭിവന്ദ്യപിതാക്കന്മാർ, സമുദായസംഘടനാനേതാക്കൾ തുടങ്ങിയവർ സംസാരിക്കും.

ജൂബിലിഭവനം വെഞ്ചരിപ്പ്

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് ഫൊറോനാസമിതികളുടെ നേതൃത്വത്തിൽ പണിയുന്ന 'പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവന'ങ്ങളിൽ കുറവിലങ്ങാട് ഫൊറോന ഇടവകയിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിച്ചു. ആർച്ചുപ്രീസ്റ്റ് ഫാ. ഡോ. തോമസ് മേനാച്ചേരി, എമ്മാനുവൽ നിധീരി, ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, നിധിഷ് നിധീരി, ബ്രൈസ് ലൂക്കോസ്, എഡ്വിൻ പാമ്പാറ, കുറവിലങ്ങാട്

ഫൊറോനയിലുള്ള വൈദികർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

യൂത്ത് കൗൺസിൽ

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത യൂത്ത് കൗൺസിൽ എക്സിക്യൂട്ടീവ് രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ ചേർന്നു. യൂത്ത് കൗൺസിൽ മുഖ്യ കോർഡിനേറ്റർ ക്ലിന്റ് അരീപ്ലാക്കൽ, ജോസ് വട്ടുകുളം, എഡ്വിൻ പാമ്പാറ എന്നിവർ സംസാരിച്ചു. ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഈരാറ്റുപേട്ട ബ്ലോക്കിലേക്കു തിരഞ്ഞെടുക്കപ്പെട്ട ക്ലിന്റ് അരീപ്ലാക്കലിനു സ്വീകരണം നല്കി.

ഫൊറോന വാർത്തകൾ

കോതനല്ലൂർ

കോതനല്ലൂർ ഫൊറോനയുടെ എക്സിക്യൂട്ടീവ് യോഗം വേദഗിരി പള്ളി ഹാളിൽ നടത്തി. ഫൊറോനാപ്രസിഡന്റ് ജോസഫ് ചീനോത്തുപറമ്പിൽ അധ്യക്ഷത വഹിച്ചു. വേദഗിരി പള്ളിവികാരി ഫാ. പോൾ പാറയ്ക്കൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് സി.എം.ജോർജ്, രൂപത സെക്രട്ടറി റ്റോമി കണ്ണിറ്റുമ്യാലിൽ, സണ്ണി തെക്കേചെരുവിൽ, മാത്യു കൊട്ടാരത്തിൽ തുടങ്ങിയവർ സംസാരിച്ചു.

ചേർപ്പുങ്കൽ

ചേർപ്പുങ്കൽ ഫൊറോന സമിതിയുടെ യോഗം ചേർപ്പുങ്കൽ പള്ളി ഹാളിൽ ഫൊറോന പ്രസിഡന്റ് മാർട്ടിൻ ജെ. കോലടിയുടെ അധ്യക്ഷതയിൽ നടത്തി. ഫൊറോന ഡയറക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ ഉദ്ഘാടനം നിർവഹിച്ച് സന്ദേശം നല്കി. ജോസ് തേവർകുന്നേൽ, ഷൈജ കോയിക്കൽ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നൽകി.

യൂണിറ്റ് വാർത്തകൾ

മാൻവെട്ടം

രൂപത ഭാരവാഹികളുടെ യൂണിറ്റ്തല സന്ദർശന ഉദ്ഘാടനം മാൻവെട്ടം യൂണിറ്റിന്റെ സന്ദർശനത്തോടെ ആരംഭിച്ചു. യൂണിറ്റ് പ്രസിഡന്റും രൂപത വൈസ് പ്രസിഡന്റുമായ സി.എം. ജോർജ് അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഡോ. തോമസ് കക്കാട്ടുതടത്തിൽ മുഖ്യപ്രഭാഷണവും രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, രൂപത സെക്രട്ടറി റ്റോമി കണ്ണിറ്റുമ്യാലിൽ, ഫൊറോന പ്രസിഡന്റ് ജോസഫ്

ചീനോത്തുപറമ്പിൽ, സെക്രട്ടറി, സണ്ണി തെക്കേചെരുവിൽ, മാത്യു കൊട്ടാരം, ജോർജ് മങ്ങാട്ട് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

കൈപ്പള്ളി

കൈപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ പണിതീർത്ത ഭവനത്തിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിച്ചു. ഫാ. കുര്യാക്കോസ് പുളിന്താനത്ത് ചടങ്ങുകൾക്കു നേതൃത്വം നൽകി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി, വൈസ് പ്രസിഡന്റ് ജോൺസൺ ചെറുവള്ളി, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോളിച്ചൻ ജോസഫ് വലിയപറമ്പിൽ, ജോയി തോമസ് തെക്കേൽ എന്നിവർ സന്നിഹിതരായിരുന്നു.

മരങ്ങാട്ടുപിള്ളി

മരങ്ങാട്ടുപിള്ളി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് 'ബി' യൂണിറ്റിന് ആരംഭം കുറിച്ചു. ഔദ്യോഗിക ഉദ്ഘാടനം വികാരി ഫാ. ജോസഫ് ഞാറക്കാട്ടിൽ നിർവഹിച്ചു, യൂണിറ്റ് പ്രസിഡന്റ് ബെന്നി മാത്യു തോട്ടപ്പനാൽ അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. ശ്രീമതി വിമല അനീഷ് മേൽവെട്ടം 'ബി' യൂണിറ്റ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

ഏഴാച്ചേരി

ഏഴാച്ചേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏഴാച്ചേരി ഇടവകാതിർത്തിക്കുള്ളിലുള്ള ത്രിതല പഞ്ചായത്തുസാരഥികളെ ആദരിച്ചു. യൂണിറ്റ് പ്രസിഡന്റ് ബിനോയ് പള്ളത്തിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഡയറക്ടർ ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി ഉദ്ഘാടനം ചെയ്തു. അജോ തൂണുങ്കൽ, സജി പള്ളിയാരടിയിൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

ചെമ്മലമറ്റം

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച ചെമ്മലമറ്റം ഇടവകാംഗങ്ങളായ ജനപ്രതിനിധികൾക്കു സ്വീകരണം നല്കി. യൂണിറ്റ് പ്രസിഡന്റും രൂപത സെക്രട്ടറിയുമായ ബെന്നി കിണറ്റുകര അധ്യക്ഷത വഹിച്ചു. സാജൻ അടയ്ക്കാപ്പള്ളിൽ, ജോസഫ് കണ്ണത്തുകുന്നേൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ജോസ് വട്ടുകുളം (ജനറൽ സെക്രട്ടറി)

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

സ്മാർട്ട് ഫാമിങ്ങ് ടെക്നിക്സ് - കൃഷി വിജ്ഞാന ശില്പശാല സംഘടിപ്പിച്ചു

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ഫാം ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് ഫാമിങ് ടെക്നിക്സ് എന്ന വിഷയത്തെ ആസ്പദമാക്കി 2026 ഫെബ്രുവരി 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 മുതൽ 2:00 പി.എം വരെ പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കൃഷി വിജ്ഞാനശില്പശാല സംഘടിപ്പിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. PSWS അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു പുളിക്കപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ PSWS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ആശംസ പറഞ്ഞു. കുമരകം കൃഷി വിജ്ഞാനകേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. ഗാഥാ വി. പിള്ള, ഡോ ആശാ വി. നായർ, വിഷ്ണു ബി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. പ്രിസിഷൻ ഫാമിങ്, ഡ്രിപ് ഇറിഗേഷൻ & ഹൈഡ്രോപോണിക്സ്, മൈക്രോ ഗ്രീൻ കൃഷി രീതി തുടങ്ങിയ വിഷയങ്ങളിൽ കുമരകം കൃഷി വിജ്ഞാനകേന്ദ്രത്തിലെ വിദഗ്ധർ ക്ലാസ്സ് നയിച്ചു. ഡ്രോൺ ഉപയോഗിച്ചുള്ള ആധുനികകൃഷിരീതികൾ ഫാത്തിമാപുരം FPO യുടെ നേതൃത്വത്തിൽ പരിചയപ്പെടുത്തി.

പുതിയ PSWS അസിസ്റ്റന്റ് ഡയറക്ടറെ സ്വാഗതം ചെയ്തു.

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ചാർജ്ജെടുക്കുന്ന ഫാ. മാത്യു പുളിക്കപ്പറമ്പിൽ അച്ചനെ PSWS ഡയക്ടർ ഫാ.തോമസ് കിഴക്കേലും അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാലും ചേർന്ന് സ്വാഗതം ചെയ്തു. കഴിഞ്ഞ 2 വർഷക്കാലമായി കുളമാവ് സെന്റ് മേരീസ് പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു വന്ന അച്ചൻ കാളികാവ് സെൻറ് സെബാസ്റ്റ്യൻ ഇടവകാംഗമാണ്.

ലീഡേഴ്സ് മീറ്റ് 2026

മൂലമറ്റം, തുടങ്ങനാട് സോണുകളിലെ സ്വാശ്രയസംഘം ഭാരവാഹികൾക്കായി സംഘടിപ്പിച്ച ലീഡേഴ്സ് മീറ്റിന്റെ ഉദ്ഘാടനം തുടങ്ങനാട് ഫൊറോനാ പള്ളി വികാരി ബഹു. ഫാ. ജോൺസൺ പുള്ളീറ്റ് നിർവ

ഹിച്ചു. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷനായിരുന്നു. ഡോ അലക്സ് കാവുകാട്ട് (സെന്റ് തോമസ് BEd കോളേജ്, പാലാ) ക്ലാസ്സ് നയിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, സോണൽ കോർഡിനേറ്റർ ജിഷ സാബു തുടങ്ങിയവർ നേതൃത്വം നൽകി.

മുട്ടത്താറാവുകളുടെയും കോഴിക്കുഞ്ഞുങ്ങളുടെയും വിതരണം

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം ക്യാമ്പസ് പാലായിൽ വച്ച് ഉയർന്ന ഇനം മുട്ടത്താറാവ്, BV 380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

അഗ്രിമ സെൻട്രൽ നഴ്സറി വിഷരഹിത പച്ചക്കറികളുടെ വിളവെടുപ്പ്

* അഗ്രിമ സെൻട്രൽ നഴ്സറിയിലെ വിഷരഹിത വഴുതനങ്ങ വിളവെടുപ്പ് നടന്നു. 52 കിലോയോളം വിഷരഹിത വഴുതനങ്ങ നല്ല വിലയ്ക്ക് വിറ്റു.

* അഗ്രിമ സെൻട്രൽ നഴ്സറിയിലെ കോളിഫ്ളവർ വിളവെടുപ്പ് PSWS ഡയക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു.

വിദഗ്ധസന്ദർശനങ്ങൾ

കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ ലിമിറ്റഡ് മൈക്രോ ക്രെഡിറ്റ് വായ്പാപദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്വയംസഹായസംഘങ്ങളുടെ ഡോക്യുമെന്റ് വെരിഫിക്കേഷനുവേണ്ടി കെ.എസ്.ബി.സി.ഡി.സി. കാഞ്ഞിരപ്പള്ളി ബ്രാഞ്ച് മാനേജർ & അസിസ്റ്റന്റ് മാനേജർ PSWS ഓഫീസ് സന്ദർശിച്ചു വിലയിരുത്തൽ നടത്തി.

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം വാട്ടർ ടാങ്ക്, ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തിവരുന്നു. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വളരെ സഹായമായി.

ഡ്രയർ യൂണിറ്റ് വെഞ്ചരിപ്പ്

മുണ്ടാങ്കൽ ഫെഡറേഷനിലെ കാരുണ്യ കർഷകദളം അംഗങ്ങളുടെ സംരംഭമായ ഡ്രയർ യൂണിറ്റ് ഫെഡറേഷൻ ഡയറക്ടറച്ചന്റെ സാന്നിധ്യത്തിൽ PSWS ഡയറക്ടർ തോമസ് കിഴക്കേലച്ചൻ വെഞ്ചരിപ്പ് നടത്തി.

സേവ് എ ഫാമിലി പ്ലാൻ പദ്ധതി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ ഗുണഭോക്താക്കളെ സദർശിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതി

നുമായി സേവ് എ ഫാമിലി പ്ലാൻ കാനഡ പ്രസിഡന്റ് ലോയസ് കോറ്റ്, എക്സിക്യൂട്ടീവ് ഡയറക്ടർ, മരീസ തോൺബൺ, പ്രോജക്റ്റ് ഓഫിസർ ലിബിൻ എ.ജെ, എന്നിവർ PSWS ഓഫീസ് സന്ദർശിച്ചു.

അവലോകനയോഗങ്ങൾ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായസംഘങ്ങളുടെ അവലോകന മീറ്റിങ്ങുകൾ ഇടവക തലത്തിൽ നടത്തപ്പെട്ടു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷി സംബന്ധമായ ക്ലാസുകൾ എന്നിവയും നടന്നു. മീറ്റിങ്ങിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ചു

വാർഷികാഘോഷങ്ങൾ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങളുടെ ഇടവക ഫൊറോന തലത്തിലുള്ള വാർഷിക ആഘോഷങ്ങൾ നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളോടനുബന്ധിച്ചു വിവിധ ഫൊറാന, ഇടവക തലങ്ങളിൽ വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.

ഫാ. തോമസ് കിഴക്കേൽ (ഡയറക്ടർ)

ഡി.സി.എം.എസ്.

യാത്രയയപ്പ്

D.C.M.S. സംഘടനയെ 2018 മുതൽ 2025 വരെ വളരെ ശക്തമായ നിലപാടുകളിലൂടെ വളർച്ചയുടെ പടവുകൾ താണ്ടി പുതുയുഗത്തിലേക്ക് നയിച്ച ബഹു. ഡയറക്ടർ റവ. ഫാ. ജോസ് വടക്കേകുറ്റ് അച്ചന് D.C.M.S. രൂപത സമിതി വളരെ സ്നേഹപൂർവമായ യാത്രയയപ്പ് നൽകുകയുണ്ടായി. സമിതിയുടെ സ്നേഹോപഹാരമായി രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ ബഹു. ഡയറക്ടർക്ക് മൊമന്റോ നൽകി ആദരിച്ചു.

പല കാലയളവുകളിലായി 22 വർഷക്കാലം ദളിത് ക്രൈസ്തവർക്കും, സംഘടനക്കുംവേണ്ടി അച്ചൻ ചെയ്ത സേവനങ്ങൾക്ക് D.C.M.S. പാലാ രൂപത സമിതിയും, രൂപതയിലെ ഓരോ ദളിത് ക്രൈസ്തവരും ഏറ്റവും നന്ദിയും കടപ്പാടും ഉള്ളവരായിരിക്കും. അച്ചനോടുള്ള D.C.M.S. കുടുംബങ്ങളുടെ അകൈതവമായ നന്ദിയും സ്നേഹവും ഹൃദ്യമായി അർപ്പിക്കുന്നു.

പുതിയ ഡയറക്ടർക്ക് സ്വീകരണം

D.C.M.S. സംഘടനായുടെ പുതിയ ഡയറക്ടർ ആയി നിയമിതനായ ബഹു. ഫാ. തോമസ് കിഴക്കേ കൊല്ലിത്താനം അച്ചന് D.C.M.S. രൂപത

സമിതി ഹൃദ്യമായ സ്വീകരണം നൽകി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അച്ചനെ പൂച്ചെണ്ട് നൽകി ഓഫീസിലേക്ക് സ്വാഗതം ചെയ്തു. മറ്റ് രൂപത കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.

സന്ദർശനം

2026-2029 വർഷത്തെ ഡി.സി.എം.സ്. രൂപത തെരഞ്ഞെടുപ്പിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവരും രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും D.C.M.S.രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനം, മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്തനാത്ത്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ എന്നിവർക്കൊപ്പം 2026 ഫെബ്രുവരി 16 ചൊവ്വാഴ്ച്ച രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വല്യപിതാവ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ. ഫാ. ജോസഫ്തടത്തിൽ, പ്രൊക്യുറേറ്റർ വെരി. റവ. ഫാ. ജോസഫ് മുത്തനാട്ട്, ചാൻസലർ വെരി. റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ എന്നിവരെ സന്ദർശിക്കുകയും ചെയ്തു.

D.C.M.S. സംസ്ഥാന ഓഫിസ് വെഞ്ചരിപ്പും, സപ്തതിവർഷലേഖന മത്സരവിജയികൾക്കുള്ള സമ്മാനവിതരണവും

നവീകരിച്ച D.C.M.S. സംസ്ഥാന ഓഫീസിന്റെ വെഞ്ചരിപ്പും, സപ്തതിവർഷലേഖനമത്സരവിജയികൾക്കുള്ള സമ്മാനവിതരണവും, D.C.M.S. സംഘടനയുടെ ആദ്യപ്രസിഡന്റായിരുന്ന പി.എം. മാർക്കോസ് MLA യുടെ ശിലാഫലക അനാച്ഛാദനവും KCBC/SC/ST/BC കമ്മീഷൻ ചെയർമാൻ ഗീവർഗീസ് മാർ അപ്രേം പിതാവ്, സംസ്ഥാന ഡയറക്ടർ റവ.ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ എന്നിവരുടെ സാന്നിധ്യത്തിൽ 2026 ഫെബ്രുവരി 14 നു D.C.M.S. ന്റെ സംസ്ഥാന ഓഫീസായ കോട്ടയത്തുവച്ചു നടത്തി. പ്രസ്തുത സമ്മേളനത്തിൽ പാലാ രൂപത ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേകൊല്ലിത്താനം സന്നിഹിതനായിരുന്നു.

D.C.M.S. സംസ്ഥാനസമിതി നടത്തിയ സപ്തതിവർഷലേഖന മത്സരത്തിൽ രൂപതയിൽനിന്നുള്ള ശ്രീമതി ബിന്ദു ആന്റണി, വട്ടമറ്റത്തിൽ ഒന്നാം സ്ഥാനവും, ശ്രീമതി റോസമ്മ അഗസ്റ്റിൻ തറയിൽ രണ്ടാം സ്ഥാനവും, കുമാരി ആൻ മരിയ ജോബി വട്ടമറ്റത്തിൽ പ്രോത്സാഹനസമ്മാനവും കരസ്ഥമാക്കി.

ഫാ. തോമസ് കിഴക്കേകൊല്ലിത്താനം (ഡയറക്ടർ)

കെയർ ഹോംസ്

കെയർ ഹോംസ്

16/2/26 ൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

തെരേസ ഭവൻ ചക്കാമ്പുഴ തെരേസ ഭവന്റെ വെഞ്ചരിപ്പ് 11/2/2026 ബുധനാഴ്ച ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

വാർഷികം

പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷ്യൽ സ്കൂൾ വാർഷികം 13/02/26 വെള്ളിയാഴ്ച നടത്തി.

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

കെ.എൽ.എം.

14/2/2026 ബുധനാഴ്ച എക്സിക്യൂട്ടീവ് മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി.

മീറ്റിംഗ്

ജനുവരി 27 ,28 തിയതികളിൽ എറണാകുളം പി.ഒ.സിയിൽ വച്ച് നടന്ന സംസ്ഥാന ലീഡേഴ്സ് മീറ്റിങ്ങിൽ രൂപതാഭാരവാഹികൾ പങ്കെടുത്തു.

വിതരണോദ്ഘാടനം

5/2/26ൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എം പവർ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച ഉപകരണങ്ങൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയംഗങ്ങൾക്കു വിതരണം ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ ഡയറക്ടറച്ചൻ അധ്യക്ഷത വഹിച്ചു. സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ഉപകരണങ്ങൾ വിതരണം ചെയ്തു.

വിവിധ ക്ഷേമനിധികൾ

അസംഘടിത തൊഴിലാളി ക്ഷേമനിധി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, സുരക്ഷ ക്ഷേമനിധി, തയ്യൽ ക്ഷേമനിധി.contact: 8304981275

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

അഡാർട്ട്

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)

ഫെബ്രുവരി 1,8,15,22 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

വേളാങ്കണ്ണി തീർത്ഥാടനം

അഡാർട്ടിന്റെ നേതൃത്വത്തിൽ സ്റ്റാഫംഗങ്ങൾ, A A അംഗങ്ങൾ, A L anon അംഗങ്ങൾ തുടങ്ങിയവർ എല്ലാവരും ഒത്തുചേർന്ന് വേളാങ്കണ്ണി തീർത്ഥാടനം നടത്തി.

ഭവനസന്ദർശനം

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ തീക്കോയി ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനം സന്ദർശിച്ചു.

അഡാർട്ട് സന്ദർശനം

പാലാ സെൻറ് തോമസ് കോളേജ് ബയോ കെമിസ്ട്രി ഡിപ്പാർട്ട് മെൻറ് വിദ്യാർത്ഥികളും അധ്യാപകരും അഡാർട്ട് സന്ദർശിച്ചു. അഡാർട്ട് പ്രൊജക്റ്റ് കോർഡിനേറ്റർ എൻ എം സെബാസ്റ്റ്യൻ വിദ്യാർത്ഥികൾക്കായി ക്ലാസ് നയിച്ചു.

ഫാ. ജെയിംസ് പൊരുന്നോലിൽ (ഡയറക്ടർ)

ബൈബിൾ അപ്പോസ്തലേറ്റ്

1. ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് 2025 ന്റെ സമ്മാനങ്ങൾ കൊണ്ടുപോകാത്തവർ എത്രയും വേഗം കൈപ്പറ്റണമെന്ന കാര്യം ഓർമിപ്പിക്കുന്നു.

2. പഠനസഹായി

ലോഗോസ് ക്വിസ് 2026 ന്റെ പഠനത്തിനു സഹായകരമായ വിധത്തിൽ തയ്യാറാക്കിയ ലോഗോസ് ക്വിസ് 2026 പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

3. ബൈബിൾ കോഴ്സ്

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ മാർച്ച് മാസത്തിലെ ക്ലാസ് 14-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

നന്ദിയുടെ ഒരു വാക്ക്

ബൈബിൾ അപ്പോസ്തലേറ്റിന്റെ ഡയറക്ടറായിരുന്ന ഫാ. തോമസ് പുതുപ്പറമ്പിൽ സ്ഥലം മാറി പോവുകയുണ്ടായി. അച്ചൻ ബൈബിൾ അപ്പോസ്തലേറ്റിനോടു കാണിച്ച സ്നേഹവും ചെയ്ത ശുശ്രൂഷയും ഒത്തിരി വലുതാണ്. അച്ചന്റെ സ്നേഹത്തിനും കരുതലിനും നന്ദിപറയുന്നതോടൊപ്പം ഇനിയുള്ള പ്രവർത്തനങ്ങൾക്കു പ്രാർത്ഥനകൾ നേരുകയും ചെയ്യുന്നു.

ഓൺലൈൻ ബൈബിൾ കോഴ്സ്

കെ.സി.ബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പഴയ നിയമകൈയെഴുത്തുമത്സരത്തിൽ പങ്കെടുക്കുന്നവർ മാർച്ച് 30 നു മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

വചനമത്സരം - തിരുബാലസഖ്യം കുട്ടികൾക്ക്

തിരുബാലസഖ്യം കുട്ടികൾക്കായി ഏപ്രിൽമാസത്തിൽ വചനം പറയൽ മത്സരം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഫാ. പോൾ കുന്നുംപുറത്ത് (ഡയറക്ടർ)

ഇവാഞ്ചലൈസേഷൻ

1. ഫെബ്രുവരി 1, 2, 3 തീയതികളിൽ ചേറ്റുതോട് ഫാത്തിമമാതാ പള്ളിയിൽ വാർഷികധ്യാനം നടത്തി.

2. ഫെബ്രുവരി 9, 10, 11 തീയതികളിൽ ഇടമറ്റം സെന്റ് മൈക്കിൾസ് പള്ളിയിൽ വാർഷികധ്യാനം നടത്തി.

3. 19-02-2025 ൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചുനടന്ന ഇവാഞ്ചലൈസെഷൻ ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

ഫാ. ജോസഫ് അരിമറ്റത്ത് (ഡയറക്ടർ)

ഫാ. പോൾ കുന്നുംപുറത്ത് (അസി. ഡയറക്ടർ)

കരിസ്മാറ്റിക് വാർത്തകൾ

1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രൂഷ നടത്തപ്പെട്ടു. രാവിലെ 9 മണി മുതൽ 2 മണിവരെ കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2026 ഫെബ്രുവരിമാസത്തിൽ ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ജോൺസൺ ചക്കാലയ്ക്കൽ MCBS, ഫാ. ബെന്നി തറപ്പേൽ CMF എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി ദിവ്യകാരുണ്യ ആരാധന നയിച്ചു.

2. വചനസന്ദേശയാത്ര

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം സുവർണ്ണ ജൂബിലി ഒരുക്കമായി 2026 ഫെബ്രുവരി 1മുതൽ 24 വരെ നെയ്യാറ്റിൻകര രൂപതയിൽനിന്നും ആരംഭിച്ച് കാസർഗോഡ് അവസാനിപ്പിച്ച വചനസന്ദേശയാത്ര ഏഴാം തീയതി പാലാ സോണിൽ നടത്തി. കരിസ്മാറ്റിക് രൂപതാ ഭാരവാഹികൾ രാവിലെ കോട്ടയം സോണിൽ ചെന്ന് സ്വീകരിച്ച സന്ദേശയാത്രയ്ക്കു രാവിലെ 8.30 ന് മാൻവെട്ടം സെന്റ് ജോർജ് ദൈവാലയത്തിലും11 am ന് മൂന്നാനി സെന്റ് പീറ്റേഴ്സ് ദൈവാലയത്തിലും 1.30 pm ന് പെരിങ്ങുളം തിരുഹൃദയദൈവാലയത്തിലും 4.pm ന് നീലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിലും സ്വീകരണം നൽകി. ഈ സന്ദേശയാത്രയോടനുബന്ധിച്ചു വചനസന്ദേശം, ദിവ്യകാരുണ്യ ആരാധനാ വചനവന്ദനം എന്നീ ശുശ്രൂഷകൾ നടത്തി. തുടർന്ന് അന്നേദിവസം വൈകുന്നേരം 6 30 മുതൽ എട്ടാം തീയതി രാവിലെ 6 മണി വരെ രാമപുരം സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ വിശുദ്ധ കുർബാന, സ്തുതി ആരാധന, വചനപ്രഘോഷണം, വചനവന്ദനം, ജെറീക്കോ പ്രാർത്ഥന, ജപമാല, കരുണക്കൊന്ത, കുരിശിന്റെ വഴി, മധ്യസ്ഥപ്രാർത്ഥന എന്നീ ശുശ്രൂഷകളോടുകൂടി രാത്രി ആരാധന നടത്തി. തുടർന്ന് വചനസന്ദേശയാത്ര കാഞ്ഞിരപ്പള്ളി സോണിലേക്കു യാത്രയായി. ഫാ. ജോൺസൺ തുണ്ടിയിൽ (KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി & KCSC കോ. ഓർഡിനേറ്റർ), ശ്രീ ഷാജി വൈക്കത്ത് പറമ്പിൽ (KCSC ജോയിൻ കോ. ഓർഡിനേറ്റർ), ശ്രീ ഫ്രാൻസിസ് പുല്ലൻ (KCSC ട്രഷറർ), ശ്രീമതി ഷൈനി ജെയിൻ (KCSC അംഗം), അജിത്ത് കാഞ്ഞിരപ്പള്ളി (കാഞ്ഞിരപ്പള്ളി YU4C കോ. ഓർഡിനേറ്റർ) എന്നിവരോടൊപ്പം പാലാ സോൺ, സബ്സോൺ അംഗങ്ങളും ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

3. രാത്രി ആരാധന

ഫെബ്രുവരി 28 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മ തീർത്ഥാടനദൈവാലയത്തിൽ വച്ച് രാത്രി ആരാധന നടന്നു ഫാ.ജെയിംസ് തെക്കുംചേരിക്കുന്നേൽ വചനശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത്, സർവീസ് ടീം അംഗങ്ങൾ എന്നീവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

4. ഫെബ്രുവരി 21 ന് പാലാ കിഴതടിയൂർ ദൈവാലയപാരിഷ് ഹാളിൽ വച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു.

5. ഫെബ്രുവരി 4ന് ചേറ്റുതോട് ഫാത്തിമമാതാ ദൈവാലയത്തിലും 14 ശനി ഉരുളികുന്നം സെന്റ് ജോർജ് ദൈവാലയത്തിലും 26 വ്യാഴം പാലാ ളാലം സെന്റ് ജോർജ് പുത്തൻപള്ളിയിലും 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. പാലാ സോൺ, സബ്സോൺ അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

6. പരീക്ഷ ഒരുക്ക ധ്യാനം

21/02/26 ശനി പാലാ ളാലം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് പാലാ കരിമാറ്റിക് സോൺ യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റിന്റെ (YU4C) നേതൃത്വത്തിൽ കുട്ടികൾക്കായി പരീക്ഷ ഒരുക്കധ്യാനം നടത്തി. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത്, ഫാ. തോമസ് ഓലായത്തിൽ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. നൂറോളം കുട്ടികൾ ഈ ശുശ്രൂഷയിൽ പങ്കെടുത്തു.

ഫാ. ജോസഫ് അരിമറ്റത്ത് (ഡയറക്ടർ)

ഫാ. പോൾ കുന്നുംപുറത്ത് (അസിസ്റ്റന്റ് ഡയറക്ടർ)

ജീസസ് ഫ്രട്ടേണിറ്റി

പ്രാർത്ഥനക്കൂട്ടായ്മ

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ഫെബ്രുവരി 4-ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

ബോധവൽക്കരണ ക്ലാസ്

ഫെബ്രുവരി 12,19 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

കൗൺസലിംഗ്

ഫെബ്രുവരി 5, 24 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിംഗ് നടത്തി.

യൂണിറ്റ് സമ്മേളനം

ഫെബ്രുവരി 21ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ് തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

ഫാ. ജെയിംസ് പൊരുന്നോലിൽ (ഡയറക്ടർ)

മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. 2024 മേയ് മാസം മുതൽ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചതിനുശേഷം രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റ റവ. ഫാ. മാത്യു കാടൻകാവിലിനു ഫെബ്രുവരി 7 ന് ഹൃദ്യമായ യാത്രയയപ്പ് നൽകി.

2. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഫെബ്രുവരി 14 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം:

ഫെബ്രുവരി മുതൽ 21 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

4. നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധനഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന പുതിയ തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, 2026 ജൂലൈ 21 ന് ആരംഭിച്ചത് മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ തുടർന്നുകൊണ്ടിരിക്കുന്നു.

5. Adorator Regni Dei : മൗണ്ട് നെബോ ആബാഭവനത്തിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു ദൈവരാജ്യാനുഭവത്തിൽ

വളരുന്നതിനായി ക്രമീകരിച്ചിരിക്കുന്ന Adorator Regni Dei എന്ന വേദിയുടെ ഈ മാസത്തിലെ സെഷനുകൾ ഫെബ്രുവരി 26 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയ ഉപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധ കുർബാന അർപ്പണം, തിരുവചനവിചിന്തനം എന്നിവയാണ് ആത്മീയ അന്വേഷകർക്കായി ഈ വേദിയിൽ ക്രമീകരിച്ചിട്ടുള്ളത്.

6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2026 മാർച്ച് 15 ഞായർ 5 pm - 21 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഏപ്രിൽ 12 ഞായർ 5 pm 18 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിംഗിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

ഫാ. തോമസ് വാഴചാരിക്കൽ (ഡയറക്ടർ)

ദീപിക ഫ്രണ്ട്സ് ക്ലബ്

എക്സിക്യൂട്ടീവ് മീറ്റിങ്

രൂപതാ സമിതിയുടെ വനിത പുരുഷ വിഭാഗം എക്സികുട്ടീവ് മീറ്റിംഗ് 21/2/26 ശനിയാഴ്ച നടത്തി.

മാധ്യമ സർവേ

ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ ഇടവകകളിൽ മാധ്യമ സർവേ നടത്തുക.

കമ്മിറ്റികൾ

എല്ലാ ഇടവകകളിലും ഡി.എഫ്.സി കമ്മിറ്റികൾ സംഘടിപ്പിക്കുക.

മുദ്രാവാക്യം

ഡി.എഫ്.സി മുദ്രാവാക്യം – സമുദായശക്തീകരണം ദീപികയിലൂടെ.

മീറ്റിങ്

17/2/26 ചൊവ്വാഴ്ച ഡി.എഫ്.സി രൂപതാസമിതി ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു.

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

മദ്യ-ലഹരി വിരുദ്ധസമിതി

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

പാലാ രൂപതയിൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഊർജിതമായ മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ തുടരുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെയും സംസ്ഥാനസെക്രട്ടറിയും വക്താവും രൂപതാ പ്രസിഡന്റുമായ പ്രസാദ് കുരുവിളയുടെയും നേതൃത്വത്തിൽ നിരവധിയായ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നു. രൂപതയിലെ മുഴുവൻ പി.റ്റി.എ. പ്രസിഡന്റുമാർ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, ജനപ്രതിനിധികൾ, ഇടവകകളിൽ നിന്നുള്ള 10 പേർ ചേർന്നു സമ്മേളനങ്ങൾ തുടങ്ങി മുന്നേറ്റം നടത്തുന്നു.

ബോധവൽക്കരണം നഴ്സിങ് കോളേജുകളിൽ

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ആതുരശുശ്രൂഷാപരിശീലനം നടത്തുന്ന നേഴ്സിങ് കോളേജുകളിൽ ബോധവൽക്കരണക്ലാസുകൾ ആരംഭിച്ചു. മൂലമറ്റം ബിഷപ് വയലിൽ നഴ്സിംഗ് സ്കൂൾ, കൂത്താട്ടുകുളം ദേവമാതാ സ്കൂൾ ഓഫ് നഴ്സിങ്, മേരി കാതറിൻ സ്കൂൾ ഓഫ് നഴ്സിങ് പ്രവിത്താനം, ഐ.എച്ച്.എം. സ്കൂൾ ഓഫ് നേഴ്സിങ് മേരിഗിരി, മാർ സ്ലീവാ നഴ്സിങ് കോളേജ് ചേർപ്പുങ്കൽ എന്നിവിടങ്ങളിൽ ഫാ. ജേക്കബ് വെള്ളമരുതുങ്കലും പ്രസാദ് കുരുവിളയും ക്ലാസുകൾ നയിച്ചു.

മദ്യ-ലഹരി വിഷയങ്ങളിൽ ശക്തമായ ഇടപെടൽ

മദ്യ-ലഹരി വിഷയങ്ങളിൽ സർക്കാരുമായും, പൊലീസ്-എക്സൈസ്-ഫോറസ്റ്റ്-റവന്യു സംവിധാനങ്ങളുമായി പരാതികളും ചർച്ചകളും നടത്തുന്നു.

ടി.വി. ചാനലുകളിൽ സജീവസാന്നിധ്യം

മദ്യ-ലഹരി വിരുദ്ധ വിഷയങ്ങളിൽ വിവിധ ചാനലുകളുടെ ന്യൂസ് അവറിൽ സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിളയും രൂപത ഡയറക്ടർ ജേക്കബ് വെള്ളമരുതുങ്കലും പങ്കെടുത്തുവരുന്നു.

24 ന്യൂസിൽ

പ്രമുഖ ന്യൂസ് ചാനലായ 24 ന്യൂസിൽ സംസ്ഥാനം നേരിടുന്ന ഗുരുതരവിഷയമായ മദ്യ-ലഹരിക്കെതിരെ 'തമ്മിൽ തമ്മിൽ' പ്രോഗ്രാമിൽ സംസ്ഥാനസെക്രട്ടറിയും രൂപതാ പ്രസിഡന്റുമായ പ്രസാദ് കുരുവിള പങ്കെടുത്തു.

മദ്യനയത്തിനെതിരേ ദേവലോകം അരമനയിൽ

സംസ്ഥാന സർക്കാരിന്റെ ധൃതിപിടിച്ച മദ്യനയത്തിനെതിരേ വിവിധ ക്രൈസ്തവസഭകളുമായി കൂടിയാലോചനകൾ നടത്തുന്നതിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിളയുടെ നേതൃത്വത്തിൽ ഓർത്തഡോക്സ് പരമാധ്യക്ഷനുമായി ദേവലോകം അരമനയിൽ കൂടിക്കാഴ്ച നടത്തി.

മദ്യവിരുദ്ധ ഞായർ മാർച്ച് 8-ന്

കേരള കത്തോലിക്കാ സഭ മദ്യ-ലഹരി വിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 8 ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ ളാലം പുത്തൻപള്ളിയുടെ ആതിഥേയത്വത്തിൽ സി.എം.എൽ. യൂണിറ്റിന്റെ സഹകരണത്തോടെ മദ്യ-ലഹരി വിരുദ്ധ ഞായർ ആചരിക്കും. മാർച്ച് 8 ന് 4 മണിക്ക് ളാലം പുത്തൻപള്ളി ഹാളിൽ സമ്മേളനം നടക്കും.

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും. രൂപതയിലെ മുഴുവൻ ഇടവകകളിലും സഭയുടെ സർക്കുലർ വി. കുർബാന മധ്യേ വായിക്കും.

ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

FEBRUARY 2026		
1	7.45 am	ചെമ്പിളാവ് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
	3.30 pm	ഭരണങ്ങാനം പള്ളിയിൽവച്ച് പുതിയപറമ്പിൽ ജെറിൻ-ഡോണ ദമ്പതികളുടെ മകൾ മറിയത്തിന് പ്രാരംഭകൂദാശകൾ നൽകി.
2	10.00 am	വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ പ്ശീത്താ ചെയർ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.
	2.15 pm	കൊഴുവനാൽ പള്ളിയിൽ ബഹു. ജോർജ് പൂവക്കുളം അച്ചന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
3	11.00 am	കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ചു നടന്ന മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മെത്രാഭിഷേകരജതജൂബിലിയിൽ പങ്കുചേർന്ന് ആശംസകൾ നേർന്നു സംസാരിച്ചു.
4-10		CBCI മീറ്റിംഗ്, ബാംഗ്ലൂർ
11	3.30 pm	അന്തീനാട് ഇടവകയിൽ പള്ളിയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു.
	4.30 pm	ചക്കാമ്പുഴയിൽ സ്നേഹഗിരി സന്ന്യാസസമൂഹം പുതുതായി നിർമ്മിച്ച മഠത്തിന്റെയും ചാപ്പലിന്റെയും വെഞ്ചരിപ്പ് നടത്തി.

12	3.00 pm	മലയിഞ്ചിപ്പാറ പള്ളിയുടെ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധകുർബാന അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു.
13		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
	4.00 pm	ജിയോവാലി ഇടവകയിൽ പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി നിർമ്മിച്ചുനൽകിയ ഒരു ഭവനം വെഞ്ചരിച്ചു.
14	10.30 am	ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ വച്ചു നടന്ന കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു പ്രഭാഷണം നടത്തി.
	5.30 pm	വേഴങ്ങാനം പള്ളിയുടെ പുതുക്കിയ വൈദികമന്ദിരം വെഞ്ചരിച്ചു.
15	7.45 am	കയ്യൂർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
	4.00 pm	വിവിധ സെമിനാരികളിൽനിന്ന് പാലാ രൂപതയിലെ ഇടവകകളിൽ ഞായറാഴ്ച സഹായിക്കാൻ വരുന്ന ശെമ്മാശൻമാരെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു സമ്മാനങ്ങൾ നൽകി.
	6.00 pm	മൂഴൂർ പള്ളിയുടെ നവീകരിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.
16	6.30 am	കത്തീഡ്രൽ പള്ളിയിൽ വിഭൂതിയുടെ തിരുക്കർമ്മങ്ങൾ നിർവഹിച്ചു.
17		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
	11.00 am	പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച അധ്യാപക-അനധ്യാപക യാത്രയയപ്പു സംഗമത്തിൽ സന്ദേശം നൽകി ഉപഹാരങ്ങൾ കൈമാറി.
18		പൂവത്തോട് ഇടവകയിൽ പൊരിയത്ത് ബേബിയുടെ സംസ്കാരശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്കു മുഖ്യകാർമ്മികനായി.

19	5.00 pm	കുറവിലങ്ങാട് ഇടവകയിൽ AKCC നിർമിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തി.
20		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
21	2.30 pm	ചങ്ങനാശ്ശേരിയിൽ മീഡിയ വില്ലേജിൽ വച്ചുനടന്ന ആർച്ചുബിഷപ് ജോസഫ് പവ്വത്തിൽ ഫൗണ്ടേഷന്റെ ഉദ്ഘാടനസംഗമത്തിൽ അനുസ്മരണ പ്രഭാഷണം നടത്തി.
22	4.00 pm	പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് പിതൃവേദിയുടെ രൂപതാതല പ്രവർത്തനവർഷോദ്ഘാടനം നിർവഹിച്ചു.
	5.00 pm	ഇളംതോട്ടം പള്ളിയിൽ വച്ച് വലിയമുറത്താങ്കൽ ഇത്താമ്മ ജോസഫിന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
24		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
26	10.30 am	പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
27		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
	5.30 pm	രാമപുരം പള്ളിയിൽ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന കാർഷികമേളയുടെ ഉദ്ഘാടനം നിർവഹിച്ചു.
28	11.00 am	മണ്ണയ്ക്കനാട് പള്ളിയിൽ വച്ച് എസ്.എം.വൈ.എമ്മിന്റെ രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി.

21.02.2026

ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ വച്ചു നടന്ന ആർച്ചു ബിഷപ് ജോസഫ് പവ്വത്തിൽ ഫൗണ്ടേഷൻ ഉദ്ഘാടനസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അനുസ്മരണ പ്രഭാഷണം നൽകി.

22.02.2026

പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന പിതൃവേദി രൂപതാതല പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

26.02.2026

പാലാ രൂപത
പതിന്നാലാം പ്രസ്ബിറ്ററൽ
കൗൺസിലിന്റെ രണ്ടാമത്തെ
സമ്മേളനം അൽഫോൻസിയൻ
പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൽ വച്ചു
നടന്നു

26.02.2026

ചൂണ്ടച്ചേരി **SJCET** യിൽ
പുതുതായി നിർമ്മിച്ച
ഐഡിയ ലാബിന്റെയും
ഇൻകുബേഷൻ സെന്ററിന്റെയും
ഉദ്ഘാടനം അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
നിർവഹിച്ചു

27.02.2026

2026 ലെ
കുടുംബക്കൂട്ടായ്മ
പ്രവർത്തന മാർഗരേഖ പ്രകാശനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് നിർവഹിച്ചു

28.02.2026

SMYM രൂപതാതല
പ്രവർത്തനവർഷ ഉദ്ഘാടനം
മണ്ണയ്ക്കനാട് പള്ളിയിൽ വച്ച്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് നിർവഹിച്ചു

സ്നേഹസ്മരണയ്ക്ക്

സി. ഠാസ് മരിയ FCC
തെക്കയിൽ (87)

ഇടവക : ജിയോവാലി
ജനനം : 20.03.1938
നിത്യവ്രതം : 21. 05.1965
മരണം : 10.02.2026
മൃതസംസ്കാരം : അരുണാപുരം

സേവനമണ്ഡലങ്ങൾ:
കണ്ണാടിയുറുമ്പ് പാളയം
പുഞ്ഞാർ തെക്കേക്കര, മണിയംകുന്ന്
പച്ചിക്കൽ, പ്രൊവിൻഷ്യൽ ഹൗസ്
സാന്ത്വോം മുത്തോലി, മംഗളാരാം
സെറാഫിക് പുലിയന്നൂർ

സി. ജസ്റ്റിൻ CMC
മാടപ്പാട്ട് (97)

ഇടവക : രാമപുരം
ജനനം : 03.08.1928
നിത്യവ്രതം : 29.05.1957
മരണം : 02.02.2026
മൃതസംസ്കാരം : രാമപുരം

സേവനമണ്ഡലങ്ങൾ:
മുട്ടുചിറ, പിറവം
വിളക്കുമാടം
നീറന്താനം, രാമപുരം

സി. അക്വിലീന CMC
ചവറനാനിക്കൽ (87)

ഇടവക : അന്ത്യാളം
ജനനം : 27.05.1938
നിത്യവ്രതം : 28.05.1962
മരണം : 22.02.2026
മൃതസംസ്കാരം : കുറവിലങ്ങാട്

സേവനമണ്ഡലങ്ങൾ:
പ്രവിത്താനം, കരൂർ, മണ്ണാറപ്പാറ
അയ്യമ്പാറ, തിരുമാറാടി, മുട്ടുചിറ
പിറവം, ഇലഞ്ഞി,
കുറവിലങ്ങാട്

സി. ജോസി കുന്നേൽ FCC
കുന്നേൽ (88)

ഇടവക : അരുവിത്തുറ
ജനനം : 26.09.1938
നിത്യവ്രതം : 29.05.1972
മരണം : 29.01.2026
മൃതസംസ്കാരം : ഭരണങ്ങാനം

സേവനമണ്ഡലങ്ങൾ:
മണിയംകുന്ന്, പെരിങ്ങുളം
ഭരണങ്ങാനം
പുഞ്ഞാർ, കല്ലൂർകുളം
തീക്കോയി, അമ്പാറനിരപ്പേൽ
തിടനാട്, കുട്ടിക്കൽ
ചെമ്മലമറ്റം, കാക്കോളി

സി. സെലസ് കിഴക്കയിൽ SABS
കിഴക്കയിൽ (84)

ഇടവക : കാഞ്ഞിരമറ്റം
ജനനം : 28.02.1942
നിത്യവ്രതം : 26.5.1963
മരണം : 21.02.2026
മൃതസംസ്കാരം : കടനാട്

സേവനമണ്ഡലങ്ങൾ:
നെല്ലിയാനി, കാഞ്ഞിരമറ്റം
വടകര, സേവ്യർപുരം
കാഞ്ഞിരത്താനം, അരുവിത്തുറ
കുന്നോന്നി, ഉള്ളനാട്, കടനാട്
മരങ്ങോലി, കൂടല്ലൂർ, മുത്തോലപുരം
ചിങ്കല്ലേൽ

സി. ബെറ്റ്സി വരിക്കൽ SABS
വരിക്കൽ (84)

ഇടവക : അറുന്നൂറ്റിമംഗലം
ജനനം : 19.06.1944
നിത്യവ്രതം : 22.04.1972
മരണം : 25.02.2026
മൃതസംസ്കാരം : ചിങ്കല്ലേൽ

സേവനമണ്ഡലങ്ങൾ:
കാഞ്ഞിരമറ്റം, നെല്ലിയാനി,
നസ്രത്ത് ഹിൽ, ക്രൈസ്റ്റ് ഹാൾ, മുട്ടം,
കൂത്താട്ടുകുളം, ഉജ്ജയിൻ, സെന്റക്കിൽ
കടനാട്, മുട്ടുചിറ, ബാംഗ്ലൂർ, ഉരുളികുന്നം
കൂടല്ലൂർ, ചെത്തിമറ്റം, പൂവക്കുളം
വടകര, പൈക, മുട്ടുചിറ
കുര്യനാട്, ചിങ്കല്ലേൽ

ഹോം പാലാ

അന്തീനാട്

11.02.2026

13.02.2026

പാലാ കോർപ്പറേറ്റ്
ജിയോവാലി

19.02.2026

AKCC
കുറ്റവിലങ്ങാട്

26.02.2026

മാൻവെട്ടം

2026
MARCH

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു" (അപ്പ. പ്രവ. 4:32).

സീറോമലബാർ സമുദായ ശക്തീകരണവർഷം 2026

പാലാ രൂപത സമുദായ ശക്തീകരണസമ്മേളനങ്ങൾ

മാർച്ച് 8 മുതൽ 28 വരെ

20 ഫൊറോനകളുടെ നേതൃത്വത്തിൽ 6 കേന്ദ്രങ്ങളിൽ

1. **മാർച്ച് 8 ഞായർ അരുവിത്തുറ**
   അരുവിത്തുറ, പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി
2. **മാർച്ച് 15 ഞായർ കടുത്തുരുത്തി**
   കടുത്തുരുത്തി, മുട്ടുചിറ, കോതനല്ലൂർ
3. **മാർച്ച് 20 വെള്ളി രാമപുരം**
   രാമപുരം, ഇലഞ്ഞി, കൂത്താട്ടുകുളം
4. **മാർച്ച് 21 ശനി കുറവിലങ്ങാട്**
   കുറവിലങ്ങാട്
5. **മാർച്ച് 22 ഞായർ തുടങ്ങനാട്**
   കടനാട്, മൂലമറ്റം, തുടങ്ങനാട്
6. **മാർച്ച് 28 ശനി പാലാ കത്തീഡ്രൽ**
   കത്തീഡ്രൽ, ഭരണങ്ങാനം, ചേർപ്പുങ്കൽ, കടപ്ലാമറ്റം, കൊഴുവനാൽ, പ്രവിത്താനം

വിശുദ്ധ കുർബാനയും പൊതുസമ്മേളനവും
ഉച്ചകഴിഞ്ഞു 3.00 മുതൽ 5.30 വരെ

ഒരു ഗണമായി നവജനമായി

Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil